പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത് രാജ്

പുസ്തകം 57 ലക്കം 8 നവംബർ 2017

## എത്താം 70% പുതുവർഷ പുലരിയോടൊപ്പം

## പദ്ധതി നിർവ്വഹണത്തിൽ ചരിത്രം സൃഷ്ടിക്കാനൊരുങ്ങി കേരളം

ഡോ.കെ.ടി.ജലീൽ

എത്തിക്കാം 70% ഡിസംബറണയും മുമ്പ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജി.എസ്.ടി–യും

ലൈഫ് – ഒന്നാം ഘട്ടം 58634 വീടുകൾ

എഞ്ചിനീയർമാർ ശ്രദ്ധിക്കാൻ

# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

നവംബർ 2017

## അകത്ത്

പദ്ധതി നിർവ്വഹണത്തിൽ ചരിത്രം സൃഷ്ടിക്കാനൊരുങ്ങി കേരളം
ഡോ.കെ.ടി.ജലീൽ 5

എത്തിക്കാം 70% ഡിസംബറണയും മുമ്പ്
പി.മേരിക്കുട്ടി ഐ.എ.എസ് 8

എഞ്ചിനീയർമാർ ശ്രദ്ധിക്കാൻ
പി.ആർ. സജികുമാർ 12

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ജി.എസ്.ടി-യും 14

ലൈഫ് - ഒന്നാം ഘട്ടം 58634 വീടുകൾ 16

കോട്ടയം ജനസൗഹൃദം
എസ്.ജോസ്നമോൾ 18

ഇ ഗവേണൻസ് രംഗത്ത് ഒരു ചുവടുവയ്പ്പ് കൂടി 21

ഉണരുന്ന സമൂഹം- തെളിയുന്ന വിദ്യാലയങ്ങൾ
ഡോ.സി.രാമകൃഷ്ണൻ 23

ഖാദി ഗ്രാമവ്യവസായവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും
എം.വി.ബാലകൃഷ്ണൻ മാസ്റ്റർ 27

കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങൾക്ക് ശക്തിപകർന്ന ആദ്യകാലനോവലുകൾ
ജെസി നാരായണൻ 32

നിളാതീരത്തെ വൈജ്ഞാനിക പെരുമ
ടി.വി.അബ്ദുറഹിമാൻകുട്ടി 36


### പംക്തികൾ


കില ന്യൂസ് 30
വാർത്തകൾ വിശേഷങ്ങൾ 35
ഭൂതക്കണ്ണാടി 39
എന്ന് വായനക്കാർ... 42
കണ്ണും കാതും 42

നവംബർ 2017
പുസ്തകം 57 ലക്കം 8
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ഡോ. കെ. അമ്പാടി ഐ.ഐ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി.മേരിക്കുട്ടി ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# ഉണരുക പുത്തൻ ഉദയമായ്

നേട്ടങ്ങൾ കണക്കുകളിലും പട്ടികകളിലും മരവിച്ചുകിടക്കുന്ന അക്കങ്ങളല്ല, ഉയർച്ചയിലേക്ക് കുതിക്കുന്ന യാഥാർത്ഥ്യങ്ങളാണെന്ന് പഞ്ചായത്തുവകുപ്പിലെ കഴിഞ്ഞ ഒന്നരവർഷക്കാലത്തെ അനുഭവചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു. പഞ്ചായത്ത് കോമൺസർവീസും വകുപ്പും തമ്മിൽ സംയോജനം നടത്തിയതിനുശേഷം വർഷങ്ങളായി നിലനിന്നിരുന്ന ജീവനക്കാരുടെ സീനിയോറിറ്റി തർക്കം സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിരിക്കുകയാണ്. 01.01.90 മുതലുള്ള എല്ലാ തസ്തികയിലെയും പുതിയ സീനിയോറിറ്റി ലിസ്റ്റുകളാണ് കുറ്റമറ്റ രീതിയിൽ പുതുക്കി തയ്യാറാക്കിയിരിക്കുന്നത്. അതിനെ തുടർന്ന് പഞ്ചായത്ത് വകുപ്പിൽ കഴിഞ്ഞ 5 വർഷങ്ങളായി മുടങ്ങിക്കിടന്ന ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി വിളിച്ചുചേർക്കാനുള്ള സർക്കാരിന്റെ തീരുമാനം വകുപ്പിന് പുത്തനുർജ്ജം പകർന്നുവെന്ന് നിസ്സംശയം പറയാം.

പൊതുജനങ്ങൾ ഏറ്റവുമധികം ബന്ധപ്പെടുകയും ആശ്രയിക്കുകയും ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന വകുപ്പെന്ന നിലയ്ക്ക് പഞ്ചായത്ത് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ തുടക്കം മുതൽ തന്നെ പുതിയ സർക്കാർ കൈക്കൊണ്ടിരുന്നു. ഈ സർക്കാർ അധികാരത്തിലെത്തുന്നതിനു മുമ്പ് ഒന്നരവർഷക്കാലമായി മുടങ്ങിക്കിടന്നിരുന്ന ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ സുപ്രധാന തസ്തികയായ സെക്രട്ടറി തസ്തികയിലും മറ്റു സൂപ്പർവൈസറി - ക്ലറിക്കൽ തസ്തികകളിലും ഉദ്യോഗക്കയറ്റം നല്കി ഒഴിഞ്ഞുകിടന്നിരുന്ന സ്ഥാനങ്ങൾ നികത്തി. ഈ പ്രവർത്തനങ്ങൾക്കെല്ലാം വകുപ്പു മന്ത്രിയുടെയും പ്രിൻസിപ്പൾ സെക്രട്ടറിയുടെയും മാർഗ്ഗനിർദ്ദേശങ്ങൾ വെളിച്ചമായി. പഞ്ചായത്തുകളിൽനിന്ന് ആവർത്തിച്ചുകേട്ടിരുന്ന 'ജോലിഭാര'മെന്ന പരിദേവനത്തിന് പരിഹാരമുണ്ടാക്കിയെന്നതാണ് ഈ പ്രവർത്തനങ്ങളുടെ മുഖ്യഫലം.

സെക്രട്ടറി മുതൽ സീനിയർ ക്ലർക്കുവരെ 2595 പ്രൊമോഷനുകൾ ഇതിനകം നടന്നുകഴിഞ്ഞു. സീനിയർ സൂപ്രണ്ട് മുതൽ ഓഫീസ് അറ്റൻഡന്റ് വരെ 448 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ആയിരത്തിലധികം പുതിയ നിയമനങ്ങൾ നടന്നു. ദിവസവേതന ജീവനക്കാരുടെയും ഓണറേറിയം ജീവനക്കാരുടെയും വേതനം ഗണ്യമായി വർദ്ധിപ്പിച്ചു. ഇതെല്ലാം വകുപ്പിന് പകർന്ന നവോന്മേഷം അവാച്യമാണ്.

ഭൗതികസാഹചര്യങ്ങളെല്ലാം അനുകൂലമായിട്ടുള്ള ഈ അവസ്ഥയിൽ ജോലി ചെയ്യുന്ന സ്ഥാപനത്തോടുള്ള ആത്മാർത്ഥത ഒരിക്കൽക്കൂടി അരക്കിട്ടുറപ്പിക്കണം നമ്മൾ. ഈ ഡിസംബർ അവസാനത്തോടുകൂടി പദ്ധതി ചെലവ് 70% ആക്കാൻ നമ്മൾ വിചാരിച്ചാൽ പറ്റും. അതിനുള്ള ധാർമ്മികചുമതല ഭരണസമിതിയും ജീവനക്കാരും ഐക്യപ്പെട്ട് ഏറ്റെടുക്കണം. അസാധ്യമായി ഒന്നുമില്ല എന്നതാകട്ടെ നമ്മുടെ പ്രവർത്തന വാക്യം.

**പി. മേരിക്കുട്ടി ഐ.എ.എസ്**

**മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ**
**മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ**
**- വള്ളത്തോൾ**

# പദ്ധതി നിർവ്വഹണത്തിൽ ചരിത്രം സൃഷ്ടിക്കാനൊരുങ്ങി കേരളം

**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

വികസന പദ്ധതികളുടെ നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കി ഒരിക്കൽ കൂടി രാജ്യത്തിന് മാതൃകയാകാനുള്ള തയ്യാറെടുപ്പിലാണ് കേരളമിപ്പോൾ. ഒക്ടോബർ മാസം അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ പദ്ധതി പുരോഗതി റിപ്പോർട്ട് നൽകുന്ന നല്ല സൂചനകൾ പ്രതീക്ഷാവഹമാണ്. ഈ മികവ് നിലനിർത്താനും ഫലപ്രാപ്തിയിൽ എത്തിക്കാനും ഇനിയുള്ള മാസങ്ങളിൽ കഠിനാധ്വാനം ചെയ്യേണ്ടി വരും. വിവിധ സർക്കാർ വകുപ്പുകൾക്കൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളും അതിനുള്ള ഒരുക്കത്തിലാണ്.

സംസ്ഥാന സർക്കാരിന്റെ വാർഷിക വികസന പദ്ധതിയിലെ പ്രധാനപ്പെട്ട ഇനമാണല്ലോ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ.ലക്ഷ്യങ്ങളിലും ഗുണനിലവാരത്തിലും വിട്ടുവീഴ്ച ചെയ്യാതെ സമയക്ലിപ്തതയോടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായകമായ പുതിയൊരു വികസന സംസ്കാരത്തിലേക്ക് കേരളം മാറുകയാണ്. ഈ മാറ്റത്തിന്റെ വക്താക്കളും നേതാക്കളുമായി മാറാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

പദ്ധതികളുടെ ഭരണാനുമതി സമയബന്ധിതമായി പൂർത്തീകരിച്ചു കൊണ്ടാണ് നിർവ്വഹണം വേഗത്തിലാക്കാൻ സർക്കാർ നടപടി കൈക്കൊണ്ടത്. വികസന പദ്ധതികൾ ഇഴഞ്ഞു നീങ്ങുന്ന സ്ഥിതിക്ക് അവസാനം കുറിച്ചുവെന്നു തന്നെ നമുക്ക് പ്രതീക്ഷിക്കാം. ഭിന്നതകൾ മാറ്റി വച്ച് വികസനത്തിനു വേണ്ടി ഒരുമിച്ച് നിൽക്കുകയെന്ന വെല്ലുവിളിയാണ് നമുക്കു മുന്നിലുള്ളത്. മുൻ സർക്കാരുകൾ തുടങ്ങിവച്ച വികസന പദ്ധതികൾ അന്നത്തേതിലും താല്പര്യത്തോടെയാണ് ഈ സർക്കാർ മുന്നോട്ടു കൊണ്ടുപോകുന്നത്. ജനങ്ങൾ പ്രതീക്ഷയി ലാണ്. ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടണമെന്ന് അവർ തീവ്രമായി ആഗ്രഹിക്കുന്നു. വികസന പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്നതും തൊടുന്യായങ്ങൾ പറഞ്ഞ് മുടക്കുന്നതും അവരിൽ അമർഷവും നിരാശയുമുണ്ടാക്കും. വ്യക്തിപരമായ ചെറിയ നഷ്ടങ്ങളേക്കാൾ, പൊതുവായ വികസനത്തിന്റെ വലിയ നേട്ടങ്ങളെക്കുറിച്ച് ചിന്തിക്കുന്ന രീതിയിലേക്കുള്ള സംസ്ഥാനത്തിന്റെ മാറ്റത്തിനാണ് സർക്കാർ ചുക്കാൻ പിടിക്കുന്നത്. വികസനം സർക്കാർ കാര്യം മാത്രമാണെന്ന തെറ്റായ ധാരണ ഒരു വിഭാഗത്തിനിടയിൽ വേരോടിയിട്ടുണ്ട്.

സർക്കാരിന്റെ നേതൃത്വപരമായ പങ്ക് പൂർണമായ അർത്ഥത്തിൽ ഫലപ്രാപ്തിയിൽ എത്തുന്നത് വികസനം ജനങ്ങളുടെ കാര്യമായി മനസ്സിലാക്കപ്പെടുമ്പോൾ മാത്രമാണ്.

ഈ ഘട്ടത്തിൽ കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ പങ്ക് വളരെ പ്രാധാന്യമു

സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വികസനം എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടു പോവുന്നത്. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്താൽ നല്ല വേഗതയിലാണ് സംസ്ഥാനത്തിന്റെ ഈ വർഷത്തെ പദ്ധതി നിർവഹണം പുരോഗമിക്കുന്നത്. മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കിയാലും കേരളത്തിന്റേത് മികച്ച പുരോഗതി റിപ്പോർട്ടാണ്.

> പോയവർഷങ്ങളെ അപേക്ഷിച്ച് മികച്ച പ്രകടനം നടത്തുക എന്നതല്ല, നൂറു ശതമാനം നേട്ടം സമയബന്ധിതമായി കൈവരിക്കുക എന്നതാവണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വയം നിശ്ചയിക്കേണ്ട ലക്ഷ്യം. നവംബർ-ഡിസംബർ മാസങ്ങളിൽ തികഞ്ഞ അർപ്പണബോധത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ, ബഹുമാന്യനായ മുഖ്യമന്ത്രി നിർദ്ദേശിച്ച സമയരേഖ പാലിക്കാൻ കഴിയൂ.

ള്ളതാണ്. ഒറ്റയ്ക്കൊറ്റയ്ക്ക് എടുത്താൽ ചെറുതെന്നു തോന്നാവുന്ന പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെയും നഗരസഭകളുടെയും വ്യത്യസ്തങ്ങളായ വികസന പദ്ധതികൾ സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ മൊത്തത്തിലെടുത്താൽ ബൃഹത് പദ്ധതികളെക്കാൾ ബൃഹത്തായവയാണെന്ന് പറയേണ്ടി വരും. കൃത്യമായ ആസൂത്രണവും സമയബന്ധിതമായ നിർവ്വഹണവും യാഥാർത്ഥ്യമാക്കിക്കൊണ്ടേ, വികസന ലക്ഷ്യങ്ങൾക്കു വേണ്ടി ജനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിയൂ.

ക്രിയാത്മകവും യാഥാർത്ഥ്യബോധത്തോടെയുള്ളതുമായ ഒരു വികസന സംസ്കാരത്തിലേക്ക് കേരളത്തെ നയിക്കുന്നതിൽ ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകടിപ്പിക്കുന്ന സ്ഥൈര്യവും നിശ്ചയദാർഢ്യവും സഹപ്രവർത്തകർക്കും നാട്ടിൽ വികസനം നടന്നു കാണാൻ ആഗ്രഹിക്കുന്ന ജനങ്ങൾക്കും ഒരു പോലെ പ്രചോദനം പകരുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പദ്ധതികളായാലും സംസ്ഥാന പദ്ധതികളായാലും തികഞ്ഞ ആസൂത്രണത്തോടെ, കൃത്യമായ സമയരേഖയുടെ അടിസ്ഥാനത്തിൽ അതിന്റെ നടത്തിപ്പിൽ ഇടപെടുക എന്നതാണ് സർക്കാർ സ്വീകരിച്ചു വരുന്ന രീതി. സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വികസനം എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടു പോവുന്നത്. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്താൽ നല്ല വേഗതയിലാണ് സംസ്ഥാനത്തിന്റെ ഈ വർഷത്തെ പദ്ധതി നിർവഹണം പുരോഗമിക്കുന്നത്. മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കിയാലും കേരളത്തിന്റേത് മികച്ച പുരോഗതി റിപ്പോർട്ടാണ്.

സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലായി നിർവഹണം നടത്തുന്ന നമ്മുടെ ശീലം അവസാനിപ്പിക്കുന്നതിനുള്ള സാഹചര്യം ഇന്ന് നിലവിലുണ്ട്. മന്ത്രിസഭയുടെ തലവനായ മുഖ്യമന്ത്രി തന്നെ നിശ്ചിത ഇടവേളകളിൽ പദ്ധതി വിശദമായി റിവ്യൂ ചെയ്ത് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

34,538 കോടിയുടേതാണ് 2017-18 ലെ കേരളത്തിന്റെ വാർഷിക പദ്ധതി. ഇതിൽ 20,272 കോടി രൂപയാണ് സംസ്ഥാന സർക്കാരിന്റെ വിഹിതം. 8039 കോടി രൂപയുടെ കേന്ദ്ര വിഹിതം കൂടി മാറ്റിയാൽ 6,227 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതമാണ്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി ലക്ഷ്യങ്ങൾ നേടുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് എത്ര വലുതാണെന്ന് ഈ കണക്ക് വ്യക്തമാക്കുന്നുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന മുതലായ ബൃഹത് പദ്ധതികളുടെയും നിരവധി സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും നിർവ്വഹണ ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾ ക്കാണ് എന്നതുകൂടി ഇതിനോട് ചേർത്തു പറയണം. അങ്ങനെ നോക്കിയാൽ, തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവഴിക്കേണ്ട തുകയുടെ കണക്ക് ഇനിയും വലുതാകും.

കേരളത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി, നല്ലൊരളവു വരെ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രകടനത്തെ ആശ്രയിച്ചിരിക്കുന്നു എന്നു പറയാം. പോയ വർഷത്തേതിന്റെ ഇരട്ടി കണ്ട് വേഗതയിൽ ഈ വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ നീങ്ങുന്നുവെന്നത് ആവേശകരമാണ്. ഈ ആവേഗവും മുൻതൂക്കവും വരും മാസങ്ങളിലും നിലനിർത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. വലിയ തുക ചെലവഴിക്കുന്ന പൊതുമരാമത്ത് അടക്കമുള്ള വകുപ്പുകളുടെ പദ്ധതി നിർവ്വഹണം പരമാവധി വേഗത്തിലാക്കുന്നതിൽ പ്രത്യേക ജാഗ്രതയാണ് സംസ്ഥാന സർക്കാർ കാണിക്കുന്നത്.

ഗ്രാമീണ പശ്ചാത്തല സൗകര്യ വികസനത്തിനുള്ള പദ്ധതികളുടെ കാര്യത്തിലും ചടുലമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്.

*വയനാട് ജില്ലയിലെ പദ്ധതി നിർവഹണപുരോഗതി അവലോകന യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ സംസാരിക്കുന്നു.*

ഡിസംബർ മാസം അവസാനത്തോടെ പദ്ധതി തുകയുടെ 67 ശതമാനം ചെലവഴിച്ചിരിക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചിട്ടുണ്ട്. അവസാനത്തെ മൂന്നു മാസത്തേക്ക് പരമാവധി 33 ശതമാനം തുകയേ ബാക്കി നിർത്താവൂ.

സംസ്ഥാന ഭരണത്തിന്റെ ഈ ഉണർവിന് ഒപ്പം സഞ്ചരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കഴിയണം. പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ ഈ ലക്ഷ്യത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധവയ്ക്കണം. പോയവർഷങ്ങളെ അപേക്ഷിച്ച് മികച്ച പ്രകടനം നടത്തുക എന്നതല്ല, നൂറു ശതമാനം നേട്ടം സമയബന്ധിതമായി കൈവരിക്കുക എന്നതാവണം തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വയം നിശ്ചയിക്കേണ്ട ലക്ഷ്യം. നവംബർ-ഡിസംബർ മാസങ്ങളിൽ തികഞ്ഞ അർപ്പണ ബോധത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ, മുഖ്യമന്ത്രി നിർദ്ദേശിച്ച സമയരേഖ പാലിക്കാൻ കഴിയൂ.

അസാധ്യമെന്നു കരുതിയിരുന്ന ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കിക്കൊണ്ടാണ് ഈ സർക്കാരും തദ്ദേശഭരണ വകുപ്പും മുന്നോട്ടു പോകുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വർഷത്തെ പദ്ധതി രൂപീകരണം പൂർത്തീകരിച്ചത് അസാധ്യമെന്നു കരുതിയിരുന്ന വേഗത്തിലാണ്. അതുപോലെ ഇതും സാധ്യമാണ്. നവംബർ ആദ്യവാരത്തിലെ കണക്കുകൾ വച്ച് പറഞ്ഞാൽ, മുപ്പതു ശതമാനത്തിന് അടുത്തു മാത്രമാണ് ഇതുവരെയുള്ള പദ്ധതി ചെലവ്. നഗരസഭകളുടെ പ്രകടനം വേറിട്ടെടുത്താൽ, ഈ ശരാശരിയേക്കാൾ താഴെയാണ്. ജില്ലാ പഞ്ചായത്തുകൾക്കാവട്ടെ, മൊത്തം തുകയുടെ 16 ശതമാനത്തിൽ താഴെ മാത്രമാണ് ഈ തീയതിക്കകം ചെലവഴിക്കാൻ കഴിഞ്ഞത്. ജില്ലകളുടെ പ്രകടനം നോക്കിയാലും, ഇതു പോലുള്ള ഏറ്റക്കുറച്ചിൽ കാണാം.

മുൻ വർഷങ്ങളെ, വിശേഷിച്ച് യുഡിഎഫ് ഭരണകാലത്തെ, അപേക്ഷിച്ച് ഈ കണക്കുകൾ മികച്ചതാണ്. എന്നാൽ അതു കൊണ്ടായില്ല. മൊത്തം തുകയുടെ മൂന്നിൽ രണ്ടും ഡിസംബർ മാസത്തോടെ ചെലവഴിക്കണം. എങ്കിൽ മാത്രമേ പദ്ധതി വർഷത്തിന്റെ അവസാന മാസങ്ങളിലെ കൂട്ടപ്പൊരിച്ചിൽ ഒഴിവാക്കി നിർവ്വഹണം സുഗമമാക്കാൻ കഴിയൂ.

സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫിന്റെ ഗുണഭോക്തൃ ലിസ്റ്റുകൾ അംഗീകരിക്കുന്നതിനുള്ള ഗ്രാമസഭകൾ നടന്നുകൊണ്ടിരിക്കുകയാണ്. പദ്ധതി വർഷത്തിന്റെ അവസാന മൂന്നു മാസങ്ങളിൽ ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സഹായം എത്തിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമായി വരും. അതിനു മുൻപായി മറ്റു പദ്ധതികൾ കഴിവതും പൂർത്തീകരിക്കുന്ന രീതിയിൽ വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ ഇനി വരുന്ന ആഴ്ചകളിലെ നിർവഹണ സമയരേഖ ക്രമീകരിക്കാൻ.

പ്രധാനമന്ത്രി ആവാസ് യോജനയിൽ സംസ്ഥാനത്തിന് ഈ വർഷത്തേക്ക് അനുവദിച്ചിരുന്ന ലക്ഷ്യം കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ച സാഹചര്യത്തിൽ ലൈഫിനൊപ്പം ഈ ഗുണഭോക്താക്കൾക്കു കൂടി സഹായമെത്തിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധ വയ്ക്കേണ്ടി വരും.

ഈ ലക്ഷ്യത്തോടെ തദ്ദേശഭരണ സമിതികളും ജീവനക്കാരും സർക്കാർ സംവിധാനത്തിന് അകത്തും പുറത്തുമുള്ള വികസന പ്രവർത്തകരും യോജിച്ച് രംഗത്തിറങ്ങുമെന്ന് പ്രതീക്ഷിക്കാം.

പദ്ധതി വർഷത്തിന്റെ അവസാന മൂന്നു മാസങ്ങളിൽ ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സഹായം എത്തിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമായി വരും. അതിനു മുൻപായി മറ്റു പദ്ധതികൾ കഴിവതും പൂർത്തീകരിക്കുന്ന രീതിയിൽ വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ ഇനി വരുന്ന ആഴ്ചകളിലെ നിർവഹണ സമയരേഖ ക്രമീകരിക്കാൻ.

# പദ്ധതി ചെലവ്

# എത്തിക്കാം 70% ഡിസംബറണയും മുമ്പ്

**പി.മേരിക്കുട്ടി ഐ.എ.എസ്**
പഞ്ചായത്ത് ഡയറക്ടർ

2018 മാർച്ച് മാസം പതിനഞ്ച് ശതമാനം ചെലവ് നടത്തുന്നതിന് മാത്രമേ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുള്ളു എന്ന നിർദ്ദേശം നാം എപ്പോഴും ഓർക്കേണ്ടതാണ്. അതുകൊണ്ട് 2017 ഡിസംബർ 31 നകം എഴുപത് ശതമാനം ചെലവ് പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ നിതാന്തജാഗ്രത പുലർത്തണം.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രഥമ വാർഷിക പദ്ധതിയായ 2017-18 ന്റെ ആദ്യ രണ്ടു പാദങ്ങൾ കടന്ന് മൂന്നാം പാദത്തിലൂടെയാണ് നാമിപ്പോൾ സഞ്ചരിക്കുന്നത്. അധികാരവികേന്ദ്രീകരണം നടപ്പിലാക്കി രണ്ടു ദശാബ്ദങ്ങൾ പിന്നിടുമ്പോൾ നാല് പഞ്ചവത്സര പദ്ധതികളിലൂടെ നാം കടന്നുപോയി. കഴിഞ്ഞ നാല് പദ്ധതികളുടെയും അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് പദ്ധതിപ്രവർത്തനങ്ങളിൽ നിലനിന്നിരുന്ന ന്യൂനതകൾ പൂർണ്ണമായും പരിഹരിക്കുന്ന തരത്തിൽ സവിശേഷമായ ഒരു പ്രവർത്തന പദ്ധതിയാണ് 13-ാം പദ്ധതിയിൽ സർക്കാർ വിഭാവനം ചെയ്തത്.

മുൻവർഷങ്ങളിൽ ഒരു സാമ്പത്തിക വർഷത്തിലെ ഒമ്പത് മാസം ആസൂത്രണത്തിനും മൂന്ന് മാസം നിർവ്വഹണത്തിനും എന്നതായിരുന്നു പിന്തുടർന്നു വന്ന അലിഖിതരീതി. അതുകൊണ്ട് തന്നെ പദ്ധതിനടത്തിപ്പിൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിരുന്നില്ല. എഴുപത് ശതമാനത്തോളം മാർച്ച് മാസത്തിൽ ചെലവ് നടത്തുന്ന പ്രവണത അപ്പാടെ തിരുത്തിക്കുറിച്ചുകൊണ്ടാണ് മൂന്ന് മാസം ആസൂത്രണത്തിനും ഒമ്പത് മാസം നിർവ്വഹണത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ സർക്കാർ ചിട്ടപ്പെടുത്തിയത്. അതിന്റെ ഫലമായി ചരിത്രത്തിലാദ്യമായി 2017 ജൂൺ 15നകം സ്ഥാപനങ്ങൾ വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും രണ്ടേ രണ്ട് സ്ഥാപനങ്ങളൊഴികെ 1198 സ്ഥാപനങ്ങളും അംഗീകാരം നേടുകയും ചെയ്തു. ഇത് ഏവർക്കും അഭിമാനിക്കാവുന്ന നേട്ടമായി. ഈ നേട്ടം കൈവരിക്കുന്നതിന് പ്രകടിപ്പിച്ച ഉത്സാഹവും കർമ്മസന്നദ്ധതയും സ്ഥിരമായി നിലനിർത്തിയാൽ മാത്രമേ നിർവ്വഹണ രംഗത്തും അത് ആവർത്തിക്കാൻ കഴിയൂ. അതിന്റെ ഭാഗമായി, നിർവ്വഹണത്തിന് തടസ്സം നിന്ന ഘടകങ്ങൾ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിലൂടെ മാറ്റിത്തീർക്കുവാൻ കഴിഞ്ഞു.

ജി.എസ്.റ്റി നിലവിൽ വന്നതിനെ തുടർന്നുണ്ടായ ആശയക്കുഴപ്പം പദ്ധതിപ്രവർത്തനങ്ങൾക്ക് ചെറിയ തോതിലെങ്കിലും മന്ദത വരുത്താൻ ഇടയാക്കി. ഗുണഭോക്തൃ സമിതികൾ മുഖേന പ്രവൃത്തികൾ നടത്തുന്നതിന്റെ പരിധി വർദ്ധിപ്പിച്ചുകൊണ്ടും ജി.എസ്.റ്റി നടപ്പാക്കുന്നതുമായി ബന്ധ

**പദ്ധതി ചെലവ് സ്ഥാപനതലത്തിൽ (2017 ഒക്ടോബർ 31 വരെ)**



പ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയും അത് പരിഹരിച്ചുകഴിഞ്ഞിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ജി.എസ്.റ്റി നിബന്ധനകൾ വ്യക്തമാക്കി കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തിക ളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പ്രവൃത്തികളുടെ അടങ്കൽ തുക 15 ലക്ഷമായി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവും നിലവിൽ വന്നു.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ജനകീയാസൂത്രണ പ്രവർത്തനങ്ങ ളുടെ ഏകോപനത്തിന് പ്രതിമാസം 5000 രൂപ ഓണറേറിയം വ്യവസ്ഥയിൽ ഒരു സന്നദ്ധപ്രവർത്തകനെ നിയമിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയത് ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടും. പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനങ്ങളുടെ പരാതി പരിശോധിച്ച് ജില്ലാ ആസൂത്രണസമിതിക്ക് ശുപാർശ നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാന തല അപ്പലേറ്റ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

പദ്ധതിനിർവ്വഹണം സുഗമമാക്കുന്ന തിന് ഓരോ പാദത്തിലുമുണ്ടാകേണ്ട ചെലവ് ശതമാനം സർക്കാർ മുൻകൂട്ടി നിശ്ചയിച്ചു നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2017 ഡിസംബർ മാസം എഴുപത് ശതമാനമോ അതിൽ കൂടുതലോ ചെലവ് നാം കൈവരിക്കേണ്ടതുണ്ട്. ഒക്ടോബർ 31 വരെയുള്ള ചെലവ് ശതമാനത്തിന്റെ സംസ്ഥാന ശരാശരി 26.85 ശതമാനമാണ്. ട്രഷറികളിൽ മാറാനായി നൽകിയിരിക്കുന്ന ബിൽ തുക കൂടി പരിഗണിച്ചാൽ ഇത് 28 ശതമാനമായി ഉയരും. മുൻവർഷങ്ങളെ അപേക്ഷിച്ച് 10 ശതമാനത്തോളം വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണാം.

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ഫണ്ട് വിനിയോഗത്തിൽ മുന്നിട്ടു നിൽക്കുന്നു. എന്നാൽ ജില്ലാ പഞ്ചായത്തുകൾക്ക് കാര്യമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

**കഴിഞ്ഞ 5 വർഷങ്ങളിലെ പദ്ധതി ചെലവ്**

| വർഷം | ചെലവ് % |
|---|---|
| 2013 ഒക്ടോ. 31 | 17.42 |
| 2014 ഒക്ടോ. 31 | 15.3 |
| 2015 ഒക്ടോ. 31 | 15.09 |
| 2016 ഒക്ടോ 31 | 5.75 |
| 2017 ഒക്ടോ. 31 | 26.85 |

**പദ്ധതി ചെലവ് – ജില്ലകൾ തിരിച്ച് (2017 ഒക്ടോബർ 31 വരെ)**

| | ജില്ല | ബഡ്ജറ്റ് വിഹിതം (കോടികളിൽ) | ചെലവ് | ചെലവ് % |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 750.23 | 217.01 | 28.93 |
| 2 | കാസറകോഡ് | 232.65 | 65.84 | 28.30 |
| 3 | കൊല്ലം | 550.73 | 155.08 | 28.16 |
| 4 | കണ്ണൂർ | 374.10 | 104.75 | 28.00 |
| 5 | വയനാട് | 223.67 | 61.78 | 27.62 |
| 6 | പാലക്കാട് | 585.81 | 161.37 | 27.55 |
| 7 | ഇടുക്കി | 315.14 | 86.10 | 27.32 |
| 8 | തൃശ്ശൂർ | 562.19 | 151.68 | 26.98 |
| 9 | പത്തനംതിട്ട | 252.46 | 67.18 | 26.61 |
| 10 | മലപ്പുറം | 581.59 | 153.90 | 26.46 |
| 11 | എറണാകുളം | 549.69 | 142.19 | 25.87 |
| 12 | കോട്ടയം | 342.07 | 87.70 | 25.64 |
| 13 | ആലപ്പുഴ | 391.42 | 98.12 | 25.07 |
| 14 | കോഴിക്കോട് | 483.27 | 110.65 | 22.90 |

പൊതുവിഭാഗം ഫണ്ട് ചെലവഴിക്കുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതി SCSP, TSP ഫണ്ട് വിനിയോഗിക്കുന്നതിൽ ഉണ്ടാകുന്നില്ല എന്നത് ആശങ്കാജനകമായ കാര്യമാണ്.

എസ്.സി.എസ്.പി, റ്റി.എസ്.പി ഫണ്ടുകൾ വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവകുപ്പ മന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട വകുപ്പ് തലവന്മാരുടെ സാന്നിദ്ധ്യത്തിൽ സംയുക്ത യോഗം ചേരുകയും ഫണ്ട് വിനിയോഗം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മാത്രമല്ല, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് മേധാവികൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം എല്ലാ ജില്ലകളിലും നടന്നുവരികയാണ്. പദ്ധതി നിർവ്വഹണരംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിബന്ധങ്ങളും മനസ്സിലാക്കി പ്രതിവിധി ചർച്ച ചെയ്ത് തീരുമാനിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് മന്ത്രി നേരിട്ട് യോഗങ്ങളിൽ സന്നിഹിതനാകുന്നത്. ഇതിന്റെ ഗുണഫലങ്ങൾ വരുംനാളുകളിൽ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുമെന്ന ഉത്തമവിശ്വാസം നമുക്കുണ്ട്.

## ഫണ്ട് വിനിയോഗത്തിൽ മാതൃകാപരമായി മുന്നേറുന്ന തദ്ദേശസ്ഥാപനങ്ങൾ

### (2017 ഒക്ടോബർ 31 വരെയുള്ള കണക്ക്)

**കോർപ്പറേഷനുകൾ-**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|
| 1 | കൊല്ലം | 10151.44 | 3870.22 | 38.12 |
| 2 | കണ്ണൂർ | 2696.28 | 711.05 | 26.37 |

**മുനിസിപ്പാലിറ്റികൾ**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ്% |
|---|---|---|---|---|---|
| 1 | ആലുവ | എറണാകുളം | 404.15 | 255.85 | 63.31 |
| 2 | ഈരാറ്റുപേട്ട | കോട്ടയം | 330.36 | 197.90 | 59.91 |
| 3 | താനൂർ | മലപ്പുറം | 668.58 | 349.01 | 52.20 |

**ജില്ലാ പഞ്ചായത്തുകൾ**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1 | വയനാട് | 3713.73 | 980.87 | 26.41 |
| 2 | പത്തനംതിട്ട | 3779.86 | 780.48 | 20.65 |

**ബ്ലോക്ക് പഞ്ചായത്തുകൾ**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 1 | പെരുങ്കടവിള | തിരുവനന്തപുരം | 693.48 | 415.54 | 59.92 |
| 2 | നീലേശ്വരം | കാസർകോട് | 335.49 | 188.48 | 56.18 |
| 3 | തളിക്കുളം | തൃശ്ശൂർ | 396.23 | 203.15 | 51.27 |
| 4 | പയ്യന്നൂർ | കണ്ണൂർ | 441.84 | 226.43 | 51.25 |

**ഗ്രാമപഞ്ചായത്തുകൾ**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 1 | തലനാട് | കോട്ടയം | 122.82 | 133.92 | 109.04 |
| 2 | തുമ്പമൺ | പത്തനംതിട്ട | 102.78 | 108.68 | 105.74 |
| 3 | മുതുവല്ലൂർ | മലപ്പുറം | 243.92 | 245.60 | 100.69 |
| 4 | അരിക്കുളം | കോഴിക്കോട് | 192.30 | 180.09 | 93.65 |
| 5 | കായണ്ണ | കോഴിക്കോട് | 174.72 | 159.46 | 91.27 |
| 6 | മുട്ടാർ | ആലപ്പുഴ | 118.39 | 105.30 | 88.94 |
| 7 | ആനിക്കാട് | പത്തനംതിട്ട | 168.87 | 140.16 | 83.00 |
| 8 | കണിച്ചാർ | കണ്ണൂർ | 225.44 | 181.71 | 80.60 |

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പരിശോധിച്ചാൽ എല്ലാ ജില്ലകളിലും ചില സ്ഥാപനങ്ങൾ വളരെ മികവ് പുലർത്തുന്നതായി കാണാം. വളരെ മോശം പ്രകടനം കാഴ്ചവെയ്ക്കുന്ന സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ കാണിക്കണം. ഇനിയുള്ള പരിമിതമായ ദിവസങ്ങൾക്കുള്ളിൽ 70% തികയ്ക്കാൻ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവർ നടപ്പിൽ വരുത്തണം.

1) ഗുണഭോക്തൃ ലിസ്റ്റ് കൈമാറാത്ത പഞ്ചായത്തുകളും നഗരസഭകളും അത് അടിയന്തരമായി നൽകണം.
2) പദ്ധതികളുടെ ഗുണഭോക്താക്കളുടെ യോഗം അടിയന്തരമായി നിർവ്വഹണ ഉദ്യോഗസ്ഥർ വിളിച്ചുചേർത്ത് പ്രവർത്തന പുരോഗതി വിലയിരുത്തണം. ടാർജറ്റ് കൈവരിക്കുന്നതിന് കൃത്യമായ സമയക്രമം നിശ്ചയിച്ച് നൽകണം. ധനസഹായം നൽകുന്ന പദ്ധതികൾക്ക് കരാറിലേർപ്പെട്ട് ഓരോ ഘട്ടത്തിലും നൽകേണ്ട ധനസഹായ ഗഡുക്കൾ കൃത്യമായി നൽകണം.
3) ജില്ലയിലെ വകുപ്പുമേധാവികൾ പദ്ധതി പ്രവർത്തനം വിലയിരുത്തണം. ഏറ്റവും കുറഞ്ഞ ചെലവ് ശതമാനമുള്ള തദ്ദേശസ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ അവലോകനം ചെയ്യണം. ആവശ്യമെങ്കിൽ നേരിട്ട് ഇടപെടലുകൾ നടത്തി പരിഹാരം കാണേണ്ടതാണ്. PAU സൂപ്പർവൈസർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.
4) വാങ്ങലുകൾ സംബന്ധിച്ച പദ്ധതികൾ നടപടിക്രമങ്ങൾ പാലിച്ച് അടിയന്തരമായി നടപ്പിലാക്കണം.
5) നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന ഫണ്ട് റിക്വിസിഷനുകൾക്ക് കഴിവതും അന്നേ ദിവസം തന്നെ തദ്ദേശ സ്ഥാപനങ്ങൾ അലോട്ട്മെന്റുകൾ നൽകിയിരിക്കണം.
6) പൊതുമരാമത്ത് പ്രവൃത്തികൾ ഒരുമിച്ച് ടെണ്ടർ ചെയ്യണം. പ്രവൃത്തികളുടെ നിർവ്വഹണത്തിന് കരാറിലേർപ്പെട്ടവരുടെ യോഗം തദ്ദേശസ്ഥാപന മേധാവി വിളിച്ചുചേർത്ത് പദ്ധതികൾ സാമ്പത്തിക വർഷാവസാനം വരെ നീട്ടാതെ നിശ്ചിതസമയക്രമത്തിൽ നടപ്പാക്കുന്നതിനുതകുന്ന നടപടി സ്വീകരിക്കണം. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് ആവശ്യമായ സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പാക്കേണ്ടതും മറ്റ് പ്രാദേശിക തടസ്സങ്ങൾ പരിഹരിച്ച് കൊടു

## പദ്ധതിചെലവ്
## നഗരഗ്രാമാസൂത്രണ വകുപ്പ് മുന്നിൽ

2017-18 സാമ്പത്തിക വർഷത്തെ പദ്ധതിചെലവ് പുരോഗതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള ലൈൻ ഡിപ്പാർട്ടുമെന്റുകളിൽ നഗരഗ്രാമാസൂത്രണ വകുപ്പ് മുന്നിൽ. 2017 ഒക്ടോബർ 27 വരെയുള്ള കണക്കുകൾ പ്രകാരം 29.71 ശതമാനം ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ 56.22 ശതമാനം ഫണ്ട് ചെലവഴിച്ച് കുടുംബശ്രീ മുന്നിട്ടു നിൽക്കുന്നു.

**ലൈൻ ഡിപ്പാർട്ടുമെന്റുകളുടെ പദ്ധതി ചെലവ് (2017 ഒക്ടോബർ 27 വരെ)**

| ക്രമ നം. | വകുപ്പ് | ചെലവ് % |
|---|---|---|
| 1 | നഗരഗ്രാമാസൂത്രണ വകുപ്പ് | 29.71 |
| 2 | പഞ്ചായത്ത് വകുപ്പ് | 16.96 |
| 3 | ഗ്രാമവികസന വകുപ്പ് | 10.60 |
| 4 | എഞ്ചിനീയറിംഗ് വിംഗ് | 5.57 |

**സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് (2017 ഒക്ടോബർ 27 വരെ)**

| ക്രമ നം. | സ്ഥാപനം | ചെലവ് % |
|---|---|---|
| 1 | കുടുംബശ്രീ | 56.22 |
| 2 | ശുചിത്വ മിഷൻ | 43.79 |
| 3 | ഇൻഫർമേഷൻ കേരള മിഷൻ | 41.38 |

ക്കേണ്ടതുമാണ്. പ്രവൃത്തിയുടെ പുരോ ഗതിക്കനുസരിച്ച് പാർട്ടുബില്ലുകൾ ത യ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കണം.

7) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികളും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം രണ്ടാഴ്ചയിലൊരിക്കൽ കൂടണം. പദ്ധതിപുരോഗതി വിലയിരുത്തി തടസ്സങ്ങൾ സ്ഥാപനതലത്തിൽ പരിഹരിക്കാൻ കഴിയുന്നവ പരിഹരിക്കണം. മറ്റുള്ളവ ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളുമായി ഇടപെടൽ നടത്തി പരിഹരിക്കേണ്ടതാണ്.

8) സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചുചേർത്ത് അതാത് വിഷയങ്ങളിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യുകയും ആവശ്യമായ നിർദ്ദേശം നൽകുകയും വേണം.

9) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനം കൈക്കൊള്ളേണ്ട തീരുമാനങ്ങൾ യഥാസമയം കൈക്കൊള്ളുകയും അതാത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നടപടികൾക്കായി നൽകുകയും വേണം.

2018 മാർച്ച് മാസം പതിനഞ്ച് ശതമാനം ചെലവ് നടത്തുന്നതിന് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുള്ളു എന്ന നിർദ്ദേശം നാം എപ്പോഴും ഓർക്കേണ്ടതാണ്. അതുകൊണ്ട് 2017 ഡിസംബർ 31 നകം എഴുപത് ശതമാനം ചെലവ് പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ നിതാന്തജാഗ്രത പുലർത്തണം.

ഇപ്പോഴത്തെ കണക്കുകളിൽ നിന്നെല്ലാം നാം ഉൾക്കൊള്ളേണ്ട പാഠം ആരോഗ്യകരമായ ഒരു മത്സരസ്വഭാവം പുലർത്തുകയാണെങ്കിൽ ഏറ്റവും ആദ്യം സമ്പൂർണ്ണനേട്ടം കൊയ്യുന്ന സ്ഥാപനം നമ്മുടേതാകും എന്നതാണ്. ജനങ്ങളെ ഉത്തമമായി പ്രതിനിധീകരിക്കേണ്ട ജനപ്രതിനിധിയും സർവ്വാത്മനാ സേവനമനോഭാവം ഉയർത്തിപ്പിടിച്ച് ജനതല്പരനാകേണ്ട ജീവനക്കാരനും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അതിന് എല്ലാവിധ പിന്തുണയുമായി സർക്കാരും വകുപ്പും കൂടെതന്നെയുണ്ട്.

നവീനമായ രീതിയിലുള്ള പദ്ധതിപ്രവർത്തനങ്ങളുടെ അനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് വിജയകരമായി നിർവ്വഹണം പൂർത്തീകരിക്കുന്നതിലൂടെ മാത്രമേ പ്രതിജ്ഞാബദ്ധവും ജനകീയവുമായൊരു വികസനഭാവി കെട്ടിപ്പടുക്കാനാവൂ എന്ന ഉത്തമ ബോധ്യം ജീവനക്കാരെയും ജനപ്രതിനിധികളെയും പൊതുജനത്തെയും ഐക്യപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുവാൻ പദ്ധതിപ്രവർത്തനങ്ങൾക്ക് വെളിച്ചമാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പരിശോധിച്ചാൽ എല്ലാ ജില്ലകളിലും ചില സ്ഥാപനങ്ങൾ വളരെ മികവ് പുലർത്തുന്നതായി കാണാം. വളരെ മോശം പ്രകടനം കാഴ്ചവെയ്ക്കുന്ന സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ കാണിക്കണം.**

## പദ്ധതിചെലവ്

# എഞ്ചിനീയർമാർ ശ്രദ്ധിക്കാൻ

**പി.ആർ. സജികുമാർ**
ചീഫ് എഞ്ചിനീയർ , തദ്ദേശസ്വയംഭരണ വകുപ്പ്

വികേന്ദ്രീകൃതാസൂത്രണം സംസ്ഥാനതല കോ -ഓർഡിനേഷൻ കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങളുടെയും സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 2017 ഡിസംബർ 31-ഓടുകൂടി 70% ചെലവാക്കേണ്ടതുണ്ട്. കൂടാതെ അടുത്ത മാർച്ച് വരെയുള്ള പാദവർഷത്തിൽ ബാക്കിയുള്ള 30% പൂർത്തിയാക്കേണ്ടതാണ്. മേൽ കാര്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർക്ക് അതത് ഭരണസമിതികളുടെ പൂർണ്ണമായ സഹകരണം അത്യാവശ്യമാണ്.

കേരളത്തിൽ പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണല്ലോ. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ഈ വർഷം 85,995 പദ്ധതികളാണ് സുലേഖ മുഖേന തയ്യാറാക്കി സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. മാറ്റം വരുത്തിയ പദ്ധതികളുടെ സാങ്കേതികാനുമതിയും മറ്റ് അനുമതികളും ലഭ്യമാക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സാങ്കേതികാനുമതി ആവശ്യമില്ലാത്ത പദ്ധതികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുമായി വളരെയധികം മുന്നോട്ടുപോയെങ്കിലും, നാളിതുവരെയുള്ള ചെലവ് വളരെ കുറവായിട്ടാണ് കാണുന്നത്. ചെലവിന്റെയും സാങ്കേതികാനുമതി നൽകിയതിന്റെയും വിവരങ്ങൾ ഇതോടൊപ്പം പട്ടികയായി നൽകുന്നു.

നവംബർ, ഡിസംബർ മാസങ്ങളിലാണ് കാലാവസ്ഥ, വെള്ളത്തിന്റെ ലഭ്യത എന്നിവ കാരണം പദ്ധതി പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത്. അതുകൊണ്ട് തന്നെ ഈ രണ്ട് മാസങ്ങളിലും എഞ്ചിനീയറിംഗ് വിഭാഗം വളരെ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കേണ്ടതുണ്ട്. വികേന്ദ്രീകൃതാസൂത്രണം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങളുടെയും സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 2017 ഡിസംബർ 31-ഓടുകൂടി 70% ചെലവാക്കേണ്ടതുണ്ട്. കൂടാതെ അടുത്ത മാർച്ച് വരെയുള്ള പാദവർഷത്തിൽ ബാക്കിയുള്ള 30% പൂർത്തിയാക്കേണ്ടതാണ്. മേൽ കാര്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർക്ക് അതത് ഭരണസമിതികളുടെ പൂർണ്ണമായ സഹകരണം അത്യാവശ്യമാണ്.

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർ താഴെപ്പറയുന്ന കാര്യങ്ങൾ കൃത്യതയോടെ നടപ്പിലാക്കേണ്ടതാണ്.

1) സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തികൾക്ക് നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ഒട്ടും തന്നെ സമയം പാഴാക്കാതെ മാന്വൽ ടെണ്ടർ / ഇ-ടെണ്ടർ അടിയന്തരമായി ക്ഷണിക്കേണ്ടതാണ്. കഴിവതും എല്ലാ പദ്ധതികൾക്കും ഒന്നിച്ച് ടെണ്ടർ ക്ഷണിക്കാൻ ശ്രമിക്കേണ്ടതാണ്

2) പരസ്യപ്പെടുത്തുന്ന ടെണ്ടർ നോട്ടീസിനോടൊപ്പം ആവശ്യമായ എല്ലാ നിബന്ധനകളും ഉണ്ടോ എന്ന് ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ പദ്ധതികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്യേണ്ടതില്ലാത്തതിനാൽ ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് ഒരു രീതിയിലുമുള്ള ബാധ്യത ഉണ്ടാകുന്നതല്ല. ജി.എസ്.ടി കാരണമുള്ള അധിക ബാധ്യത സംബന്ധിച്ച സർക്കാർ ഉത്തരവ് ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ഇറങ്ങുന്നതാണ്. ഇത് സംബന്ധിച്ച് കരാറുകാരുമായി നടന്ന യോഗത്തിൽ

**പൊതുമരാമത്ത് പദ്ധതി ചെലവ് സ്പിൽഓവർ ഉൾപ്പെടെ 2017 ഒക്ടോ. 31 വരെ**

| നം. | തദ്ദേശഭരണ സ്ഥാപനം | പദ്ധതി തുക (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) | ചെലവ് % |
|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 74,657.29 | 18,252.16 | 24.45 |
| 2 | കോർപ്പറേഷൻ | 41,016.98 | 9,991.28 | 24.36 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 35,405.19 | 6,211.94 | 17.55 |
| 4 | മുനിപ്പാലിറ്റി | 98,324.69 | 9,387.85 | 9.55 |
| 5 | ഗ്രാമപഞ്ചായത്ത് | 357,354.35 | 31,065.28 | 8.69 |
| 6 | **ആകെ** | 606,758.50 | 74,908.51 | 12.35 |

ഭൂരിപക്ഷം കരാറുകാരും സർക്കാരുമായി ധാരണയായിട്ടുള്ളതുമാണ്.

3) ടെണ്ടർ തുറന്നു കഴിഞ്ഞാൽ ടെന്റർ ടാബുലേഷൻ അപ്പോൾതന്നെ തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിക്ക് നൽകേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉടനടി ലഭ്യമാക്കുന്നതിനായി പ്രസിഡന്റിനെയും ഭരണസമിതിയെയും ബോധവത്കരിക്കേണ്ടതാണ്. പ്രവൃത്തികളുടെ സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ മുൻകൂട്ടി തയ്യാറാക്കേണ്ടതും അംഗീകാരം ലഭ്യമായ ഉടനെ കരാറുകാർക്ക് ഇവ നൽകേണ്ടതുമാണ്. ഇപ്രകാരം എഗ്രിമെന്റ് വച്ച കരാറുകാരുടെ ഒരു യോഗം പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി വിളിച്ചുചേർക്കേണ്ടതും ഡിസംബർ 30-നകം പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതുമാണ്. കോർപ്പറേഷൻ, ജില്ല പഞ്ചായത്ത് മുതലായ വലിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഒരു സെൽ ഉണ്ടാക്കുന്നത് നന്നായിരിക്കും. പ്രവർത്തന കലണ്ടർ പ്രകാരമുള്ള നിർമ്മാണങ്ങൾ നടത്തുന്നതിന് കരാറുകാരെ ബോധവൽക്കരിക്കേണ്ടതാണ്. നിശ്ചയിച്ച പ്രകാരമുള്ള നിർമ്മാണങ്ങൾ നടത്തുന്നതിന് കരാറുകാർ വൈമുഖ്യം കാണിക്കുകയാണെങ്കിൽ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ച് ആവശ്യമെങ്കിൽ കരാറുകാരനെ Terminate ചെയ്ത് പുതിയ കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കേണ്ടതാണ്.

4) പ്രവൃത്തികളുടെ സ്ഥിതി മോണിറ്ററിംഗ് സമിതിയെ യഥാസമയം അറിയിക്കേണ്ടതാണ്. പ്രവൃത്തികൾ പുരോഗമിക്കുന്നതനുസരിച്ച് അവയുടെ പാർട്ട് / ഫൈനൽ ബില്ലുകൾ തയ്യാറാക്കേണ്ടതും ഫണ്ട് അനുവദിക്കുന്നതിനായി റിക്വസിഷൻ സെക്രട്ടറിമാർക്ക് നൽകേണ്ടതുമാണ്. ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രസിഡന്റുമാരും സെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ കാലതാമസം കൂടാതെതന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 25 ലക്ഷത്തിന് താഴെയുള്ള ബില്ലുകൾ ട്രഷറിയിൽ Ways & Means clearance -ന് നൽകേണ്ടതില്ല. വലിയ പ്രവൃത്തികൾ പാർട്ട് ബില്ലുകളാക്കി നൽകുന്നതുവഴി ഉടനടി ചെലവാക്കാൻ കഴിയുന്നതാണ്.

ഇപ്രകാരം എത്രയും വേഗം പ്രവൃത്തികൾ പൂർത്തിയാക്കി 2017 ഡിസംബർ 31-ന് 70%-ന് മുകളിൽ ചെലവാക്കുന്നതിന് എല്ലാ എഞ്ചിനീയർമാരും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ 25 ലക്ഷത്തിന് താഴെയുള്ള ബില്ലുകൾ ട്രഷറിയിൽ Ways & Means clearance -ന് നൽകേണ്ടതില്ല. വലിയ പ്രവൃത്തികൾ പാർട്ട് ബില്ലുകളാക്കി നൽകുന്നതുവഴി ഉടനടി ചെലവാക്കാൻ കഴിയുന്നതാണ്.**

**Technical Sanction required Projects and LBs**

| | | up to 5 Lakhs | | up to 20 Lakhs | | up to 50 Lakhs | | Above 50 Lakhs | | Total | |
|---|---|---|---|---|---|---|---|---|---|---|---|
| Sl No | District | LBs | projects | LBs | projects | LBs | projects | LBs | projects | LBs | projects |
| 1 | Thiruvananthapuram | 89 | 4434 | 89 | 2209 | 89 | 237 | 11 | 28 | 278 | 6908 |
| 2 | Kollam | 85 | 4178 | 85 | 1226 | 85 | 97 | 8 | 29 | 263 | 5530 |
| 3 | Pathanamthitta | 66 | 3671 | 66 | 535 | 66 | 44 | 6 | 12 | 204 | 4262 |
| 4 | Alappuzha | 91 | 2998 | 91 | 815 | 91 | 53 | 5 | 12 | 278 | 3878 |
| 5 | Kottayam | 88 | 6120 | 89 | 786 | 89 | 32 | 8 | 14 | 274 | 6952 |
| 6 | Idukki | 63 | 3328 | 63 | 933 | 63 | 58 | 7 | 8 | 196 | 4327 |
| 7 | Ernakulam | 110 | 5348 | 111 | 2344 | 111 | 189 | 11 | 49 | 343 | 7930 |
| 8 | Thrissur | 111 | 5592 | 111 | 1719 | 111 | 70 | 7 | 42 | 340 | 7423 |
| 9 | Palakkad | 108 | 6903 | 109 | 1235 | 109 | 54 | 5 | 11 | 331 | 8203 |
| 10 | Malappuram | 122 | 10126 | 122 | 1251 | 122 | 72 | 17 | 31 | 383 | 11480 |
| 11 | Kozhikode | 91 | 5188 | 91 | 1252 | 91 | 188 | 10 | 40 | 283 | 6668 |
| 12 | Wayanad | 31 | 2812 | 31 | 562 | 31 | 50 | 12 | 15 | 105 | 3439 |
| 13 | Kannur | 93 | 4115 | 93 | 1053 | 93 | 156 | 8 | 21 | 287 | 5345 |
| 14 | Kasargod | 48 | 2960 | 48 | 638 | 48 | 37 | 10 | 15 | 154 | 3650 |
| | TOTAL | 1196 | 67773 | 1199 | 16558 | 1199 | 1337 | 125 | 327 | 3719 | 85995 |

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ജി.എസ്.ടി–യും

2017 ജൂലൈ 1 മുതൽ ജി.എസ്.ടി. (Goods & Services Tax) എല്ലാ സംസ്ഥാനങ്ങളിലെയും പോലെ കേരളത്തിലും നടപ്പിലാക്കി വരികയാണല്ലോ. പൊതുമരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരുന്ന VAT, Service Tax (ST) എന്നിവ merge ചെയ്താണ് ജി.എസ്.ടി നടപ്പിലാക്കിയിരിക്കുന്നത്. അതിനാൽ 01.07.2017-ന് VAT, Service Tax (ST) എന്നിവ നിലവിലില്ലാത്തതായി.

2018 മാർച്ച് 31 വരെ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി സംബന്ധമായ യാതൊരുവിധ കിഴിവുകളും വരുത്തേണ്ടതില്ല എന്ന് ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ കരാറുകാർ/കൺവീനർമാർക്ക് നൽകേണ്ട ബില്ലുകളിൽ നിന്നും ജി.എസ്.ടി കിഴിവ് വരുത്തേണ്ട ആവശ്യമില്ല. IT, KCWWF മുതലായ വ്യക്തിഗത ടാക്സുകൾ മാത്രം യഥാക്രമം കിഴിവുവരുത്തി അതത് വകുപ്പുകളിൽ അടവാക്കിയാൽ മതിയാകുന്നതാണ്. സംസ്ഥാനത്തെ ചില ട്രഷറികളിൽ ജി.എസ്.ടി കിഴിവ് വരുത്തിയില്ല എന്ന കാരണത്താൽ ബില്ലുകൾ തടഞ്ഞുവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപ്രകാരം അത് ആവശ്യമില്ലാത്തതാണ്.

പൊതുമരാമത്ത് പ്രവൃത്തികളിലെ ജി.എസ്.ടി-യുമായി ബന്ധപ്പെട്ട് സംസ്ഥാന നികുതി വകുപ്പിന്റെ 19.07.2017-ലെ Advisory 3 പ്രകാരമുള്ള നിബന്ധനകളും നിരക്കുകളും, കേന്ദ്ര നികുതി വകുപ്പിന്റെ 22.08.2017, 21.09.2017എന്നീ തീയതികളിലെ 20/17, 24/2017നമ്പർ നോട്ടിഫിക്കേഷനുകളും ബാധകമാകുന്നതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതികളിലെ ജി.എസ്.ടി സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി ചട്ടം 25-ാം വകുപ്പ് പ്രകാരം TAN, PAN എന്നിവ ആധാരമാക്കിയുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായും എടുക്കേണ്ടതാണ്.
2) www.gst.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ ആയിട്ടാണ് ജി.എസ്.ടി രജിസ്ട്രേഷൻ ചെയ്യേണ്ടത്. ജി.എസ്.ടി ചട്ടങ്ങൾ പ്രകാരമുള്ള കിഴിവുകളും റിട്ടേൺ ഫയലിംഗുകളും ജി.എസ്.ടി പോർട്ടലിൽ അതത് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നമ്പരിലൂടെ access ചെയ്ത് യഥാസമയം ഓൺലൈൻ ആയി ചെയ്യേണ്ടതാണ്. ജി.എസ്.ടി അടവാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ദേശസാൽകൃത ബാങ്കുകളിലെ അക്കൗണ്ടുകൾ ഉപയോഗപ്പെടുത്താവുന്നതാണ്. കിഴിവ് വരുത്തുന്നതിലോ, റിട്ടേൺ ഫയൽചെയ്യുന്നതിലോ കാലതാമസം ഉണ്ടാകുന്നപക്ഷം പിഴ ഒടുക്കേണ്ടതായി വരുന്നതാണ്.
3) Manual Tender Form ന് 12% ജി.എസ്.ടി ബാധകമാണ്. ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയ തുകയാണ് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടത്
4) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പഴയവാഹനങ്ങൾ/ഫർണിച്ചറുകൾ എന്നിവ ലേലം ചെയ്യുമ്പോൾ അതാത് ഇനങ്ങളുടെ ജി.എസ്.ടി ബാധകമാണ്.
5) പൊതുമരാമത്ത് പ്രവൃത്തികളുടെ EMD, Security Deposit എന്നിവയ്ക്ക് ജി.എസ്.ടി ബാധകമല്ല. എന്നാൽ EMD / Security Deposit എന്നിവ forfeit ചെയ്യുന്ന സാഹചര്യത്തിൽ ജി.എസ്.ടി ബാധകമാകുന്നതാണ്.
6) റോഡ് കട്ടിംഗ് നടത്തുമ്പോൾ പുനർനിർമ്മാണത്തിന് ഈടാക്കുന്ന Restoration charge -ന് ജി.എസ്.ടി ബാധകമാണ്.
7) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മരാ

2018 മാർച്ച് 31 വരെ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി സംബന്ധമായ യാതൊരുവിധ കിഴിവുകളും വരുത്തേണ്ടതില്ല എന്ന് ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ കരാറുകാർ/കൺവീനർമാർ എന്നിവർക്ക് നൽകേണ്ട ബില്ലുകളിൽ നിന്നും ജി.എസ്.ടി കിഴിവ് വരുത്തേണ്ട ആവശ്യമില്ല. സംസ്ഥാനത്തെ ചില ട്രഷറികളിൽ ജി.എസ്.ടി കിഴിവ് വരുത്തിയില്ല എന്ന കാരണത്താൽ ബില്ലുകൾ തടഞ്ഞുവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപ്രകാരം അത് ആവശ്യമില്ലാത്തതാണ്

മത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാർക്കും അക്രഡിറ്റഡ് ഏജൻസികൾക്കും ലേബർകോൺട്രാക്ട് സൊസൈറ്റികൾക്കും ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും ടെണ്ടർ സമർപ്പിക്കുമ്പോൾ പേരിനൊപ്പം രജിസ്ട്രേഷൻ നമ്പർ ഹാജരാക്കേണ്ടതുമാണ്.




8) മരാമത്ത് പ്രവൃത്തികളുടെ ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ, ഡി.പി.ആർ തയ്യാറാക്കൽ എന്നിവയ്ക്ക് ജി.എസ്.ടി ഉൾപ്പെടുത്തേണ്ടതാണ്. കൺസൾട്ടൻസി സേവനം ക്ഷണിക്കുന്ന നോട്ടീസിൽ തന്നെ ജി.എസ്.ടി സംബന്ധിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കിയിരിക്കേ ണ്ടതാണ്.
9) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, ആഡിറ്റോറിയങ്ങൾ, കല്യാണമണ്ഡപങ്ങൾ എന്നിവ വാടകയ്ക്ക് നൽകുമ്പോൾ ജി.എസ്.ടി ബാധകമാകുന്നതാണ്.
10) വ്യക്തിഗത സഹായങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, ബിൽഡിംഗ് പെർമിറ്റുകൾ എന്നിവയ്ക്ക് ജി.എസ്.ടി ബാധകമല്ലാത്തതാണ്.
11) മരാമത്ത് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ചില സാധനസാമഗ്രികളുടെ ജി.എസ്.ടി നിരക്കുകൾ താഴെപ്പറയും പ്രകാരമാണ്.
    സിമെന്റ്, ടൈൽസ്, സോളിഡ്ബ്ലോക്ക് -28% പെയിന്റ്, ഗ്ലാസ്സ്(ഫ്ളോട്ട്), ബിറ്റുമിൻ, സ്റ്റീൽ, തടി, അലുമിനിയംഷീറ്റുകൾ - 18%
    പി.വി.സി പൈപ്പ്, അഗ്രിഗേറ്റ് (ബ്രോക്കൺ സ്റ്റോൺ), മണ്ണ് - 5%
12) 30.06.2017-ന് മുൻപ് പൂർത്തിയാക്കി ബിൽ തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് VAT ആണ് ബാധകം. 01.07.2017-ന് ശേഷം മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയ പ്രവൃത്തികൾക്ക് ജി.എസ്.ടി ബാധകമായിരിക്കുന്നതാണ്. ഇനി മുതൽ തയ്യാറാക്കുന്ന എല്ലാ ബില്ലുകളിലും കരാറുകാരുടെ പേരിനൊപ്പം ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ നിർബന്ധമായും ചേർക്കേണ്ടതാണ്.
13) പൊതുമരാമത്ത് പ്രവൃത്തികളിൽ ഷോപ്പിംഗ് കോംപ്ലക്സ് ഒഴികെയുള്ള നിർമ്മാണങ്ങൾക്ക് 12% ആണ് ജി.എസ്.ടി. ഷോപ്പിംഗ് കോംപ്ലക്സ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ, വാട്ടർ സപ്ലൈ സ്കീമുകൾ മുതലായവയ്ക്ക് ജി.എസ്.ടി 18% ആണ്.

നിർമ്മാണപ്രവൃത്തികളിൽ ഉപയോഗിക്കുന്ന എല്ലാ സാധനസാമഗ്രികൾക്കും കരാറുകാർ ജി.എസ്.ടി നൽകി വാങ്ങിയതിന്റെ ബിൽ സൂക്ഷിക്കേണ്ടതാണ്. പല സാധനങ്ങൾക്കും 28% വരെ ജി.എസ്.ടി ആണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഉദാ: സിമെന്റ്, ടൈൽസ് എന്നിവ. സാധനസാമഗ്രികൾക്ക് 18 % / 12% - ന് മുകളിൽ ജി.എസ്.ടി ഈടാക്കിയ തുക കരാറുകാർ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി തിരികെ ലഭിക്കുന്നതാണ്. അധികതുക കരാറുകാർക്ക് മറ്റു പ്രവൃത്തികളുടെ ജി.എസ്.ടിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

വിവിധ ഇനം പ്രവൃത്തികൾക്ക് ജി.എസ്.ടി മുഖാന്തരം കരാറുകാർക്ക് അധിക ബാധ്യത ഉണ്ടാകുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാരിൽ നിന്ന് സ്വീകരിച്ചുവരികയാണ്. ആയതിനുള്ള ഉത്തരവ് ഉടനെ തന്നെ ഉണ്ടാകുമെന്നാണ് അറിയുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇപ്രകാരം വരുന്ന അധിക ബാധ്യത സർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ പ്ലാൻ ഫണ്ട്/തനത് ഫണ്ട്-ൽ നിന്ന് പുതിയ ഒരു പ്രോജക്ട് വെച്ച് കണ്ടെത്താവുന്നതാണ്.

**30.06.2017-ന് മുൻപ് പൂർത്തിയാക്കി ബിൽ തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് VAT ആണ് ബാധകം. 01.07.2017-ന് ശേഷം മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയ പ്രവൃത്തികൾക്ക് ജി.എസ്.ടി ബാധകമായിരിക്കുന്നതാണ്. ഇനി മുതൽ തയ്യാറാക്കുന്ന എല്ലാ ബില്ലുകളിലും കരാറുകാരുടെ പേരിനൊപ്പം ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ നിർബന്ധമായും ചേർക്കേണ്ടതാണ്**

*കടപ്പാട്: തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ്*

# ലൈഫ് – ഒന്നാം ഘട്ടം 58634 വീടുകൾ

ലൈഫ് മിഷന്റെ പ്രവർത്തനങ്ങളിൽ ആദ്യഘട്ടമായി 2015-16 സാമ്പത്തികവർഷം വരെ വിവിധസർക്കാർ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്തകാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത ഭവനങ്ങൾ 2018 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുള്ള വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചു കഴിഞ്ഞു (സ.ഉ.(എം.എസ്) നം. 196/2017/തസ്വഭവ, തീയതി 11.10.17). ഇപ്രകാരം പൂർത്തീകരിക്കുന്നതിനുള്ള 58634 (പട്ടിക കാണുക) ഭവനങ്ങളാണ് സംസ്ഥാനത്താകെയുള്ളത്.

ഇത്തരം ഭവനങ്ങളുടെ പൂർത്തീകരണത്തിന് രണ്ട് മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. 1. ഗുണഭോക്താക്കൾക്ക് ആനുപാതിക തുക നേരിട്ട് നൽകി പ്രവൃത്തി പൂർത്തീകരിക്കാൻ അവസരം നൽകുക 2. തുക നേരിട്ട് നൽകിയാലും ഒരു കാരണവശാലും പൂർത്തീകരിക്കാൻ കഴിവില്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നിർമ്മാണം പൂർത്തീകരിച്ചുനൽകുക. ഇതിനു പ്രത്യേക കർമ്മപരിപാടി തയ്യാറാക്കേണ്ടതാണ്. പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള യൂണിറ്റ് കോസ്റ്റിന്റെ നാലു ഗഡുക്കളായുള്ള തരംതിരിവും പുതിയനിരക്കിൽ ധനസഹായം കണക്കാക്കേണ്ട രീതിയും മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്.

ലൈഫ് മിഷന്റെ ആദ്യഘട്ടപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം. അത് സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് സർക്കാർ സമയക്രമം നിശ്ചയിച്ചു നൽകിയിട്ടുണ്ട്. അത് പാലിച്ച് എല്ലാ സ്ഥാപനങ്ങളും 2018 മാർച്ച് 31 - ന് മുമ്പായി സർക്കാരിന് റിപ്പോർട്ട്

## പൂർത്തിയാക്കാത്ത ഭവനങ്ങളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ

| ജില്ല | തദ്ദേശ സ്വയംഭരണ വകുപ്പ് | | | | | പട്ടിക ജാതി വകുപ്പ് | പട്ടിക വർഗ്ഗം വകുപ്പ് | പിന്നോക്ക ക്ഷേമ വകുപ്പ് | ഫിഷറീസ് വകുപ്പ് | മൈനോരിറ്റി വെൽഫെയർ വകുപ്പ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | കോർപറേഷൻ | മുൻസിപ്പാലിറ്റി | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | | | | | | |
| തിരുവനന്തപുരം | 3610 | 435 | 410 | 1407 | 0 | 569 | 38 | 0 | 9 | 1 | 6479 |
| കൊല്ലം | 277 | 410 | 719 | 2164 | 1 | 997 | 205 | 0 | 0 | 0 | 4773 |
| പത്തനംതിട്ട | 0 | 174 | 271 | 723 | 1 | 371 | 109 | 0 | 1 | 0 | 1650 |
| ആലപ്പുഴ | 0 | 515 | 676 | 1553 | 2 | 516 | 97 | 0 | 171 | 6 | 3536 |
| കോട്ടയം | 0 | 148 | 405 | 612 | 0 | 346 | 80 | 0 | 4 | 2 | 1597 |
| ഇടുക്കി | 0 | 25 | 1232 | 2416 | 6 | 663 | 780 | 0 | 0 | 5 | 5127 |
| എറണാകുളം | 27 | 118 | 302 | 219 | 0 | 416 | 144 | 0 | 25 | 0 | 1251 |
| തൃശ്ശൂർ | 529 | 201 | 428 | 1528 | 558 | 829 | 109 | 18 | 9 | 18 | 4227 |
| പാലക്കാട് | 0 | 597 | 937 | 2795 | 1 | 1065 | 1376 | 0 | 6 | 2 | 6779 |
| മലപ്പുറം | 0 | 283 | 554 | 982 | 0 | 546 | 495 | 2 | 105 | 10 | 2977 |
| കോഴിക്കോട് | 79 | 638 | 2577 | 3831 | 2 | 639 | 341 | 0 | 14 | 0 | 8121 |
| വയനാട് | 1 | 819 | 2286 | 2646 | 71 | 181 | 1216 | 3 | 0 | 1 | 7224 |
| കണ്ണൂർ | 0 | 190 | 542 | 982 | 5 | 358 | 499 | 6 | 65 | 24 | 2671 |
| കാസർഗോഡ് | 0 | 174 | 506 | 1294 | 0 | 145 | 59 | 0 | 44 | 0 | 2222 |
| **ആകെ** | 4523 | 4727 | 11845 | 23152 | 647 | 7641 | 5548 | 29 | 453 | 69 | 58634 |

# ലൈഫ് മിഷൻ: ഗ്രാമസഭകളിൽ പങ്കാളികളാകാൻ അഭ്യർത്ഥന

ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ തീരുമാനിക്കുന്നതിനുള്ള ഗ്രാമസഭകളിൽ പരമാവധി ജനങ്ങൾ പങ്കാളികളാകണമെന്ന് സർക്കാർ അഭ്യർത്ഥിച്ചു. സർവ്വെയും അപ്പീലുകളുടെ പരിശോധനയും കഴിഞ്ഞ് തയ്യാറാക്കിയ കരട് ഗുണഭോക്തൃപട്ടികയാണ് ഗ്രാമസഭകളിൽ പരിഗണിക്കുന്നത്. പരാതികൾ ഒഴിവാക്കി അർഹതയുള്ള മുഴുവൻ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിനുള്ള ജനാധിപത്യ പ്രക്രിയ വിജയിപ്പിക്കണമെന്ന് സർക്കാർ അഭ്യർത്ഥിച്ചു.

ഗുണഭോക്താവാകേണ്ടതിനുള്ള മാനദണ്ഡങ്ങൾ:

1. (a) സ്വന്തമായി വീടില്ലാത്തവരും പരമ്പരാഗത സ്വത്തായി വീടുകിട്ടാൻ സാധ്യതയില്ലാത്തവരും (b) സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്തവരും പരമ്പരാഗത സ്വത്തായി വീടോ ഭൂമിയോ കിട്ടാൻ സാധ്യതയില്ലാത്തവരും.

2. ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിക്കണം, അവർക്ക് ഒരു വീടിനു മാത്രമേ അർഹതയുണ്ടാവൂ.

ലൈഫ് മിഷൻ ഗുണഭോക്താവായി പരിഗണിക്കപ്പെടാൻ അർഹതയില്ലാത്തവർ:

1. സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ, ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്നവരോ ആയ അംഗങ്ങളുള്ള കുടുംബം.

2. വാർഷിക വരുമാനം മൂന്നു ലക്ഷത്തിൽ കൂടുതലുള്ള കുടുംബം.

3. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശത്ത് അഞ്ചു സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബം (പട്ടികവർഗ്ഗത്തിനു ബാധകമല്ല)

4. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബം.

5. അവകാശികൾക്ക് വസ്തു ഭാഗം ചെയ്തുകൊടുത്ത സാഹചര്യത്തിൽ സാങ്കേതികമായി സ്വന്തം പേരിൽ ഭൂമിയില്ലാതായതു കൊണ്ടു മാത്രം ഭൂരഹിതരായവർ.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരമാണ് ഗുണഭോക്തൃ പട്ടികയ്ക്ക് അന്തിമ രൂപം നൽകേണ്ടത്.

കോട്ടയം സദ്ഭരണ ജില്ലയായി പ്രഖ്യാപിക്കുന്ന ചടങ്ങ് കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉത്ഘാടനം ചെയ്യുന്നു

# കോട്ടയം ജനസൗഹൃദം

**എസ്. ജോസ്നമോൾ**

കോട്ടയം ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ജനസൗഹൃദ സദ്ഭരണ പഞ്ചായത്തുകളായി മാറ്റികൊണ്ട് കോട്ടയത്തെ ജനസൗഹൃദയ സദ്ഭരണ ജില്ലയായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി പ്രകാരം നിലവിൽ വന്ന പഞ്ചായത്തുകൾ ഇന്ന് പ്രാദേശിക സർക്കാരുകളാണ്. അവയിൽ നിക്ഷിപ്തമായ ചുമതലകൾ വളരെ വിപുലമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനേകം സേവനങ്ങൾ പൗരന്മാർക്ക് ലഭ്യമാക്കേണ്ടതുണ്ട്. സാമൂഹ്യനിതിയും സാമ്പത്തിക വികസനവും ക്ഷേമവും നടപ്പിലാക്കുക എന്ന മഹത്തായ ചുമതലയും പഞ്ചായത്തുകൾ നിർവ്വഹിച്ചു വരുന്നു. ലോക രാജ്യങ്ങൾ പോലും മാതൃകയായി എടുക്കുന്നതാണ് കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനമെങ്കിലും കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊപ്പം പഞ്ചായത്തുകൾ ഉയരുന്നുണ്ടോ എന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. ഈ ചോദ്യത്തിൽ നിന്നുമാണ് ജനസൗഹൃദസദ്ഭരണ പഞ്ചായത്തുകൾ എന്ന ചിന്തയിലേക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് എത്തുന്നത്. ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളെയും ജനസൗഹൃദ ഗ്രാമപഞ്ചായത്തുകളായി മാറ്റിക്കൊണ്ട് ജില്ലയെ ഇന്ത്യയിലെ ആദ്യത്തെ ജനസൗഹൃദ സദ്ഭരണ ജില്ലയാക്കി മാറ്റുകയെന്ന പ്രവർത്തനമാണ് ജില്ലയിലെ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളെയും ജീവനക്കാരെയും ചേർത്തുകൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ഏറ്റെടുത്തത്.

ആദ്യം ചിന്തിച്ചത് ഒരു സേവനത്തിനായി ഓഫീസിൽ വരുന്ന ഒരാൾ എന്താണ് പ്രതീക്ഷിക്കുക എന്നതാണ്. ആദ്യം പ്രതീക്ഷിക്കുന്നത് പ്രവൃത്തിസമയം ആരംഭിക്കുന്ന 10 മണിക്ക് തന്നെ ഫ്രണ്ട് ഓഫീസ് പ്രവർത്തനസജ്ജമാക്കണമെന്നാണ്. മാന്യമായ പെരുമാറ്റമാണ് രണ്ടാമത് ആഗ്രഹിക്കുക. തനിക്ക് ലഭിക്കേണ്ട സേവനം സംബന്ധിച്ച വ്യക്തമായ മറുപടി ഉണ്ടാവണം. ഏതൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത് എന്നുള്ള ലിസ്റ്റ് ലഭ്യമാകണം. എല്ലാ രേഖകളോടുംകൂടി അപേക്ഷ നൽകിയാൽ പിന്നീട് വീണ്ടും രേഖകൾ ആവശ്യപ്പെടരുത്. സേവനം നൽകാമെന്ന് പറഞ്ഞ തീയതിയിൽ 'സെക്ഷൻ ക്ലാർക്ക് അവധിയിലാണ്, ഒപ്പിടേണ്ട ആൾ വന്നില്ല' തുടങ്ങിയ കാരണങ്ങൾ നിരത്തരുത്. നല്ല ഇരിപ്പിടം, കുടിക്കുവാൻ ശുദ്ധജലം, ടോയ്‌ലറ്റ് സൗകര്യം, വിരസതയകറ്റുവാൻ സംഗീതം, ടെലിവിഷൻ, മാതൃകാ അപേക്ഷാ ഫോറം, വെള്ള പേപ്പർ, പശ മുതലായവ ഫ്രണ്ട് ഓഫീസിൽ ഉണ്ടാവണം.

2016 ജൂലൈ മാസം മുതൽ ജില്ലയിലെ പ്രതിമാസ വകുപ്പുതല കോൺഫറൻസിൽ ഓഫീസ് മാനേജ്മെന്റ് ഒരു അജണ്ടയായി ഉൾപ്പെടുത്തി നിർദ്ദേശങ്ങൾ നൽകുകയും വിലയിരുത്തുകയും ചെയ്തു. സേവനങ്ങൾ ശുപാർശകളില്ലാതെ കൃത്യസമയത്ത് ക്രമപ്രകാരം നൽകണ

മെങ്കിൽ അപേക്ഷയും അതോടൊപ്പം ഹാജരാക്കേണ്ട രേഖകളും കൃത്യമായിരി ക്കണം. ഫ്രണ്ട് ഓഫീസുകൾ കൂടുതൽ ജനകീയവും ജനസൗഹൃദവുമാക്കുന്നതിനായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ, മാന്യമായ പെരുമാറ്റം, സേവനം സംബന്ധിച്ച് പതിപ്പിക്കേണ്ട വിവിധ ബോർഡുകൾ, ഹെൽപ്പ് ഡെസ്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് കൃത്യമായ നിർദ്ദേശങ്ങൾ നൽകി.

വിവിധ സേവനങ്ങൾക്ക് ഹാജരാക്കേണ്ട രേഖകൾ ഉൾപ്പെടുത്തിയുള്ള അപേക്ഷാ ഫോമുകൾ, ജില്ലയ്ക്ക് പൊതുവായ പൗരാവകാശ രേഖ, ഹാജരാക്കിയ രേഖകൾ കൃത്യമായി പരിശോധിക്കുന്നതിനും ന്യൂനതകൾ വ്യക്തമായി അറിയിക്കുന്നതിനുമായി ചെക്ക് ലിസ്റ്റുകൾ എന്നിവ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകി.

ഓഫീസും പരിസരവും ക്യാബിനും വൃത്തിയായി സൂക്ഷിക്കുന്നതിനും ഫയലുകൾ വർഷം തിരിച്ച് അടുക്കി സൂക്ഷിക്കുന്നതിനും, റെക്കോർഡ് റൂം സജ്ജമാക്കുന്നതിനും ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനും മേൽനോട്ടത്തിനും സേവനം കൃത്യസമയത്ത് നൽകുന്നതിനും ഓഫീസ് ഉത്തരവുകൾ നൽകുവാനും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനും നിർദ്ദേശം നൽകി.

ആദ്യഘട്ടത്തിൽ ജില്ലയിലെ വെളിയന്നൂർ, മുത്തോലി, തലപ്പുലം, പൂഞ്ഞാർ, എലിക്കുളം, ചിറക്കടവ്, കാഞ്ഞിരപ്പള്ളി, പാമ്പാടി, കങ്ങഴ, തൃക്കൊടിത്താനം, കടുത്തുരുത്തി, ഞീഴൂർ, മറവന്തുരുത്ത്, കോരുത്തോട് എന്നീ ഗ്രാമപഞ്ചായത്തുകളെ ജനസൗഹൃദ സദ്ഭരണ ഗ്രാമപഞ്ചായത്തുകളായി 2017 മാർച്ച് 24ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.റ്റി. ജലീൽ പ്രഖ്യാപിച്ചു.

ബാക്കി 57 ഗ്രാമപഞ്ചായത്തുകളിലെ ഭരണസമിതികളും ജീവനക്കാരും ആവേശത്തോടെ ഈ സംരംഭം ഏറ്റെടുക്കുകയും ജനസൗഹൃദ സദ്ഭരണ ഗ്രാമപഞ്ചായത്തുകളാക്കുന്നതിന് തയ്യാറായി മുന്നോട്ടുവരികയും ചെയ്തു. പൊതുവായ ചർച്ചകളിൽ നിന്നുമുണ്ടായ നിർദ്ദേശങ്ങളും പരിഗണിച്ച് പിന്നീടുള്ള പ്രവർത്തനങ്ങൾ തീരുമാനിച്ചു.

വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ പ്രത്യേക യോഗം ചേർന്ന് വിദഗ്ധരായവരുടെ ക്ലാസ്സ് നൽകി. ഫയലുകൾ dispose ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. വ്യാപാരി വ്യവസായികളുടെയും ബന്ധപ്പെട്ടവരുടെയും യോഗം ചേർന്ന് എല്ലാ ഗ്രാമപഞ്ചായത്തിലും ലൈസൻസ് അദാലത്ത് നടത്തി.

പഞ്ചായത്ത് യോഗനടപടിക്രമം ഓൺലൈനായി തയ്യാറാക്കുന്നതിന് സകർമ്മ സോഫ്റ്റ് വെയറും കെട്ടിട നികുതി പിരിവ്, ഉടമസ്ഥാവ

## കോട്ടയം കൈവരിച്ചത് ചരിത്രനേട്ടം : സ്പീക്കർ

ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളെയും ജനസൗഹൃദ സദ്ഭരണ ഗ്രാമപഞ്ചായത്തുകളായി പ്രഖ്യാപിക്കുന്നതിലൂടെ കോട്ടയം കൈവരിച്ചത് ചരിത്രനേട്ടമെന്ന് നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. ചരിത്രപരമായ ഈ പ്രഖ്യാപനം കടുത്തുരുത്തി ഗൗരീശങ്കരം ഓഡിറ്റോറിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള സിവിൽ സർവ്വീസിലെ മുൻപേ പറക്കുന്ന പക്ഷികളായി ജില്ലയിലെ പഞ്ചായത്തുകൾ മാറി. ആധിപത്യം സ്ഥാപിക്കുന്നതിനല്ല മറിച്ച് സേവനത്തിലധിഷ്ഠിതമായ വ്യവസ്ഥിതി സൃഷ്ടിക്കുന്നതിനാണ് അധികാരം എന്ന യാഥാർത്ഥ്യം ഉദ്യോഗസ്ഥർ ഉൾക്കൊള്ളുമ്പോഴാണ് സേവനത്തിന്റെ വിശാലമേഖലകൾ സമൂഹത്തിൽ സൃഷ്ടിക്കാൻ കഴിയുന്നത്. അനുഭവങ്ങളും സേവനം നൽകാനുള്ള അധികാരവും ഒത്തുചേരുമ്പോഴാണ് യഥാർത്ഥ പ്രശ്നപരിഹാരമുണ്ടാകുന്നത്. മിനിസ്ട്രി ഫോർ ഹാപ്പിനെസ് അഥവാ സമൂഹത്തിന്റെ സന്തോഷം വിലയിരുത്തുന്നതിന് ഒരു മന്ത്രാലയം എന്ന നിലയിലേക്ക് പല രാഷ്ട്രങ്ങളും മാറുകയാണ്. ഇത്തരത്തിൽ അധികാര ആധിപത്യത്തിനു പകരം അധികാരത്തിന്റെ സന്തോഷം ജനപ്രതിനിധികളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും ജനങ്ങളിലേക്ക് എത്തണം. അഭിപ്രായങ്ങളോട് വിയോജിക്കാനുള്ള അവകാശത്തോട് യോജിക്കാനുള്ള സഹിഷ്ണുത സമൂഹത്തിനുണ്ടാകുമ്പോഴാണ് ജനാധിപത്യം യഥാർത്ഥത്തിൽ സംഭവിക്കുന്നതും സാംസ്ക്കാരിക വികസനം സാധ്യമാകുന്നതും. അത്തരമൊരു തുടക്കമാണ് ജനസൗഹൃദസദ്ഭരണ പഞ്ചായത്ത് പ്രഖ്യാപനത്തിലൂടെ കോട്ടയം നേടിയിരിക്കുന്നത്, അദ്ദേഹം പറഞ്ഞു.

മോൻസ് ജോസഫ് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലി മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എസ് ജോസ്നമോൾ പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അന്നമ്മ രാജു, കില ഡയറക്ടർ ജോയി ഇളമൺ തുടങ്ങിയവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷന്റെ പ്രസിഡന്റ് കുഞ്ഞ് പുതുശ്ശേരി സ്വാഗതവും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി വി സുനിൽ നന്ദിയും പറഞ്ഞു.

ഓഫീസ് പ്രവർത്തനം പത്ത് മണിക്ക് ആരംഭിക്കുക, ഉദ്യോഗസ്ഥർ ജനങ്ങളോട് മാന്യമായി പെരുമാറുക, സുസജ്ജമായ ഫ്രണ്ട് ഓഫീസുകൾ, മികച്ച പശ്ചാത്തല സൗകര്യം, സേവനം സംബന്ധിച്ച ജനങ്ങളുടെ സംശയങ്ങൾക്ക് ഉടൻ നിവാരണം, കുടിക്കാൻ ശുദ്ധജലം, ടോയ്‌ലെറ്റ് സൗകര്യം, പശ്ചാത്തല സംഗീതം തുടങ്ങി വിവിധ വിഷയങ്ങളടങ്ങിയ ചെക്ക് ലിസ്റ്റ് തയ്യാറാക്കി ഒരു വർഷത്തെ പരിശീലനത്തിനും തയ്യാറെടുപ്പുകൾക്കും ശേഷമാണ് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ജനസൗഹൃദമായത്.

കാശ സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈനായി ലഭിക്കുന്നതിനുള്ള സഞ്ചയ ഇന്റഗ്രേഷനും 71 ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കി. ജീവന ക്കാർക്ക് ബിൽഡിംഗ് പെർമിറ്റ്, ലൈസൻസ്, സിവിൽ രജിസ്ട്രേഷൻ, കേരള സർവ്വീസ് റൂൾസ് എന്നിവയിൽ പരിശീലനം നൽകുകയും സർവ്വീസ് റൂൾസ് സംബന്ധിച്ച കൈപ്പുസ്തകം തയ്യാറാക്കി എല്ലാ ജീവനക്കാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ജീവനക്കാരുടെ യോഗം കൃത്യമായി ചേർന്നുവ രുന്നു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു എത്തിക്സ് കമ്മിറ്റിയും പ്രവർത്തനം ആരംഭിച്ചു.

മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാന ന്ദ് ജില്ലയിലെ 1200ലധികം ഭരണസമിതി അം ഗങ്ങൾക്കും ജീവനക്കാർക്കുമായി സദ്ഭരണം സംബന്ധിച്ച് സെമിനാർ നയിച്ചു. സേവനം ലഭിക്കുന്നത് സംബന്ധിച്ച് ഗുണഭോക്താവിന് കൂടുതൽ സൗകര്യം ലഭിക്കുന്നതിന് ജില്ലയിലെ ആയിരത്തിലധികം ജീവനക്കാർക്ക് സിം കാർഡ് നൽകുന്ന പദ്ധതി നടപ്പാക്കി. ജനസേ വനത്തിനായി നൽകിയ നിർദ്ദേശങ്ങളെല്ലാം തന്നെ 71 ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കി ക്കഴിഞ്ഞു. ന്യായമായ എന്ത് പരാതിയുണ്ടെങ്കി ലും ഉടനടി പരിഹരിക്കുന്നതിനുള്ള എല്ലാ സം വിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.

ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനം ശു പാർശകളില്ലാതെ ക്രമപ്രകാരം കൃത്യസമയത്ത് എത്തിക്കുകയെന്നതും, ഓഫീസുകളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിച്ചുകൊണ്ടും ഫ്രണ്ട് ഓഫീസ് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ക്കൊണ്ടും പൊതുജനങ്ങളോടുള്ള ജീവനക്കാരു ടെ മനോഭാവം മാറ്റി എടുത്തുകൊണ്ടും 'ഓരോ ഫയലിലും ഓരോ ജീവിതം ഉണ്ട്' എന്നുള്ള ബോധത്തിലേക്ക് ജീവനക്കാരുടെയും ജനപ്രതി നിധികളുടെയും കാഴ്ചപ്പാട് എത്തിച്ചുകൊണ്ടും 'ജനസൗഹൃദസദ്ഭരണം' എന്ന ലക്ഷ്യം കൈവ രിക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിനൊപ്പം ഒരുമിച്ചു നിന്നുപ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു. ഈ ബൃഹ ത്തായ പദ്ധതി നിലനിർത്തിപോരുന്നതിനും ഏവരുടേയും സഹകരണം ആവശ്യമാണ്.

*ലേഖിക കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*

## അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പരിഷ്കരിച്ചു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്തെ കായികാദ്ധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ഉറപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് പരിഷ്കരിച്ച പ്രവർത്തന മാർഗ്ഗനിർദ്ദേശ ങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.
(സ.ഉ (കൈ) നം. 216/2017/തസ്വഭവ, തീയതി 03-11-2017)

## ഗുണഭോക്തൃസമിതി മുഖേനയുള്ള പദ്ധതി നടത്തിപ്പിന് സ്പഷ്ടീകരണം

2016-17ൽ അംഗീകാരം ലഭിച്ചതും 2017-18ൽ സ്പിൽഓവറായി തുടരുന്നതും ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്നതുമായ പ്രോജക്ടിന്റെ അടങ്കലിന്റെ പരിധി സംബന്ധിച്ച് സ്പഷ്ടീകരണം നൽകി സർക്കുലർ പുറപ്പെടുവിച്ചു.
(സർക്കുലർ നം. ഡി.എ1/858/2017/തസ്വഭവ, തീയതി 14-11-2017)



# ഇ ഗവേണൻസ് രംഗത്ത് ഒരു ചുവടുവെപ്പ് കൂടി

## പാലക്കാട്

പാലക്കാട് ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും സകർമ്മ സോഫ്റ്റ്‌വെയറും, ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സങ്കേതം സോഫ്റ്റ്‌വെയറും നടപ്പിലാക്കിയതിന്റെ ജില്ലാതല പ്രഖ്യാപനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ. ടി ജലീൽ അവർകൾ 2017 ഒക്ടോബർ 21 ന് ജില്ലാ പഞ്ചായത്ത് ഹാളിൽ നിർവ്വഹിച്ചു.

പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ശാന്തകുമാരി അധ്യക്ഷത വഹിച്ചയോഗത്തിൽ പഞ്ചായത്ത് ഡയറക്ടർ മേരിക്കുട്ടി IAS, ജില്ലാ കലക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടറും ഐ.കെ.എം ഗ്രൂപ്പ് ഡയറക്ടറുമായ അജിത് കുമാർ, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ജോസ് മാത്യു, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സുബ്രഹ്മണ്യവാര്യർ. മറ്റ് ജില്ലാതല ഉദ്യോഗസ്ഥർ, ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, മുൻസിപ്പൽ ചെയർമാൻമാർ, ഗ്രാമ -ബ്ലോക്ക് - മുൻസിപ്പൽ സെക്രട്ടറിമാർ, മറ്റ് വകുപ്പിലെ ജില്ലാതല മേധാവികൾ, ഓഡിറ്റ് സൂപ്പർവൈസർമാർ, ഐ. കെ. എം. ജില്ലാ കോ - ഓർഡിനേറ്റർ, ജില്ലാ ടെക്നിക്കൽ ഓഫീസർ തുടങ്ങിയവർ പങ്കെടുത്തു.

ഏകദേശം 3 മാസം കൊണ്ടാണ് ഈ സോഫ്റ്റ്‌വെയറുകൾ 88 പഞ്ചായത്തുകളിലും ബ്ലോക്കുകളിലും വിന്യസിക്കുന്നതിന് പാലക്കാടിന് സാധിച്ചത്. തദ്ദേശസ്ഥാപന അധ്യക്ഷൻമാർ, കില ADC, ഡി ഡി പി, ADP, ഐകെഎം, ജന

*പാലക്കാട് ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ സകർമ്മ, സങ്കേതം സോഫ്റ്റ്‌വെയറുകൾ നടപ്പിലാക്കിയതിന്റെ പ്രഖ്യാപനം തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ നിർവഹിക്കുന്നു*

പ്രതിനിധികൾ, സെക്രട്ടറിമാർ, മറ്റ് ജീവനക്കാർ, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ, മറ്റ് ജീവനക്കാർ, ജില്ലാതല മാസ്റ്റർ ട്രയിനർമാർ എന്നിവരുടെ നിർല്ലോഭമായ പിന്തുണയും സഹകരണവും കൂട്ടായ പ്രവർത്തനവും ആണ് ഈ നേട്ടങ്ങൾക്ക് പിന്നിൽ. ഇതുമായി ബന്ധപ്പെട്ട ജീവനക്കാർക്കെല്ലാം കില പ്രത്യേകം പരിശീലനം നൽകി. കൂടാതെ ഐ കെ എമ്മിന്റെ സെക്രട്ടറി നേതൃത്വത്തിൽ ഓരോ PAU യൂണിറ്റിലും വച്ച് LBS മാർക്കും, രണ്ട് തവണ വീതം തദ്ദേശസ്ഥാപനത്തിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി. 13 ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ വച്ച് ബ്ലോക്ക്തല ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പരിശീലനം നൽകി.

## വയനാട്

ഇൻഫർമേഷൻ കേരള മിഷൻ രൂപകല്പനചെയ്ത സഞ്ചയ സോഫ്റ്റ് വെയർ മുഖേന വസ്തുനികുതി ഈ-പെയ്മെന്റ് സംവിധാനം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും 100 ശതമാനം നടപ്പിലാക്കിയതിന്റെ ജില്ലാതല പ്രഖ്യാപനം തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ഡോ. കെ. ടി ജലീൽ 2017 ഒക്ടോബർ 30 ന് ജില്ലാ ആസൂത്രണ ഭവനിലെ ഡോ. എ.പി.ജെ അബ്ദുൾ കലാം മെമ്മോറിയൽ ഹാളിൽ നടന്ന ചടങ്ങിൽവച്ച് നിർവ്വഹിച്ചു. കൂടാതെ വയനാട് ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലും ഭരണസമിതി യോഗനടപടി ക്രമങ്ങൾ സകർമ്മ സോഫ്റ്റ്വെയർ മുഖേന പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലും ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ പെർമിറ്റ് സങ്കേതം സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കിയതിന്റെ പ്രഖ്യാപനവും അദ്ദേഹം നിർവ്വഹിച്ചു.

വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉഷകുമാരി അധ്യക്ഷത വഹിച്ച യോഗത്തിൽ പഞ്ചായത്ത് ഡയറക്ടർ മേരിക്കുട്ടി IAS, വി കെ ബാലൻ ജോയിന്റ് ഡയറക്ടർ നഗരകാര്യ വകുപ്പ്, ഷൌക്കത്തലി, ഗ്രാമവികസന കമ്മീഷണർ, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിജോസ് മാത്യു, കെ.എം രാജു അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, സുഭദ്രാ നായർ അസ്സിസ്റ്റന്റ് ജില്ലാപ്ലാനിംഗ് ഓഫീസർ, പി സി മജീദ് എ.ഡി.സി (ജനറൽ), ബെന്നി ജോസഫ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, മുൻസിപ്പൽ ചെയർമാൻമാർ, ഗ്രാമ-ബ്ലോക്ക് - മുൻസിപ്പൽ സെക്രട്ടറിമാർ, ജില്ലാതല വകുപ്പ് മേധാവികൾ, ജില്ലാതല ഉദ്യോഗസ്ഥർ, ഓഡിറ്റ് സൂപ്പർവൈസർമാർ, ഐ.കെ.എം. ജില്ലാ ടെക്നിക്കൽ ഓഫീസർ തുടങ്ങിയവർ പങ്കെടുത്തു.

ഏകദേശം 3 മാസം കൊണ്ടാണ് ഈ സോഫ്റ്റ്വെയറുകൾ വയനാട് ജില്ലയിലെ 23 പഞ്ചായത്തുകളിലും 4 ബ്ലോക്കുകളിലും, ജില്ലാ പഞ്ചായത്തിലും വിന്യസിക്കുന്നതിന് സാധിച്ചത്. തദ്ദേശസ്ഥാപന അധ്യക്ഷൻമാർ, എ.ഡി.സി (ജനറൽ), ഡി ഡി പി, അസ്സിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ, ജനപ്രതിനിധികൾ, സെക്രട്ടറിമാർ, മറ്റ് ജീവനക്കാർ, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ, ഐ.കെ.എം സോഫ്റ്റ്വെയർ ടീം, സാങ്കേതിക ജീവനക്കാർ, മാസ്റ്റർ ട്രെയിനിമാർ, പഞ്ചായത്ത് ജീവനക്കാർ, കില എന്നിവരുടെ നിർല്ലോഭമായ പിന്തുണയും സഹകരണവും കൂട്ടായ പ്രവർത്തനവും ആണ് ഈ നേട്ടങ്ങൾക്ക് പിന്നിൽ. കുറഞ്ഞ കാലയളവിനുള്ളിൽ ഈ നേട്ടം കൈവരിക്കുന്നതിനായ് അക്ഷീണം പ്രയത്നിച്ച എല്ലാ ജീവനക്കാരെയും മന്ത്രി പ്രത്യേകം അഭിനന്ദിച്ചു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

## മഴവെള്ളക്കൊയ്ത്ത് - മാർഗ്ഗരേഖ പുറപ്പെടുവിച്ചു

മഴക്കുറവിനെ അതിജീവിച്ച് സംസ്ഥാനത്തെ ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി മഴവെള്ള സംഭരണം ഊർജ്ജിതമാക്കാനും തൃശ്ശൂർ ജില്ലയിൽ വിജയകരമായി നടപ്പാക്കിയ 'മഴപ്പൊലിമ'യുടെ മാതൃകയിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി മഴവെള്ള സംഭരണം സംസ്ഥാന വ്യാപകമാക്കുന്ന നടപടിയുടെ ഭാഗമായി സംസ്ഥാനത്ത് സമ്പൂർണ്ണ കിണർ റീച്ചാർജിംഗും മഴവെള്ളക്കൊയ്ത്തും ലക്ഷ്യമിട്ട് രൂപീകരിച്ച പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു.

(സ.ഉ(കൈ) നം. 215/2017/തസ്വഭവ, തീയതി 03-11-2017)

# ഉണരുന്ന സമൂഹം– തെളിയുന്ന വിദ്യാലയങ്ങൾ

**ഡോ.സി.രാമകൃഷ്ണൻ**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജനകീയമാകുന്നു

നവകേരള കർമ്മ പരിപാടിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വലിയ ജനപങ്കാളിത്തത്തോടെ നടപ്പാക്കി വരികയാണ്. കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. മികവ് എന്നാൽ അക്കാദമിക മികവാണ്. ഇതിനായാണ് ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങൾ ഒരുക്കേണ്ടത്. കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം വലിയ മാറ്റത്തിന്റെ പാതയിലാണ്. കേരളീയ സമൂഹം പൊതുവിദ്യാലയങ്ങളിലൂടെ ആർജ്ജിച്ചെടുത്തതാണ് നമ്മുടെ മതനിരപേക്ഷ ജനാധിപത്യ ബോധവും അതിനനുസരിച്ച ജനാധിപത്യ മൂല്യങ്ങളും. സാമൂഹ്യ നവോത്ഥാനത്തിന്റെ ഭാഗമായി ഒട്ടനവധി പുരോഗമനാത്മക മാറ്റങ്ങൾ സമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഉണ്ടായ ഭൂപരിഷ്കരണ നയങ്ങളും വിദ്യാഭ്യാസ ബില്ലും ആണ് കേരളത്തിലെ പൊതു വിദ്യാഭ്യാസത്തിന് ഇന്നത്തെ മാനം നൽകിയത്.

ആളോഹരി വരുമാനം കുറവായിട്ടും വികസനമുള്ള പ്രദേശമായി പരിഗണിക്കപ്പെടാനുള്ള ഘടകങ്ങളൊന്നും ഇല്ലാതിരുന്നിട്ടും കാർഷിക സമൂഹമായ കേരളം എങ്ങനെ ജീവിതഗുണതാ സൂചകങ്ങളിൽ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന ഒരു പ്രദേശമായി മാറി എന്നത് ലോകമെമ്പാടുമുള്ള അക്കാദമിക പണ്ഡിതരുടെ അന്വേഷണ വിഷയമാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന വിദ്യാഭ്യാസ പദ്ധതികളെല്ലാം സ്കൂൾ പ്രാപ്യതയ്ക്കും എത്തിയ കുട്ടിയെ സ്കൂളിൽ നിലനിർത്താനുള്ള പ്രവർത്തനങ്ങൾക്കുമാണ് ഊന്നൽ നൽകുന്നത്. എന്നാൽ കേരളത്തിൽ ജനങ്ങളുടെ വർദ്ധിതമായ പങ്കാളി

ആളോഹരി വരുമാനം കുറവായിട്ടും വികസനമുള്ള പ്രദേശമായി പരിഗണിക്കപ്പെടാനുള്ള ഘടകങ്ങളൊന്നും ഇല്ലാതിരുന്നിട്ടും കാർഷിക സമൂഹമായ കേരളം എങ്ങനെ ജീവിതഗുണതാ സൂചകങ്ങളിൽ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന ഒരു പ്രദേശമായി മാറി എന്നത് ലോകമെമ്പാടുമുള്ള അക്കാദമിക പണ്ഡിതരുടെ അന്വേഷണ വിഷയമാണ്.

ത്തോടെ 1980കളിൽ തന്നെ ഈ ലക്ഷ്യം നാം നേടിയെടുത്തു. സാർവത്രിക പന്ത്രണ്ടാം ക്ലാസ് വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിന്റെ പടിവാതിലിലാണ് നാം കേരളീയ സമൂഹം. അഭിമാനിക്കാവുന്ന നേട്ടങ്ങളൊക്കെ ഉണ്ടെങ്കിലും ഒട്ടേറെ വെല്ലുവിളികൾ നാം നേരിടുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

1. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പാക്കൽ
2. ഓരോ പ്രായ ഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടി എന്ന് ഉറപ്പാക്കൽ.
3. സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നുവരുന്ന കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ, ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ, പാരിസ്ഥിതികാവബോധം, ലിംഗാവബോധം, വിമർശനാവബോധം എന്നിവ ഉളവായിട്ടുണ്ട് എന്ന് ഉറപ്പാക്കൽ.
4. കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
5. നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കൽ.
6. സാധ്യതകളെയെല്ലാം പ്രയോജനപ്പെടുത്താൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠന പരിസരത്തെയും മാറ്റിയെടുക്കൽ, രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ, ഇതിനെല്ലാം അനുയോജ്യമാകും വിധം ഭരണനിർവഹണ സംവിധാനങ്ങളുടെയും മനോഭാവം മാറ്റിയെടുക്കൽ, പുത്തൻ കടമാബോധം സ്വാംശീകരിക്കൽ.
7. സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കൽ.

സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും ഇതിനായി വേണ്ടിവരും. ഈ ദിശയിലേക്കുള്ള ബഹുജനക്കൂട്ടായ്മയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഭരണകർത്താക്കളും പൊതുസമൂഹവും അധ്യാപകരും സ്കൂൾ സമൂഹവും ഒന്നിച്ചുചേർന്ന് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിന്നനുഗുണമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള കൂട്ടായ അന്വേഷണമാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.

40 ലക്ഷത്തിലധികം കുട്ടികളും രണ്ട് ലക്ഷത്തോളം അധ്യാപകരും ഏതാണ്ട് എല്ലാ വീട്ടുകളുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധമുള്ള അതിബൃഹത്തായ സംവിധാനമാണ് ഹയർസെക്കന്ററി ഉൾപ്പടെയുള്ള പൊതു വിദ്യാഭ്യാസം. അതുകൊണ്ട് തന്നെ ഈ സംവിധാനത്തിലുണ്ടാകുന്ന ഏറ്റവും ചെറിയ ചലനങ്ങൾ പോലും സമൂഹത്തിൽ പ്രതിഫലിക്കും.

40 ലക്ഷത്തിലധികം കുട്ടികളും രണ്ട് ലക്ഷത്തോളം അധ്യാപകരും ഏതാണ്ട് എല്ലാ വീട്ടുകളുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധമുള്ള അതിബൃഹത്തായ സംവിധാനമാണ് ഹയർസെക്കന്ററി ഉൾപ്പടെയുള്ള പൊതു വിദ്യാഭ്യാസം. അതുകൊണ്ട് തന്നെ ഈ സംവിധാനത്തിലുണ്ടാകുന്ന ഏറ്റവും ചെറിയ ചലനങ്ങൾ പോലും സമൂഹത്തിൽ പ്രതിഫലിക്കും.

കൃത്യമായ കാഴ്ചപ്പാടോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും സംസ്ഥാനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട് ചെയ്യേണ്ട അനിവാര്യമായ സാമൂഹിക ഉത്തരവാദിത്തമാണെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ രാഷ്ട്രീയ നിലപാട് ഈ കർമ്മ പരിപാടികളിലെല്ലാം പ്രതിഫലിക്കുന്നുണ്ട്. നവകേരള കർമ്മ പരിപാടിയുടെ ഭാഗമായി ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വലിയ സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ വലിയ തോതിൽ ജനങ്ങൾ പിന്തുണയ്ക്കുന്നു. സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന യോഗങ്ങളിലെല്ലാം വലിയ ജന പങ്കാളിത്തമാണ് ഉണ്ടാകുന്നത്. കക്ഷിരാഷ്ട്രീയ ഭേദമന്യേ പൊതുവിദ്യാഭ്യാസസംരക്ഷണം ഒരു ബഹുജനവികസന പരിപാടിയാക്കി മാറ്റാൻ സർക്കാരിനൊപ്പം എല്ലാവരും ഒരുമിച്ച് കൈകോർക്കുന്നു. ഏറ്റവും പ്രിയപ്പെട്ട വസ്തുക്കൾ പോലും സംഭാവന നൽകി അവരവരുടെ പ്രദേശത്തെ പൊതുവിദ്യാലയങ്ങളെ ഏറ്റവും മികച്ച വിദ്യാലയങ്ങളാക്കി മാറ്റാൻ പൊതുസമൂഹം സർക്കാരിനൊപ്പമുണ്ട്. പൊതുസമൂഹത്തിനുണ്ടായ ഈ ആത്മവിശ്വാസം കുട്ടികളുടെ പ്രവേശന പ്രവണതയിൽ പ്രതിഫലിച്ചിട്ടുണ്ട്. വലിയ തോതിൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിലേക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്തിച്ചേർന്നിട്ടുണ്ട്. ഈ വർഷം 1.5 ലക്ഷം കുട്ടികളാണ് പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതലായി എത്തിച്ചേർന്നത്. ജനപ്രതിനിധികളുടെയും രാഷ്ട്രീയസാമൂഹിക പ്രവർത്തകരുടെയും അധ്യാപ

കരുടെയുമടക്കം കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് പുതുതായി ചേർക്കുകയും മാറ്റി ചേർക്കുകയും ചെയ്ത കാര്യങ്ങൾ മാധ്യമശ്രദ്ധ ഏറെ നേടിയതാണ്. അതുപോലെ പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയയ്ക്കണമെന്ന് പൊതുസമൂഹം ആഗ്രഹിച്ച പൊതുപ്രവർത്തകരും അധ്യാപകരടക്കമുള്ളവരും അങ്ങനെ ചെയ്യാതിരുന്ന ഘട്ടത്തിൽ അതിനെതിരെയുള്ള വിമർശനങ്ങളും ഉയർന്നുവന്നിട്ടുണ്ട്. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നുള്ള രാഷ്ട്രീയസാമൂഹിക സന്ദേശം സർക്കാർ നേതൃത്വത്തിൽ മുന്നോട്ടുവെച്ചപ്പോൾ വളരെ ക്രിയാത്മകമായാണ് കേരളീയ സമൂഹം പ്രതികരിച്ചത്.

സർക്കാർ 07.11.2016 ന് ഇറക്കിയ ഉത്തരവ് (സ.ഉ.(പി)നം. 186/2016/പൊ.വി.വ.) പ്രകാരം നവകേരള ദൗത്യത്തിലെ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി, മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ മുന്നോട്ട് വെച്ചിട്ടുണ്ട്. ഈ യജ്ഞം വിപുലീകരിക്കപ്പെടുന്ന ഘട്ടങ്ങളിൽ തുടർച്ചയായി കൂടുതൽ കൂടുതൽ സൂക്ഷ്മാംശങ്ങൾ ഇതിലേക്ക് കൂട്ടിച്ചേർക്കപ്പെടും. ഇതുവരെയുണ്ടായ ധാരണകളെ താഴെ പറയും പ്രകാരം ക്രോഡീകരിക്കാം.

1. പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കും
2. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കിക്കൊണ്ട് അനന്യമായ കേരളമാതൃക സൃഷ്ടിക്കും.
3. കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റും.
4. വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും.
5. വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കും.
6. കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും.
7. സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര വിദ്യാഭ്യാസം.
8. പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
9. സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
10. ഭൗതിക മാനവിക സാംസ്കാരിക സൗകര്യങ്ങൾ - പാഠ്യേതര പ്രവർത്തനങ്ങൾക്ക് ആയി ഒരുക്കും.
11. വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണ്ണമാക്കും.
12. ലഹരി വിരുദ്ധ മനോഭാവം വളർത്തും.
13. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കും.
14. കാർഷിക സംസ്കാരം വളർത്തിയെടുക്കും
15. ക്ലാസ് മുറികൾ ഹൈടെക് ആക്കും
16. സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും, ആകർഷകമാക്കും.
17. എല്ലാ സ്കൂളുകളും സമഗ്രവിദ്യാലയ വികസന രൂപരേഖ തയ്യാറാക്കും.
18. നിലവാരമുള്ള അധ്യാപക പരിശീലനം.
19. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന

**അക്കാദമികമായി വിദ്യാലയങ്ങളെ ഉയർത്തി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കിയാൽ മാത്രമേ പൊതുസമൂഹം ഇന്നു കാണിക്കുന്ന ഉത്സാഹം നിലനിർത്താൻ കഴിയൂ. ഇതിനായി അധ്യാപകർ, രക്ഷാകർതൃ സമൂഹം, പൂർവ വിദ്യാർത്ഥികൾ, പൊതു സമൂഹം, ഭരണ നിർവ്വഹണ സംവിധാനങ്ങൾ എന്നിവയെല്ലാം കൂട്ടായി ശ്രമിക്കേണ്ടതുണ്ട്.**

ങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തും.

സംസ്ഥാന ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസത്തിനായി വലിയതോതിലുള്ള വിഹിതം ഈ വർഷം മാറ്റിവെച്ചിട്ടുണ്ട്. കുട്ടികളുടെ പഠനനിലവാരം ഉയർത്താനുള്ള വിവിധങ്ങളായ പദ്ധതികൾ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

ഘട്ടം ഘട്ടമായാണ് സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനം നടക്കുക.

- ആദ്യ ഘട്ടം എന്ന നിലയിൽ ഈ വർഷം 1000 സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യ ഗുണതയാണ് വർദ്ധിപ്പിക്കുക. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലെ സർക്കാർ, എയ്ഡഡ് വ്യത്യാസമില്ലാതെ എല്ലാ ക്ലാസ് മുറികളും ഹൈടെക്കാക്കുന്ന പ്രവർത്തനം ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. പഠനബോധനപ്രവർത്തനങ്ങൾക്ക് പുതിയമാനം നൽകി അക്കാദമിക ഗുണത വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം.
- പൂർവ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ പങ്കാളിത്തത്തോടെ എല്ലാ പ്രൈമറി ക്ലാസുകളും ഹൈടെക്കാക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു.
- എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റുകളുടെ സഹായത്തോടെ ഭൗതിക സൗകര്യ വികസനത്തിനായി ചാലഞ്ച് ഫണ്ട് എന്ന നിലയിൽ(എത്ര തുക എയ്ഡഡ് മാനേജ്മെന്റുകൾ കണ്ടെത്തുന്നുവോ അത്രയും തുക പരമാവധി ഒരു കോടി എന്ന നിലയിൽ സർക്കാർ വഹിക്കുന്നതാണ് ഈ പദ്ധതി.) വകയിരുത്തിയിട്ടുണ്ട്.
- എല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാനത്തിനായുള്ള പ്രവർത്തനം നടക്കുന്നു.
- കുട്ടികളുടെ പ്രതിഭകൾ കണ്ടെത്താനും വളർത്താനും സഹായകമായ ടാലന്റ് ലാബുകൾ വിഭാവനം ചെയ്യുന്നു.
- ഓട്ടിസം പാർക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.
- മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക ഗുണമേന്മ ഉറപ്പാക്കാൻ കഴിയും വിധം ഓരോ വിദ്യാലയങ്ങളുടെയും സവിശേഷത ഉൾക്കൊള്ളുന്ന അക്കാദമിക മാസ്റ്റർപ്ലാൻ 2018 ജനവരി 30 നകം സ്കൂൾ തലത്തിൽ സജ്ജമാക്കൽ, അവ പൊതു സമൂഹത്തിന്റെ മുമ്പിൽ ഫെബ്രുവരി 1ന് അവതരിപ്പിക്കൽ എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷാകർതൃ വിദ്യാഭ്യാസം, കുട്ടികളുടെ പഠനപുരോഗതി രക്ഷാകർത്താക്കളുമായി വിനിമയം ചെയ്യാൻ ഗൃഹസമ്പർക്കപരിപാടി നടക്കും.
- കുട്ടികൾ ആർജ്ജിച്ച കഴിവുകളും ശേഷികളും നേരിട്ട് സമൂഹവുമായി പങ്കുവെയ്ക്കാൻ സ്കൂളിനകത്തും ആവാസ പരിസരത്തും സംഘടിപ്പിക്കുന്ന സർഗോത്സവങ്ങൾ എന്നിവയെല്ലാം പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നിർവ്വഹണത്തിനായി വിവിധ തട്ടിലുള്ള സംഘടനാ സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന മിഷൻ, ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ അദ്ധ്യക്ഷൻ, ആയ ജില്ലാ മിഷൻ, മുൻസിപ്പൽ ചെയർപേഴ്സൺ/കോർപറേഷൻ മേയർ അദ്ധ്യക്ഷൻ ആയ മുൻസിപ്പൽ/കോർപ്പറേഷൻ തല മിഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷൻ ആയ ബ്ലോക്ക് മിഷൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷൻ ആയ ഗ്രാമപഞ്ചായത്ത് മിഷൻ എന്നിവയും വിവിധ തട്ടിലുള്ള കർമ്മസമിതികൾക്കും രൂപം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഇത് സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ യജ്ഞം മാർഗ്ഗരേഖ, അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് മാർഗരേഖ - 2 എന്നിവയിൽ വിശദീകരിച്ചിട്ടുണ്ട്.

പൊതുവിദ്യാലയങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്. അതുകൊണ്ട് തന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയത്തിന് നേതൃത്വം വഹിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ പലയിടങ്ങളിലും മാതൃകാപരമായി നടക്കുന്നുണ്ട്. നമ്മുടെ ലക്ഷ്യം മുഴുവൻ കുട്ടികളുടെയും വിദ്യാഭ്യാസ ഗുണത വർദ്ധിപ്പിക്കലാണ്. ഇത് കഴിയണമെങ്കിൽ മുഴുവൻ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയണം.

അക്കാദമികമായി വിദ്യാലയങ്ങളെ ഉയർത്തി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കിയാൽ മാത്രമേ പൊതുസമൂഹം ഇന്ന കാണിക്കുന്ന ഉത്സാഹം നിലനിർത്താൻ കഴിയൂ. ഇതിനായി അധ്യാപകർ, രക്ഷാകർതൃ സമൂഹം, പൂർവ വിദ്യാർത്ഥികൾ, പൊതു സമൂഹം, ഭരണ നിർവ്വഹണ സംവിധാനങ്ങൾ എന്നിവയെല്ലാം കൂട്ടായി ശ്രമിക്കേണ്ടതുണ്ട്. ഇതെല്ലാം ഏറ്റവും ഫലപ്രദമായി ഏകോപിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കാൻ കഴിയുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.

പൊതുവിദ്യാലയങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്. അതുകൊണ്ട് തന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയത്തിന് നേതത്വം വഹിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ പലയിടങ്ങളിലും മാതൃകാപരമായി നടക്കുന്നുണ്ട്. നമ്മുടെ ലക്ഷ്യം മുഴുവൻ കുട്ടികളുടെയും വിദ്യാഭ്യാസ ഗുണത വർദ്ധിപ്പിക്കലാണ്. ഇത് കഴിയണമെങ്കിൽ മുഴുവൻ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയണം.

# അമ്മ നനഞ്ഞാൽ കുഞ്ഞിന് പനിപിടിക്കും

**ഡോ. വട്ടവിള വിജയകുമാർ**

പനി ഒരു രോഗമല്ല. മറ്റേതോ രോഗത്തിന്റെ ലക്ഷണമാണ്. ശരീരം ഏതെങ്കിലും രോഗാണുവിന്റെ ആക്രമണത്തിന് വിധേയമാകുമ്പോൾ സ്വയം പ്രതികരിക്കാനൊരുങ്ങും. ആ പ്രതികരണം നാമറിയുന്നത് പനിയിലൂടെയാണ്. ആന്തരാവയങ്ങൾക്ക് സംഭവിക്കുന്ന കേടിന്റെ ബാഹ്യ സൂചനയാണ് വേദനയെങ്കിൽ രോഗാണുബാധയുടെ ബഹിർസ്ഫുരണമാണ് പനി. അതുകൊണ്ടാണ് പനി ഒരു രോഗമല്ലെന്നും മറ്റേതോ രോഗത്തിന്റെ ലക്ഷണമാണെന്നും കാൾ വൻഡർലിഷ് പറഞ്ഞത്.

പനിക്ക് മനുഷ്യനോളം പ്രായമുണ്ട്. എന്നാൽ പനിയെ കുറിച്ചുള്ള രേഖകൾ കണ്ടുതുടങ്ങിയത് ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റിന്റെ കാലം മുതല്ക്കാണ്. പനി മറ്റസുഖങ്ങൾ മാറാനുള്ള വഴിയായിട്ടാണ് അദ്ദേഹം പരാമർശിക്കുന്നത്. ഇതിഹാസരചയിതാവായ ഹോമർ അഞ്ചാം നൂറ്റാണ്ടിൽ പനി പോലുള്ള അസുഖങ്ങൾക്ക് ചൂടുവെള്ളത്തിലുള്ള കുളി പതിവാണെന്ന് പറയുന്നുണ്ട്.

എന്താണ് പനിയെന്ന് സാധാരക്കാരന്റെ കണ്ണിലൂടെ നമുക്ക് നോക്കിക്കാണാം. ശരീരോഷ്മാവ് നിർദിഷ്ട അളവിൽ നിന്നും അതായത് 37 ഡിഗ്രി സെൽഷ്യസ്സിൽ നിന്നും ഉയരുന്ന അവസ്ഥയാണ് പനി. പനിയെ ഇന്ന് എല്ലാവർക്കും പേടിയാണ്. കാരണം സമീപകാലത്ത് പനി ഒരുപാടുപേരുടെ ജീവനെടുത്തിരുന്നു. പനി ഒരുപാട് തരത്തിലുണ്ട്. അത് ഏതുമാകട്ടെ. വൈദ്യശാസ്ത്രത്തിനുപോലും ചിലപ്പോഴൊക്കെ സമസ്യയായി മാറുന്ന ന്യൂജനറേഷൻ പനികൾക്ക് മുൻകരുതലുകൾ എടുത്തില്ലെങ്കിൽ മരണത്തിന് കീഴ്പ്പെടേണ്ടിവരുമെന്ന സത്യം മനസ്സിലാക്കേണ്ടതുണ്ട്.

മനുഷ്യൻ ഉഷ്ണരക്തജീവിയാണെന്ന് അറിയാ

**ശരീരോഷ്മാവ് നിർദിഷ്ട അളവിൽ നിന്നും അതായത് 37 ഡിഗ്രി സെൽഷ്യസ്സിൽ നിന്നും ഉയരുന്ന അവസ്ഥയാണ് പനി. പനിയെ ഇന്ന് എല്ലാവർക്കും പേടിയാണ്. കാരണം സമീപകാലത്ത് പനി ഒരുപാടുപേരുടെ ജീവനെടുത്തിരുന്നു. പനി ഒരുപാട് തരത്തിലുണ്ട്. അത് ഏതുമാകട്ടെ. വൈദ്യശാസ്ത്രത്തിനുപോലും ചിലപ്പോഴൊക്കെ സമസ്യയായി മാറുന്ന ന്യൂജനറേഷൻ പനികൾക്ക് മുൻകരുതലുകൾ എടുത്തില്ലെങ്കിൽ മരണത്തിന് കീഴ്പ്പെടേണ്ടിവരുമെന്ന സത്യം മനസ്സിലാക്കേണ്ടതുണ്ട്.**

മല്ലോ. അതായത് സ്ഥിരോഷ്മാവുള്ള ജീവി. പുറത്ത് ചൂടോ തണുപ്പോ ഏതുമാകട്ടെ മനുഷ്യന്റെ ശരീരോഷ്മാവ് എന്നും എപ്പോഴും കൃത്യമായി നിലനിൽക്കും. പരിണാമശൃംഖലയിൽ മനുഷ്യ നടങ്ങുന്ന സസ്തനികൾക്കും പറവകൾക്കുമായി മാത്രം പ്രകൃതി കൊടുത്ത സവിഷേശതയാണി ത്. നമ്മുടെ ശരീരോഷ്മാവ് 37 ഡിഗ്രി സെൽഷ്യ സാണ് (98.6 ഡിഗ്രി ഫാരൻഹീറ്റ്). എങ്കിലും ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലെ ചൂടിന് ഏറ്റി റക്കമുണ്ടാകാം.

ശരീരോഷ്മാവ് അളക്കാനുള്ള ഉപകരണമാണ് തെർമോമീറ്റർ . തെർമോമീറ്ററിലെ മെർക്കുറിയിരിക്കുന്ന ഭാഗം പൂർണമായി ശരീരത്തി ലമർന്നാലേ കൃത്യമായ ചൂടറിയുകയുള്ളൂ. അതു കൊണ്ടാണ് നാവിനടിയിലോ കക്ഷത്തോ തെർമോമീറ്റർ വച്ച് ദേഹതാപം മനസിലാക്കു ന്നത്. മറ്റെവിടെയെങ്കിലുമാണ് തെർമോമീറ്റർ വയ്ക്കുന്നതെങ്കിൽ മെർക്കുറിയിരിക്കുന്ന ഭാഗത്തി ന്റെ ഒരുവശം മാത്രമേ ശരീരത്തോട് ചേർന്നിരി ക്കുകയുള്ളൂ. ആ ഭാഗം ശരീരോഷ്മാവ് രേഖപ്പെടു ത്തുമ്പോൾ മറ്റേ വശം അന്തരീക്ഷത്തിലെ ചൂടിനെ അനുസരിച്ചായിരിക്കും മെർക്കുറി ഉയ രുക. അങ്ങനെയാണെങ്കിൽ ശരിക്കുള്ള ദേഹ താപം അറിയാൻ കഴിയുകയില്ല.

സെൽഷ്യസും ഫാരൻഹീറ്റും ചൂടിന്റെ അളവു കോലാണെങ്കിലും പനിയെ അളക്കുന്നത് ഫാ രൻഹീറ്റിലാണ്.

ശരീരോഷ്മാവ് 98.6 ഡിഗ്രി ഫാരൻഹീറ്റാണെ ങ്കിലും ചൂട് 99.9 ആയാലും പേടിക്കേണ്ടതില്ല. എന്നാൽ അതിന് മുകളിലെത്തിയാൽ കുറയ്ക്കാനുള്ള ഉപാധികൾ തേടണം. ഏതുതരം രോഗാണുവിനും സജീവമാകാനും പെറ്റുപെരുകാ നും പ്രകടനങ്ങൾ കാഴ്ചവയ്ക്കാനും അനുയോജ്യ മായ ചൂടാണ് മനുഷ്യനുള്ളത്. അതുകൊണ്ടാണ് മനുഷ്യൻ തീരാവ്യാധികൾക്കും മഹാവ്യാധികൾ ക്കും അടിമപ്പെടുന്നത്.

പനിയുണ്ടാകുന്നത് എങ്ങനെയെന്ന് നോ ക്കാം. ശരീരോഷ്മാവ് നിയന്ത്രിക്കുന്നത് തലച്ചോ റിലെ ഹൈപ്പോതലാമസാണ്. പനിക്ക് കാരണ മായ ഘടകങ്ങൾ അത് അകത്തുനിന്നായാലും (ഉദാഹരണത്തിന് സൈറ്റോകൈനുകൾ) പുറ ത്തുനിന്നായാലും (ഉദാഹരണത്തിന് ബാക്ടീരി യയുടെ പുറംചട്ടയിലെ ലിപോപോളിസാക്കറൈ ഡ്) ശരീരത്തിൽ പ്രവർത്തിച്ച് പ്രോസ്റ്റാഗ്ലാണ്ടിൻ ഇ2 (prostaglandin E2) എന്ന രാസപദാർത്ഥമുണ്ടാ ക്കും. ഈ രാസപദാർത്ഥം ഹൈപ്പോതലാമ സിൽ പ്രവർത്തിക്കുമ്പോഴാണ് ഊഷ്മാവ് കൂടുന്ന ത്.

അണുബാധകൾ, ഓട്ടോഇമ്മ്യൂൺ രോഗ ങ്ങൾ (ഉദാഹരണത്തിന് ലൂപസ്), ശരീരകല കൾക്കുണ്ടാകുന്ന കേടുപാടുകൾ (ഉദാ. മുറിവുകളും ചതവുകളും) അർബുദങ്ങൾ, ചില മരുന്നുകൾ മു തലായവ നിമിത്തവും ശരീരോഷ്മാവ് കൂടാം. ശരീരോഷ്മാവ് കൂട്ടുന്ന ഇവയെ പൈറോജെനു കൾ എന്നാണ് അറിയപ്പെടുന്നത്. 100.4-102.2$^{o}$F (38-39$^{o}$C) ചൂടുള്ള ചെറിയ പനി,102.2 -104$^{o}$F (39-40$^{o}$C) ചൂടുള്ള പനി, 104 $^{o}$F (40) ചൂടുള്ള പനി, 107.6$^{o}$F (42$^{o}$C ) ചൂടുള്ള അതിഭയങ്കര പനി എന്നി ങ്ങനെ പനിയെ നാലായി തിരിച്ചിട്ടുണ്ട്. ഇതിൽ ഒടുവിലത്തേത് മാരകമാണ്. കാരണം ഒരു പരി ധിക്കപ്പുറം താപനില ഉയരുന്നത് തലച്ചോറിന് അസഹ്യമായതിനാൽ രോഗിയെ മരണത്തിലെ ത്തിക്കുകയോ സന്നിപാതജ്വരംപോലുള്ള അവ സ്ഥയിലെത്തിക്കുകയോ ചെയ്യും. അതുകൊണ്ട് പനി 104$^{o}$F ആണെങ്കിൽപ്പോലും അടിയന്തര വൈദ്യസഹായം ലഭ്യമാക്കേണ്ടതുണ്ട്.

പനി ചിലപ്പോഴൊക്കെ അനുഗ്രഹമാണെ ന്നാണ് മനുഷ്യരിൽ നടത്തിയ പഠനങ്ങൾ വ്യ ക്തമാക്കുന്നത്. രോഗാണു ബാധയിൽ നിന്നും മറ്റു രോഗങ്ങളിൽ നിന്നും എളുപ്പം മോചനം നേടാൻ പനിയുള്ളപ്പോൾ കഴിയുമത്രെ. എന്താ യാലും പനിയെന്നത് ശരീരത്തിന് സംഭവിച്ച ഏതോ കുഴപ്പത്തിന്റെ സൂചനയെന്ന് പറഞ്ഞ ല്ലോ. അതുകൊണ്ട് ചികിത്സ ആവശ്യമാണ്. കാരണം ഏതുതരം പനിയാണ് ബാധിച്ചതെന്ന് നമുക്കറിയില്ലല്ലോ. പനിക്കായി മിക്ക രോഗി കൾക്കും ചികിത്സ നൽകപ്പെടുന്നതിനു കാരണം പനിയും അനുബന്ധ ലക്ഷണങ്ങളും ബുദ്ധിമുട്ടു ണ്ടാക്കുന്നു എന്നുള്ളതുകൊണ്ടാണ്. പനി ഹൃദയ മിടിപ്പ് കൂട്ടുകയും ഉപാപചയം (metabolism) വേ ഗത്തിലാക്കുകയും ചെയ്യുന്നു. ഇത് പ്രായമേറിയ വർക്കും ഹൃദ്രോഗമുള്ളവർക്കും അസഹനീയമാ യിരിക്കും. ചിലപ്പോൾ പനി രോഗിയെ അർദ്ധ ബോധാവസ്ഥയിലേക്ക് നയിച്ചേക്കാം. അതി നാൽ ഗുണദോഷങ്ങൾ താരതമ്യപ്പെടുത്തി വേണം ചികിത്സയെ കുറിച്ച് തീരുമാനമെടു ക്കാൻ. ഏതു സാഹചര്യത്തിലായാലും പനി അമിതമാകുകയോ (41.1$^{o}$C അല്ലെങ്കിൽ 106$^{o}$Fന് മുകളിൽ) ശരീരകലകൾക്ക് കേട് പറ്റാവുന്ന നില വരുകയോ ചെയ്താൽ അത് നിർബന്ധമാ യും നിയന്ത്രണവിധേയമാക്കിയിട്ടുണ്ടാകണം. ഒരിക്കലും സ്വയംചികിത്സയ്ക്ക് മുതിരരുത്.

കുഞ്ഞുങ്ങൾക്കാണ് പനി വരുന്നതെങ്കിൽ ദേഹതാപം കുറയ്ക്കാൻ ചെറുചൂട് വെള്ളത്തിൽ കുതിർത്ത തുണി പിഴിഞ്ഞ് ശരീരം തുടച്ചുകൊടുക്കണം. ഐസ് വെള്ളത്തിൽ കുതിർ ന്ന തുണികൊണ്ട് ദേഹം തുടയ്ക്കുന്നത് ചർമ്മോപ രിതലത്തിലുള്ള രക്തക്കുഴലുകൾ ചുരുങ്ങുന്ന തിനും അതുവഴി താപം പുറത്തേക്ക് പോകുന്ന തിന് തടസ്സമാവുകയും ചെയ്യും. എന്നുവച്ചാൽ ശരീരതാപം കുറയ്ക്കാൻ ഐസ് വെള്ളം നല്ലത ല്ലെന്നർത്ഥം. ഈ പ്രക്രിയ തുടരുന്നതോടൊപ്പം

കുഞ്ഞുങ്ങൾക്കാണ് പനി വരുന്നതെങ്കിൽ ദേഹതാപം കുറയ്ക്കാൻ ചെറുചൂട് വെള്ളത്തിൽ കുതിർത്ത തുണി പിഴിഞ്ഞ് ശരീരം തുടച്ചുകൊടുക്കണം. ഐസ് വെള്ളത്തിൽ കുതിർന്ന തുണികൊണ്ട് ദേഹം തുടയ്ക്കുന്നത് ചർമ്മോപരിതലത്തിലുള്ള രക്തക്കുഴലുകൾ ചുരുങ്ങുന്നതിനും അതുവഴി താപം പുറത്തേക്ക് പോകുന്നതിന് തടസ്സമാവുകയും ചെയ്യും. എന്നുവച്ചാൽ ശരീരതാപം കുറയ്ക്കാൻ ഐസ് വെള്ളം നല്ലതല്ലെന്നർത്ഥം.

ശിശുരോഗ വിദഗ്ധനെ കാണിക്കുകയും വേണം.

അലോപ്പതിയിലും ആയുർവേദത്തിലും ഹോമിയോയിലും ഫലപ്രദമായ ചികിത്സകളുണ്ടെങ്കിലും ഭൂരിപക്ഷം ആളുകളും അലോപ്പതിയെയാണ് ആശ്രയിക്കുന്നത്. പെട്ടെന്നുള്ള ശമനം ആഗ്രഹിക്കുന്നതുകൊണ്ടാണത്. മുൻപ് ആസ്പിരിനാണ് ഉപയോഗിച്ചിരുന്നതെങ്കിലും താരതമ്യേന ദോഷംകുറഞ്ഞ പാരസെറ്റമോളാണ് ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നത്. ഗുളിക രൂപത്തിലും സിറപ്പ് രൂപത്തിലും ഇഞ്ചക്ഷൻ രൂപത്തിലും മലദ്വാരത്തിൽ വയ്ക്കുന്ന സപ്പോസിറ്ററി (suppository) രൂപത്തിലും പാരസെറ്റമോൾ ഉപയോഗിക്കുന്നുണ്ട്.

പാരസെറ്റമോൾ അഥവാ അസെറ്റാമിനോഫെൻ ദേഹതാപം കുറയ്ക്കാൻ മാത്രമല്ല തലവേദന, ശരീരവേദന, പല്ല് വേദന തുടങ്ങിയ തീവ്രതകുറഞ്ഞ വേദനകൾക്ക് വേദനസംഹാരിയായും ഉപയോഗിക്കുന്നുണ്ട്. ലോകാരോഗ്യസംഘടനയുടെ മരുന്ന് പട്ടികയിൽ മുന്തിയസ്ഥാനമുള്ള പാരസെറ്റമോൾ 1887 ലാണ് കണ്ടുപിടിച്ചത്. ഡോക്ടറുടെ കുറിപ്പടികൂടാതെ (OTC- Over The Counter) വാങ്ങാൻ പറ്റുന്ന മരുന്നാണിത്. അതുകൊണ്ട് തന്നെയാണ് അതിന് വലിയ ദൂഷ്യമില്ലെന്ന് പറയുന്നത്. 500 മില്ലിഗ്രാം ഗുളികയാണ് വ്യാപകമായി ഉപയോഗിക്കുന്നത്. ഒരു ഗുളിക കഴിച്ചാൽ നാലു മുതൽ ആറുമണിക്കൂർ വരെ അതിന്റെ പ്രവർത്തനം നിലനിൽക്കുമെന്നുള്ളതിനാൽ ഒരാൾ നാല് അല്ലെങ്കിൽ അഞ്ചിൽ കൂടുതൽ കഴിക്കാൻ പാടില്ല. എത്ര വലിയ പനിയാണെങ്കിലും രണ്ടോ മൂന്നോ ഗുളിക കഴിക്കുമ്പോൾ തന്നെ അതിന്റെ ഫലം പ്രകടമാകും. കുട്ടികൾക്കാണെങ്കിൽ 10 മില്ലിഗ്രാം / 10 കിലോഗ്രാം (10mg/10Kg) എന്ന കണക്കിലാണ് ഡോസ് നിശ്ചയിച്ചിട്ടുള്ളത്.

താരതമ്യേന പാർശ്വഫലങ്ങൾ കുറഞ്ഞ മരുന്നാണ് പാരസെറ്റമോളെന്ന് ലോകാരോഗ്യസംഘടന പറയുന്നുണ്ടെങ്കിലും നിഷ്കർഷിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ കഴിച്ചാൽ വലിയ അപകടങ്ങൾ ക്ഷണിച്ചു വരുത്തും. കരൾ, വൃക്കസംബന്ധമായ രോഗമുള്ളവരും ശരീരഭാരം തീരെ കുറഞ്ഞവരും വളരെ കരുതലോടെ മാത്രമേ ഈ മരുന്ന് കഴിക്കാവൂ എന്ന മുന്നറിയിപ്പും ലോകാരോഗ്യ സംഘടനാ തരുന്നുണ്ട്. ഒരു ദിവസം മൂന്ന് ഗ്രാമിലേറെ (ആറ് ഗുളിക) പാരസെറ്റമോൾ ശരീരത്തിലെത്തിയാൽ കരളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് പഠനങ്ങൾ പറയുന്നു. അതുപോലെ ദഹനക്കേട്, വയറുവീർക്കൽ, അലർജി, ഉറക്കം തൂങ്ങൽ, ക്ഷീണം, അസ്വസ്ഥത തുടങ്ങിയ പ്രശ്നങ്ങളും പാരസെറ്റമോളിന്റെ അമിതോപയോഗം മൂലമുണ്ടാകും. ഒരു ചെറിയ തലവേദനയ്ക്കുപോലും 650 മില്ലിഗ്രാമിലുള്ള ഗുളിക വാരിക്കഴിക്കുന്ന ശീലമുള്ളവരുടെ എണ്ണം കൂടിവരുന്നുണ്ടെന്നും അതാണ് കരൾ, വൃക്കരോഗികളുടെ എണ്ണം വർധിക്കാനുള്ള കാരണമെന്നും എഡിൻബറോ യൂണിവേഴ്സിറ്റി നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു. ഏതു ഗുളിക വാങ്ങിയാലും അതിൽ രേഖപ്പെടുത്തിയിട്ടുള്ള കാലഹരണ തീയതി ശ്രദ്ധിക്കേണ്ടതാണ്. കാരണം എല്ലാ മരുന്നുകൾക്കും ആയുസുണ്ട്. ആയുസുകഴിഞ്ഞ മരുന്ന് അഥവാ കാലഹരണപ്പെട്ട (expiry date) മരുന്നുകഴിച്ചാൽ ഗുണത്തിനുപകരം ദോഷമാണുണ്ടാവുക. മാത്രമല്ല, ഗുരുതരങ്ങളായ ആരോഗ്യപ്രശ്നങ്ങളുണ്ടാവുകയും ചെയ്യും.

സാധാരണ വൈറൽ പനി മുതൽ ഡെങ്കിപ്പനിയും എലിപ്പനിയും ചിക്കുൻഗുനിയയുമൊക്കെ നമ്മെ വിടാതെ പിന്തുടരുന്നു. പനി ഏതുമാകട്ടെ ശരീരോഷ്മാവ് കുറയ്ക്കാൻ പാരസെറ്റമോൾ കഴിക്കുംമുമ്പ് ഡോക്ടറെ കാണണം. സ്വയം ചികിത്സ പരിഷ്കൃത മനുഷ്യന് ഭൂഷണമല്ല. സ്വയംചികിത്സയിലൂടെ ഒരുപക്ഷെ ദേഹതാപം കുറച്ചേക്കാം. പക്ഷെ അപ്പോഴും പനിക്ക് കാരണമായതെന്തോ ഉള്ളിൽത്തന്നെ കിടപ്പുണ്ടാകും. തുടക്കത്തിൽ പറഞ്ഞതുപോലെ പനി ഒരു രോഗമല്ല മറ്റേതോ പൊരുത്തക്കേടിന്റെ ലക്ഷണമാണ്.

പനിയടക്കമുള്ള കൊതുകുജന്യ രോഗങ്ങൾക്ക് പ്രത്യക്ഷമായിട്ടല്ലെങ്കിലും ഉത്തരവാദി നമ്മൾ തന്നെയാണ്. വീടിനകം വൃത്തിയാക്കി അഴുക്കിനെ പുറത്തേക്കു വലിച്ചെറിയുന്നതാണല്ലോ നമ്മുടെ ശീലം. ചിന്താശൂന്യമായ ആ പ്രവൃത്തികൊണ്ട് പരിസരം വൃത്തികേടാവുമെന്ന തിരിച്ചറിവ് നമുക്കില്ലാതെ പോയി. വീടിനെപ്പോലെ പരിസരവും വൃത്തിയായി സൂക്ഷിച്ചാൽ കൊതുകുജന്യരോഗങ്ങൾക്ക് മൂക്കുകയറിടാം. അല്ലെങ്കിൽ വൃത്തിഹീനമായ ചുറ്റുപാടുകൾ നിമിത്തം കൊതുകടക്കമുള്ള ദംശകപ്രാണികൾ പെറ്റുപെരുകും. മഹാവ്യാധികളും മാറാവ്യാധികളും ഒഴിയാബാധയായി പിന്തുടരും. അമ്മ നനഞ്ഞാൽ കുഞ്ഞിന് പനി പിടിക്കുമെന്നു പറയുമ്പോലെ പ്രകൃതി മലിനപ്പെട്ടാൽ അതിന്റെ തിക്തഫലം നാമോരോരുത്തരും അനുഭവിക്കേണ്ടിവരും. അല്ലെങ്കിൽ, കൊതുകുകളുടെ കോടതിയിൽ മനുഷ്യൻ നിരന്തരം വധശിക്ഷയ്ക്കു വിധിക്കപ്പെട്ടുകൊണ്ടേയിരിക്കും.

പനിയടക്കമുള്ള കൊതുകുജന്യ രോഗങ്ങൾക്ക് പ്രത്യക്ഷമായിട്ടല്ലെങ്കിലും ഉത്തരവാദി നമ്മൾ തന്നെയാണ്. വീടിനകം വൃത്തിയാക്കി അഴുക്കിനെ പുറത്തേക്കു വലിച്ചെറിയുന്നതാണല്ലോ നമ്മുടെ ശീലം. ചിന്താശൂന്യമായ ആ പ്രവൃത്തികൊണ്ട് പരിസരം വൃത്തികേടാവുമെന്ന തിരിച്ചറിവ് നമുക്കില്ലാതെ പോയി. വീടിനെപ്പോലെ പരിസരവും വൃത്തിയായി സൂക്ഷിച്ചാൽ കൊതുകുജന്യരോഗങ്ങൾക്ക് മൂക്കുകയറിടാം.

*ലേഖകൻ തിരുവനന്തപുരം എം. ജി. കോളേജിൽ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. 9447342497*

# കില ന്യൂസ്

*ജില്ലാപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സംസ്ഥാനതല അവലോകനയോഗം കിലയിൽ മന്ത്രി ഡോ. കെ.ടി.ജലീൽ ഉദ്ഘാടനം ചെയ്യുന്നു*

## പദ്ധതിനിർവഹണം ഏപ്രിൽ മുതൽ ആരംഭിക്കണം: മന്ത്രി ഡോ.കെ.ടി.ജലീൽ

തദ്ദേശഭരണസ്ഥാപനങ്ങളിലെ പദ്ധതി നിർവഹണം ഏപ്രിൽ ഒന്നുമുതൽ ആരംഭിക്കണമെന്ന് മന്ത്രി കെ.ടി.ജലീൽ. മാർച്ച് 31 നകം പദ്ധതി രൂപീകരണവും അംഗീകാരം നേടലും പൂർത്തിയാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. ജില്ലാപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന തല അവലോകനയോഗം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.തദ്ദേശഭരണവകുപ്പിനെ മൂന്നായി വിഭജിച്ച അശാസ്ത്രീയമായ നടപടി മൂലം വേണ്ട വിധത്തിൽ കോർഡിനേഷനുണ്ടായിരുന്നില്ല. അതെല്ലാം പരിഹരിച്ച് ഒന്നിച്ച് ഒരെ ബാനറിനു കീഴിൽ മുന്നോട്ടു പോകാനുള്ള പ്രവർത്തനങ്ങളാണ് എൽ.ഡി.എഫ് സർക്കാർ നടത്തുന്നത്. തദ്ദേശഭരണസ്ഥാപനങ്ങൾക്കു മാത്രമായി ഒരു ദിനം ആചരിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ട്. നഗരസഭകളും പഞ്ചായത്തുകളും സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുന്നതിനെക്കുറിച്ച് ചിന്തിക്കണം. ലൈഫ് മിഷനുവേണ്ടി തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ വിഹിതം മാറ്റിവയ്ക്കണം. കിണർ റീചാർജിംഗ് ജില്ലയിൽ മൊത്തത്തിൽ നടത്തിയാലേ പ്രതീക്ഷിച്ച ഫലം ലഭ്യമാകൂ. ഇതിനും ജില്ലാതലത്തിൽ കോർഡിനേഷൻ വേണമെന്ന് മന്ത്രി പറഞ്ഞു.

ആസൂത്രണബോർഡ് അംഗവും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാനുമായ ഡോ.കെ.എൻ. ഹരിലാൽ അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കൊല്ലം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ജഗദമ്മ, സംസ്ഥാന ആസൂത്രണബോർഡിലെ വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് എൻ. പ്രസന്നകുമാരി എന്നിവർ സംസാരിച്ചു.

## നാഗാലാന്റ് ഉദ്യോഗസ്ഥർ കിലയിൽ

കേരളത്തിലെ പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ചു പഠിക്കുന്നതിനു നാഗാലാന്റ് സിവിൽ സർവീസിലെ പ്രൊബേഷണറി ഉദ്യോഗസ്ഥർ കിലയിലെത്തി. പന്ത്രണ്ടംഗസംഘത്തിനു നാലുദിവസങ്ങളിലായി പ്രാദേശികഭരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കില പരിശീലനം നൽകി. എറണാകുളം ജില്ലാ പഞ്ചായത്ത് സന്ദർശിച്ച സംഘം ജില്ലാ കലക്ടർ, കൊച്ചി സിറ്റി പൊലിസ് കമ്മീഷ്ണർ എന്നിവരുമായി ചർച്ച നടത്തി.

## ജില്ലാപദ്ധതി: പരിശീലകരുടെ പരിശീലനം

ജില്ലാപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് രണ്ടുദിവസത്തെ സംസ്ഥാന തല പരിശീലകരുടെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു.വിവിധ ജില്ലകളിൽ തുടർന്നു നടക്കുന്ന പരിശീലന പരിപാടിക്കു ഇവിടെ പരിശീലനം നേടുന്നവരാണ് നേതൃത്വം നൽകുക. പ്ലാനിംഗ് ബോർഡ് മെമ്പറും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ ചെയർമാനുമായ ഡോ.കെ.എൻ.ഹരിലാൽ ഉദ്ഘാടനം ചെയ്തു.കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ സ്വാഗതം പറഞ്ഞു. കോർഡിനേറ്റർ ജി.കെ.സദനരാജൻ കാര്യപരിപാടി വിശദീകരിച്ചു.

## മൃദുല വൈദഗ്ധ്യ വികസന പരിശീലനം

കൂട്ടായ പ്രവർത്തനങ്ങളിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ കാര്യക്ഷമമായ ഭരണനിർവഹണം ലക്ഷ്യമിട്ടുകൊണ്ടുള്ള മൃദുല വൈദഗ്ധ്യ വികസന പരിശീലനം കിലയിൽ തുടങ്ങി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഒരുമിച്ച് പരിശീലനം നൽകുന്നു എന്നത് ഇതിന്റെ പ്രത്യേകതയാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ മുഖ്യ കാര്യദർശി എന്ന നിലയിൽ അദ്ധ്യക്ഷന്മാരുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു അനിവാര്യഘടകമാണ് മൃദുല വൈദഗ്ധ്യ വികസനം. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കോഴ്സ് കോർഡിനേറ്റർ

*വടക്കാഞ്ചേരി പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച കൂടിയാലോചനായോഗത്തിൽ അദ്ധ്യക്ഷത വഹിച്ച പി.കെ.ബിജു എം.പി. സംസാരിക്കുന്നു.*

കെ.പി.എ ഹാഷിം എന്നിവർ സംസാരിച്ചു. നാൽപതു ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാരും സെക്രട്ടറിമാരുമാണ് മൂന്നുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്

## പദ്ധതി ആസൂത്രണവും നിർവഹണവും: നിർവഹണ ഉദ്യോഗസ്ഥർക്കു പരിശീലനം

പദ്ധതി ആസൂത്രണവും നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിംഗിനു വിധേയമാക്കേണ്ട രേഖകളും അതിനുള്ള നടപടിക്രമങ്ങളെയും കുറിച്ച് ഗ്രാമപഞ്ചായത്തുകളിലെ നിർവഹണ ഉദ്യോഗസ്ഥർക്കു തിരുവനന്തപുരം ഗ്രാമീണ പഠനകേന്ദ്രത്തിൽ രണ്ടു ദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ഡയറക്ടർ പി. മേരിക്കുട്ടി ഐ.എ.എസ് അദ്ധ്യക്ഷയായിരുന്നു. ഓഡിറ്റിംഗിനു വിധേയമാക്കേണ്ട രേഖകളും നടപടിക്രമങ്ങളും സംബന്ധിച്ച അവ്യക്തത ഓഡിറ്റിംഗിനെ സാരമായി ബാധിക്കുന്നുണ്ട്. നിരവധി ഓഡിറ്റ് നിരീക്ഷണങ്ങൾ രേഖപ്പെടുത്തുവാൻ ഓഡിറ്റർമാർ നിർബന്ധിതരാകുകയും ഓഡിറ്റ് നിരീക്ഷണങ്ങളെ ഭയന്ന് പദ്ധതി നിർവഹണത്തിൽ ഉദ്യോഗസ്ഥർ വിമുഖത കാട്ടുകയും ചെയ്ത പശ്ചാത്തലത്തിലാണ് പരിശീലനം സംഘടിപ്പിക്കാൻ തീരുമാനിച്ചത്.

## നഗരസഭകളിലെ വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കു പരിശീലനം

സംസ്ഥാനത്തെ നഗരസഭകളിലെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള ത്രിദിന പരിശീലനം കിലയിൽ തുടങ്ങി. നഗരസഭയുടെ വികസനസ്വപ്നം പങ്കുവയ്ക്കൽ, കേരളത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ സവിശേഷതകൾ, വികസന സ്ററാൻഡിംഗ് കമ്മിറ്റിയുടെ ചുമതലകൾ, പ്രാദേശിക വികസനം, പതിമൂന്നാം പഞ്ചവത്സര പദ്ധതി, പദ്ധതി സംയോജനം, ജില്ലാപദ്ധതിയുടെ പ്രസക്തി, സ്ഥിതിവിവര കണക്കുകളുടെ സ്രോതസ്സുകൾ, പദ്ധതി ആസൂത്രണവും നിർവഹണവും, സ്റ്റാൻഡിംഗ്കമ്മിറ്റിയും ഉദ്യോഗസ്ഥരും,വികസനസ്റ്റാൻഡിംഗ് കമ്മിററിയും പദ്ധതി മോണിറ്ററിംഗും തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം

## വടക്കാഞ്ചേരി പുഴസംരക്ഷണം

വടക്കാഞ്ചേരി പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഹരിതകേരളം മിഷനിലൂടെ കേരളത്തിന്റെ പച്ചപ്പ് വീണ്ടെടുക്കാൻ കഴിയണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പി.കെ.ബിജു എം.പി. പറഞ്ഞു.

പുഴ സംരക്ഷണ പരിപാടി ദേശീയതലത്തിൽ തന്നെ മാതൃകയാകണമെന്ന ചടങ്ങിൽ സ്വാഗതമാശംസിച്ച ജില്ലാകലക്ടർ ഡോ.എ.കൗശികൻ പറഞ്ഞു. പുഴ സംരക്ഷണത്തിനായുള്ള കരടു പദ്ധതിരേഖ പി.വിനോദ് കുമാർ അവതരിപ്പിച്ചു.

## തെലുങ്കാനയിലെ ബി.ഡി.ഒ മാർ കിലയിൽ

അധികാരവികേന്ദ്രീകരണവും പ്രാദേശികഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചു പഠിക്കാൻ തെലുങ്കാന സംസ്ഥാനത്തുനിന്നുള്ള മണ്ഡൽ പഞ്ചായത്ത് ഡെവലപ്പ്മെന്റ് ഓഫീസർമാരായ ബി.ഡി.ഒ. പ്രബേഷണറിമാരുടെ 22 അംഗസംഘം കിലയിലെത്തി. കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. നാലുദിവസത്തെ പരിശീലനത്തിനിടയിൽ സംഘം കാട്ടൂർ ഗ്രാമപഞ്ചായത്തും ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തും പാലക്കാട് ജില്ലാപഞ്ചായത്തും സന്ദർശിച്ചു. സംഘത്തിൽ പത്തുപേർ വനിതകളാണ്.

## ദുരന്തനിവാരണത്തെക്കുറിച്ച് പരിശീലനം

ദുരന്തനിവാരണത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ച് അഞ്ചുദിവസത്തെ പരിശീലനം കൊട്ടാരക്കരയിലെ കില (എസ്.എച്ച്.ആർ.ഡി.)യിൽ സംഘടിപ്പിച്ചു. ഹൈദരാബാദിലെ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ആന്റ് പഞ്ചായത്തിരാജ് സ്ഥാപനമാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്. എൻ.ഐ.ആർ.ഡി യിലെ പ്രൊഫ. ഡോ-.ഇ.വി.പ്രകാശ് റാവു ഉദ്ഘാടനം ചെയ്തു. തദ്ദേശഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും സാമൂഹ്യാധിഷ്ഠിത സംഘടനകളുടെയും സർക്കാർ ഇതര സന്നദ്ധസംഘടനകളുടെയും പ്രതിനിധികളാണ് പരിശീലനത്തിൽ പങ്കെടുത്തത്.

# കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങൾക്ക് ശക്തിപകർന്ന ആദ്യകാലനോവലുകൾ

**ജെസി നാരായണൻ**

1889 ലാണ് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവലായ ഇന്ദുലേഖ പുറത്തുവന്നത്. സ്ത്രീയുടെ ബൗദ്ധികവീര്യത്തെ ആയുധമാക്കി നടത്തിയ പ്രക്ഷോഭത്തിലൂടെ അന്നത്തെ സമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ ചന്തുമേനോനു കഴിഞ്ഞു. കേരളത്തിൽ സ്ത്രീശാക്തീകരണ പ്രസ്ഥാനത്തിന്റെ ചലനങ്ങൾ ഉണ്ടാകുന്നതിന് മുമ്പാണ് സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് ചന്തുമേനോൻ ഈ ത്ധലികാപ്രക്ഷോഭം നടത്തിയത്.

കേരളത്തിൽ നവോത്ഥാനപ്രസ്ഥാനത്തിനു സമാന്തരമായിട്ടാണ് മലയാള നോവൽ സാഹിത്യവും ആവിർഭവിച്ചത്. അതുകൊണ്ടുതന്നെ അന്നത്തെ നോവലുകളിൽ നവോത്ഥാനമൂല്യങ്ങൾ കടന്നുവന്നത് സ്വാഭാവികമാണ്. അടിമത്തം, ദാരിദ്ര്യം , അനാചാരം എന്നിവയ്ക്കൊപ്പം സ്ത്രീയുടെ അധോഗതിയും നോവലിനു വിഷയമായിത്തീർന്നു. മലയാളത്തിലെ ക്ലാസിക് നോവലുകളായി പരിഗണിക്കുന്ന ഇന്ദുലേഖ, മാർത്താണ്ഡവർമ്മ എന്നിവയ്ക്ക് മുമ്പും പിമ്പുമായി പുറത്തു വന്ന മറ്റു നോവലുകളെല്ലാം നായികാപ്രാധാന്യമുള്ളവയായിരുന്നു. ഈ നോവലുകളിലെ സ്ത്രീകഥാപാത്രങ്ങൾ സ്ത്രീസമത്വം, സ്ത്രീസ്വാതന്ത്ര്യം, സ്ത്രീശക്തി എന്നിവ ലക്ഷ്യമിടുന്ന ഇന്നത്തെ സ്ത്രീശാക്തീകരണ പ്രസ്ഥാനത്തിന് ഉശിരും ഊർജ്ജവും പകർന്നുകൊടുത്തവരാണെന്നതിൽ സംശയമില്ല.

1887-ൽ പ്രസിദ്ധീകരിച്ച മലയാളത്തിലെ ആദ്യനോവലായ കുന്ദലത രാജപ്രഭുവർഗ്ഗങ്ങളുടെ കഥ പറയുന്ന ഒരു ഗദ്യറൊമാൻസാണ്. കുന്ദലത എന്ന കഥാപാത്രം രൂപലാവണ്യത്തിനപ്പുറമായി ബുദ്ധിവൈഭവംകൊണ്ടും സ്വഭാവഗുണംകൊണ്ടും ബഹുമാന്യത നേടി. ഉത്തമസ്ത്രീസങ്കല്പത്തിനിണങ്ങുന്ന ദയ, സ്നേഹം, വിനയം, അധർമ്മഭീരുത്വം തുടങ്ങിയ ഗുണവിശേഷങ്ങൾക്കപ്പുറത്തേക്ക് കുന്ദലതയുടെ വ്യക്തിത്വം വികസിക്കുന്നതിന് യോഗീശ്വരനിൽനിന്നും ലഭിച്ച ശാസ്ത്രീയമായ വിദ്യാഭ്യാസം വഴിയൊരുക്കി. പ്രണയം, വിരഹം തുടങ്ങിയ ഘട്ടങ്ങളിൽ അവൾ സ്വയം നിയന്ത്രിക്കാൻ പ്രയാസപ്പെടുന്ന ഒരു സാധാരണ പെണ്ണാണെന്നു തോന്നാമെങ്കിലും തന്റെ പ്രാണേശ്വരനോട് ഉള്ളിലുള്ളത് തുറന്നുപറയാനുള്ള ധൈര്യം കാണിച്ചു എന്നത് കുന്ദലതയുടെ ധീരപ്രണയത്തിന്റെ ലക്ഷണമായി കാണാം.

1889 ലാണ് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവലായ ഇന്ദുലേഖ പുറത്തുവന്നത്. സ്ത്രീയുടെ ബൗദ്ധികവീര്യത്തെ ആയുധമാക്കി നടത്തിയ പ്രക്ഷോഭത്തിലൂടെ അന്നത്തെ സമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ ചന്തുമേനോനു കഴിഞ്ഞു. കേരളത്തിൽ സ്ത്രീശാക്തീകരണ പ്രസ്ഥാനത്തിന്റെ ചലനങ്ങൾ ഉണ്ടാകുന്നതിന് മുമ്പാണ് സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് ചന്തുമേനോൻ ഈ ത്ധലികാപ്രക്ഷോഭം നടത്തിയത്. ഇന്നത്തെ പുരുഷാധിപത്യസമൂഹത്തിൽ സ്വന്തം വ്യക്തിത്വം നിലനിർത്താനായി സ്ത്രീ സ്വയം ശക്തിയാർജ്ജിക്കുമ്പോൾ ഇന്ദുലേഖ എന്ന കഥാപാത്രം സ്ത്രീസമൂഹത്തിനു നൽകുന്ന പ്രചോദനവും ആത്മവിശ്വാസവും ചില്ലറയല്ല. സംബന്ധവും ബഹുഭാര്യാത്വവും ബാലവിവാഹവുമൊക്കെ ബ്രാഹ്മണമേധാവിത്വത്തിന്റെ ചൊൽപ്പടിക്കുള്ളിൽ ആരാലും എതിർക്കപ്പെടാതെ നിലനിന്നുപോന്ന ആ കാലത്ത് ഇന്ദുലേഖ കാണിച്ച തന്റേടത്തിലൂടെ, സ്ത്രീയുടെ ഉടൽസൗന്ദര്യമല്ല, മറിച്ച് അവളുടെ ബൗദ്ധികമായ ഉന്നതിയാണ് വ്യക്തിത്വത്തിന്റെ മാനദണ്ഡമെന്ന് നോവലിസ്റ്റ് വെളിപ്പെടുത്തി.

ഇന്ദുലേഖയ്ക്കു തൊട്ടുപിന്നാലെ വന്ന നോവലാണ് കോഴിക്കോട്ട് പടിഞ്ഞാറെ കോവിലകത്ത് അമ്മൻരാജ (1890) രചിച്ച ഇന്ദുമതീസ്വയംവരം. കാലവും ദേശവും ലക്ഷണയുക്തമായ നോവലിന് ഒഴിച്ചുകൂടാനാവാത്തതാണെന്നിരിക്കെ, ഇന്ദുമതീസ്വയംവരം എന്ന നോവൽ കാലത്തിന്റെ മാറ്റങ്ങളെ സ്പർശിക്കാതെ പോയെന്നു പറയേണ്ടിയിരിക്കുന്നു. നവോത്ഥാനമൂല്യങ്ങളോട് പുറംതിരിഞ്ഞുനിന്നുകൊണ്ടാണ് നോവലിസ്റ്റ് ഇന്ദുമതിയെന്ന നായികയ്ക്ക് രൂപം കൊടുത്തിട്ടുള്ള തെന്നു പറയേണ്ടിവരും.

ലക്ഷണയുക്തമായ ഒരു നോവലായി പരിഗണിക്കപ്പെട്ടിട്ടില്ലെങ്കിലും സി.ചാത്തുനായരുടെ (1890) മീനാക്ഷി സംഭവബഹുലമായൊരു കഥയാണ്. ഇതിലെ നായിക- ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച മീനാക്ഷി- തന്റെ വ്യക്തിതാല്പര്യം സംരക്ഷിക്കാൻ നടത്തുന്ന പോരാട്ടവും അതിൽ അവൾ കൈവരിക്കുന്ന വിജയവുമാണ് പ്രമേയം.

സാമൂഹ്യവ്യവസ്ഥിതിക്കെതിരെ മീനാക്ഷി നടത്തുന്ന പോരാട്ടത്തിലൂടെയാണ് അവളിലെ വ്യക്തിത്വം പ്രകടമാകുന്നത്. താൻ സ്നേഹിച്ച പുരുഷനുമായുള്ള വിവാഹത്തിന് നമ്പൂതിരി പ്രഭുത്വശക്തിയുടെ രൂപത്തിലും കനകമംഗലത്തെ യുവരാജാവിന്റെ അധികാരശക്തിയുടെ രൂപത്തിലും പ്രതിബന്ധമുണ്ടായപ്പോൾ മീനാക്ഷി അതിനെ തരണം ചെയ്തത് കയ്യൂക്കുകൊണ്ടല്ല, മറിച്ച് തന്റെ ബുദ്ധിയും യുക്തിയും അറിവും അവസരത്തിനൊത്ത് പ്രയോഗിച്ചുകൊണ്ടാണ്. ഇതിന് അവൾക്ക് ധൈര്യവും ആത്മവിശ്വാസവും ലഭിച്ചതാകട്ടെ അവൾ ആർജ്ജിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസവും.

1891 ൽ സി.വി.രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ പ്രസിദ്ധീകൃതമായപ്പോൾ മലയാളത്തിലെ ആദ്യത്തെ ചരിത്രാഖ്യായികയായി ആ നോവൽ അംഗീകരിക്കപ്പെട്ടു. ഉജ്ജ്വല കഥാപാത്രങ്ങളും സംഭവബഹുലമായ ചരിത്രസന്ദർഭങ്ങളും മഹത്തായ ആഖ്യാനരീതിയുംകൊണ്ട് ക്ലാസിക് നോവ ലായി മാറിയ ഈ നോവലിന് ഇത്രയേറെ ഖ്യാതി നേടാനായത് ഇതിലെ ഉജ്ജ്വലകഥാപാത്രമായ സുഭദ്ര കാരണമാണെന്ന കാര്യം തർക്കമില്ലാത്തതാണ്. സ്ത്രീയുടെ ഔന്നത്യത്തിന് പ്രാധാന്യം കൊടുത്ത് സി.വി. ബോധപൂർവം സൃഷ്ടിച്ചെടുത്ത കഥാപാത്രമാണ് സുഭദ്ര. സ്ത്രീകളുടെ അധഃപതനത്തിൽനിന്ന് അവരെ കരകയറ്റാൻ സ്ത്രീയെത്തന്നെ ആയുധമാക്കുകയായിരുന്നു അദ്ദേഹം. ഇതിൽനിന്നും മഹത്തായ ഒരു സാമൂഹ്യവിപ്ലവത്തിനും സ്ത്രീനവോത്ഥാനത്തിനും വഴിതെളിക്കുകയായിരുന്നു അദ്ദേഹം. ഒരു നൂറ്റാണ്ടിനപ്പുറത്തു ജനിക്കാനിരിക്കുന്ന സ്ത്രീയെയാണ് നോവലിസ്റ്റ് തന്റെ ഭാവനയിൽ വിരിയിച്ചത്. സ്ത്രീശക്തിയുടെ വ്യാപ്തിയും മഹത്വവും ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള ശ്രമമാണ് സുഭദ്രയിലൂടെ സി.വി. നടത്തിയത്. അധികാരമോഹികളെയും ധനമോഹികളെയും സ്ത്രീവിഷയതല്പരരായ വിടന്മാരെയും അവസരവാദികളെയുമൊക്കെ നോവലിൽ തുറന്നുകാട്ടുന്നത് സുഭദ്രയാണ്. അതിനായി അവളുടെ ബുദ്ധിവൈഭവത്തെയും ചിന്താശക്തിയെയും ഭാവനയെയും സി.വി. ഉണർത്തിയെടുത്തു. പ്രതികാരചിന്ത ഉണർത്തി അവളിലെ കരുത്തിനെ പുറത്തെടുത്തു. കുലദ്രോഹികളെയും രാജ്യദ്രോഹികളെയും പിടിച്ചുകെട്ടാനും ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് യുവരാജാവിനെ രക്ഷിക്കാനും സേനാനായകന്റെ കൊലപാതകത്തെക്കുറിച്ച് അന്വേഷണം നടത്തി സത്യം വെളിച്ചത്തുകൊണ്ടുവരാനുമെല്ലാം സി.വി. ഉപയോഗിച്ചത് സുഭദ്രയുടെ കരങ്ങളെയാണ്. ഇതിലൂടെ സ്ത്രീക്ക് അസാധ്യമായതൊന്നുമില്ലെന്ന് സി.വി. തെളിയിച്ചു.

ഒ.ചന്തുമേനോൻ

1892 ൽ പോത്തേരി കുഞ്ഞമ്പു രചിച്ച സരസ്വതീവിജയം പേരു സൂചിപ്പിക്കുന്നതു പോലെ സ്ത്രീയുടെ വിജയമാണ് ആഘോഷിക്കുന്നത്. സാമുദായിക-സാമൂഹിക വ്യവസ്ഥിതികൾക്കെതിരെയുള്ള പോരാട്ടത്തിൽ സ്ത്രീയെയാണ് നോവലിസ്റ്റ് മുന്നണിപ്പോരാളിയാക്കുന്നത്. വരാനിരിക്കുന്ന ജാതിരഹിതസമൂഹമെന്ന സ്വപ്നം മുന്നിൽ കണ്ടുകൊണ്ടാണ് പോത്തേരി കുഞ്ഞമ്പു ഈ നോവലിന് ഇതിവൃത്തമുണ്ടാക്കിയിരിക്കുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനൊപ്പം നിലനില്പിനുള്ള ഒരു ബദൽ സങ്കേതമെന്ന നിലയ്ക്ക് ക്രിസ്തുമതത്തിലുള്ള വിശ്വാസവുമാണ് ഇവിടെ നായികയുടെ ആയുധങ്ങൾ. സ്ത്രീസ്വാതന്ത്ര്യത്തിന് വില കല്പിക്കാത്ത നമ്പൂതിരി സമുദായത്തിന്റെ ഏറ്റവും മ്ലേച്ഛമായ ആചാരമായിരുന്നു ജാതിഭ്രഷ്ട്. ഇത് സ്ത്രീകളുടെ മേൽ പ്രയോഗിക്കുമ്പോഴാകട്ടെ അത് വൻ ആഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. അതുപോലെതന്നെ ബാലവിവാഹം, ബഹുഭാര്യാത്വം, നമ്പൂതിരിസംബന്ധം തുടങ്ങിവയെല്ലാം സ്ത്രീജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. അങ്ങനെ നോക്കുമ്പോൾ സരസ്വതീവിജയം സ്ത്രീകളുടെ മുന്നേറ്റത്തിന്റെ കഥയായി മാറുന്നു. ഇഷ്ടപ്പെട്ട പുരുഷനുമായുള്ള വിവാഹം സാധ്യമാക്കുന്നതിലൂടെ സരസ്വതി തന്റെ വ്യക്തിസ്വാതന്ത്ര്യം ഉറപ്പിക്കുകയും ചെയ്യുന്നു. സ്ത്രീ ചപലയാണെന്നും അബലയാണെന്നുമുള്ള സങ്കല്പങ്ങളെ തിരുത്തി കുറിക്കാൻ പോന്ന ധൈര്യവും തന്റേടവും സരസ്വതിയിൽ പ്രകടമാണ്.

സിറിയൻ ക്രിസ്ത്യൻ സമുദായത്തിന്റെ പശ്ചാത്തലത്തിൽ കുന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കരി രചിച്ച നോവലാണ് പരിഷ്കാരപ്പാതി(1892). സ്ത്രീ കുടുംബത്തിനുള്ളിൽ നേരിട്ടു

1891 ൽ സി.വി.രാമൻ പിള്ളയുടെ മാർത്താണ്ഡവർമ്മ പ്രസിദ്ധീകൃതമായപ്പോൾ മലയാളത്തിലെ ആദ്യത്തെ ചരിത്രാഖ്യായികയായി ആ നോവൽ അംഗീകരിക്കപ്പെട്ടു. ഉജ്ജ്വല കഥാപാത്രങ്ങളും സംഭവബഹുലമായ ചരിത്രസന്ദർഭങ്ങളും മഹത്തായ ആഖ്യാനരീതിയുംകൊണ്ട് ക്ലാസിക് നോവ ലായി മാറിയ ഈ നോവലിന് ഇത്രയേറെ ഖ്യാതി നേടാനായത്

*അപ്പു നെടുങ്ങാടി*

ന്ന പ്രശ്നങ്ങളാണ് നോവലിലെ മുഖ്യവിഷയം. നാത്തുൻപോരും അമ്മായിയമ്മപ്പോരും പൊറുതിമുട്ടിക്കുന്ന ആ സ്ത്രീജീവിതത്തിലൂടെ സമൂഹത്തിന്റെ കണ്ണുതുറപ്പിക്കാനുള്ള ശ്രമമാണ് നോവലിസ്റ്റ് നടത്തിയത്.

ആധുനിക സംസ്കാരത്തിന്റെ മുദ്രകൾ പതിഞ്ഞ ഒരു കൊച്ചു നോവലാണ് കോമാട്ടിൽ പാഡുമേനോൻ രചിച്ച ലക്ഷ്മീകേശവം (1892). ഇതിലെ നായികയായ ലക്ഷ്മി മദിരാശിയിൽ പോയി ഇംഗ്ലീഷ് പഠിച്ച യുവതിയാണ്. അന്നത്തെ സമൂഹത്തിൽ ഒരു സ്ത്രീ ചിന്തിക്കാൻപോലും ധൈര്യപ്പെടാത്ത വെല്ലുവിളികളാണ് ലക്ഷ്മി ഏറ്റെടുക്കുന്നത്. തനിക്കിഷ്ടമില്ലാത്ത വിവാഹത്തിൽനിന്നും രക്ഷപ്പെടാനായി ലക്ഷ്മി തനിയെ ബാംഗ്ലൂരിലേക്കു തീവണ്ടി കയറുന്നതും തീവണ്ടിയിൽവച്ചുണ്ടായ ബലാൽക്കാരത്തിൽനിന്നും കഷ്ടിച്ച് രക്ഷപ്പെടുന്നതും മറ്റും ചിത്രീകരിക്കുന്നതിലൂടെ നായികയുടെ അതിജീവനതന്ത്രങ്ങളാണ് നോവലിസ്റ്റ് ആവിഷ്കരിക്കുന്നത്. സ്ത്രീസുരക്ഷയ്ക്ക് ഭീഷണിയേറുന്ന ഈ കാലഘട്ടത്തിൽ ലക്ഷ്മിയുടെ ആത്മശക്തിക്ക് വലിയ പ്രാധാന്യമുണ്ട്.

കിഴക്കേപ്പാട്ട് രാമൻകുട്ടി മേനോൻ രചിച്ച പറങ്ങോടീപരിണയം ഒരു പരിഹാസനോവലാണെങ്കിലും അതിന്റെ ഉള്ളടക്കം കാമ്പുള്ളതാണ്. താഴ്ന്ന ജാതിക്കാരും സ്ത്രീകളും ഇംഗ്ലീഷ് പഠിച്ച് സംസ്കാരസമ്പന്നരാകുന്നതും വിദ്യ ആയുധമാക്കി വ്യവസ്ഥിതികൾക്കെതിരെ പോരാടുന്നതും അന്നത്തെ സവർണമേധാവിത്വത്തിന് ദഹിക്കുന്ന കാര്യമായിരുന്നില്ല എന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുകയായിരുന്നു നോവലിസ്റ്റിന്റെ ലക്ഷ്യം. പറങ്ങോടി എന്ന നായികയിലെ വ്യക്തിത്വത്തെ സമൂഹത്തിന് അംഗീകരിക്കാനാവില്ലെങ്കിലും പറങ്ങോടി വരുംകാലത്തെ സ്ത്രീശക്തിയുടെ പ്രതിനിധിയാണെന്നു സമ്മതിക്കേണ്ടിവരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ മറ്റു നോവലുകളിൽനിന്നെല്ലാം കെട്ടിലും മട്ടിലും ഇതിവൃത്തസ്വീകാര്യതയിലും വേറിട്ടു നിൽക്കുന്ന നോവലാണ് ജോസഫ് മൂളിയിൽ (1897) രചിച്ച സുകുമാരി . സ്ത്രീയിലെ സ്നേഹാർദ്രഭാവങ്ങൾക്കാണ് നോവലിസ്റ്റ് പ്രാധാന്യം നൽകിയിരിക്കുന്നത്.

സ്വാതന്ത്ര്യത്തിനുമുമ്പുള്ള കേരളീയസ്ത്രീയുടെ ജീവിതപരിഛേദമാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ നോവലുകൾ. മലയാളനോവലിൽ ശക്തരായ സ്ത്രീകഥാപാത്രങ്ങളുടെ സാന്നിദ്ധ്യം വളരെ അപൂർവമാണെന്ന് സമ്മതിക്കുമ്പോഴും സ്ത്രീയുടെ സ്വാതന്ത്ര്യപ്പോരാട്ടങ്ങൾക്ക് നവോത്ഥാനകാല നോവലുകൾ ശക്തിപകർന്നു എന്നത് നിഷേധിക്കാനാവാത്ത കാര്യമാണ്. ഇന്ന് സർവ്വമേഖലകളിലും കാണുന്ന സ്ത്രീമുന്നേറ്റത്തിന്റെ പതാകാവാഹകരായി ആ സ്ത്രീകഥാപാത്രങ്ങളെ പരിഗണിക്കാം.

സ്വാതന്ത്ര്യത്തിനുമുമ്പുള്ള കേരളീയസ്ത്രീയുടെ ജീവിതപരിഛേദമാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ നോവലുകൾ. മലയാള നോവലിൽ ശക്തരായ സ്ത്രീകഥാപാത്രങ്ങളുടെ സാന്നിദ്ധ്യം വളരെ അപൂർവമാണെന്ന് സമ്മതിക്കുമ്പോഴും സ്ത്രീയുടെ സ്വാതന്ത്ര്യപ്പോരാട്ടങ്ങൾക്ക് നവോത്ഥാനകാലനോവലുകൾ ശക്തിപകർന്നു എന്നത് നിഷേധിക്കാനാവാത്ത കാര്യമാണ്.

## ജി.എസ്.റ്റി രജിസ്ട്രേഷൻ- സർക്കുലർ പുറപ്പെടുവിച്ചു.

കേരള സംസ്ഥാന ചരക്കു സേവന നികുതി നിയമം 2017-ലെ 22(1), 25(6) വകുപ്പുകൾ പ്രകാരം സർക്കാർ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
(ബി1/157/2017) ടാക്സസ്, തീയതി 24-10-2017)

# വാർത്തകൾ വിശേഷങ്ങൾ

## മരാമത്ത് പ്രവർത്തികളിൽ ജി.എസ്.ടി - ഉത്തരവ് പുറപ്പെടുവിച്ചു.

01.07.2017 മുതൽ കേന്ദ്രസർക്കാർ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലാക്കിയതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം ജി.എസ്.ടി. ചട്ടങ്ങൾക്ക് അനുസൃതമായി നടപ്പിൽ വരുത്തുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.
(സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ, തീയതി 01-11-2017)

## പദ്ധതിപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സന്നദ്ധപ്രവർത്തകനെ നിയമിക്കാം.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രതിമാസം 5000/- രൂപ നിരക്കിൽ ഓണറേറിയം വ്യവസ്ഥയിൽ സന്നദ്ധപ്രവർത്തകനെ നിശ്ചയിക്കുന്നതിന് അനുമതി നൽകി ഉത്തരവായി. ജനകീയാസൂത്രണ പരിപാടിയുടെ ജില്ലാതല ഫെസിലിറ്റേറ്റർമാരെ നിയമിച്ചുകൊണ്ടും എസ്.ആർ.ജി. അംഗങ്ങൾക്കുള്ള ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ടും ജനകീയാസൂത്രണ ജില്ലാതല ഫെസിലിറ്റേറ്റർമാർക്കും ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനികൾക്കും പുതുതായി ഓണറേറിയം നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു.
(സ.ഉ(സാധാ) നം. 3526/2017/തസ്വഭവ, തീയതി 01-11-2017)

## സാമൂഹ്യ സുരക്ഷാ പെൻഷൻ- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ സംയോജിപ്പിച്ചുകൊണ്ടും പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി. ഉത്തരവ് പ്രകാരം സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽനിന്നും പ്രസ്തുത തുക ഈടാക്കുന്നതും ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽനിന്നും പെൻഷൻ ഉൾപ്പെടെ യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതുമല്ല.
(സ.ഉ(എം.എസ് 483/2017/ധന, തീയതി തീയതി 06-11-2017)

## വരുമാന സർട്ടിഫിക്കറ്റിനു പകരം രേഖകൾ നിശ്ചയിച്ചു.

2017-18 വാർഷിക പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സബ്സിഡിയായി ചെറിയ തുക ലഭിക്കുന്ന കാര്യങ്ങളിൽ വരുമാന സർട്ടിഫിക്കറ്റിനു പകരം റേഷൻ കാർഡിലെ വരുമാനം / നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം/മുൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവയിലേതെങ്കിലും അടിസ്ഥാനമാക്കി ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.
(സ.ഉ(സാധാ) നം. 3525/2017/തസ്വഭവ, തീയതി 01-11-2017)

## ഈസ് ഓഫ് ഡൂയിങ് ബിസിനസ് - നടപടിക്രമങ്ങൾ ലഘൂകരിച്ചു.

ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ ഭാഗമായി ഡി & ഒ ലൈസൻസ് നൽകുന്നതിനും (ജി.ഒ.(ആർ.റ്റി)നം. 3361/2017/എൽ.എസ്.ജി.ഡി, തീയതി 23-10-2017), പുതിയ വ്യാപാര സംരംഭങ്ങൾ ആരംഭിക്കുന്ന വേളയിൽ സംയുക്ത പരിശോധന നടത്തുന്നതിനും (ജി.ഒ(ആർ.റ്റി)നം.3360/2017/എൽ.എസ്.ജി.ഡി, തീയതി 23-10-2017), തേർഡ് പാർട്ടി സർട്ടിഫിക്കേഷനും (ജി.ഒ (ആർ.റ്റി)നം. 3359/2017/എൽ.എസ്.ജി.ഡി, തീയതി 23-10-2017) ബിൽഡിംഗ് ഡെവലപ്മെന്റ് പ്ലാൻ നൽകുന്നതിനും (ജി.ഒ(ആർ.റ്റി)നം.3358/2017/എൽ.എസ്.ജി.ഡി, തീയതി 23-10-2017) നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചു.

## ജീവനക്കാരുടെ പെരുമാറ്റം - നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

പഞ്ചായത്ത് വകുപ്പിലെ ചില ജീവനക്കാർ മാന്യമല്ലാതെ പൊതുജനങ്ങളോട് പെരുമാറുന്നതായും ഫോണിലൂടെയുള്ള അന്വേഷണങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകുന്നില്ലായെന്നും വിവിധ കോണുകളിൽനിന്നും പരാതി ഉയർന്നുവന്നതിനെ തുടർന്ന് ജീവനക്കാർ പൊതുജനങ്ങളോട് മാന്യമായി പെരുമാറുന്നതിന് പൊതുനിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചു.
(സർക്കുലർ നം. ഡി15-20828/2017, തീയതി 01-11-2017)

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്

# നിളാതീരത്തെ വൈജ്ഞാനിക പെരുമ

ഭാഗം -3

**ടി.വി. അബ്ദുറഹിമാൻകുട്ടി**

ഈ തീരത്തെ തൃത്താലയ്ക്കടുത്ത് മേഴത്തൂർ ഗ്രാമത്തിന്റെ പ്രശസ്തിക്ക് അഗ്നിഹോത്രിയോളം പഴക്കമുണ്ട്. പന്തീരുകുലത്തെ ഐതിഹ്യത്തിലേക്ക് കൈപിടിച്ചിറക്കിയ പന്ത്രണ്ട് മക്കളിൽ വായില്ലാക്കുന്നിലപ്പനൊഴികെ മഹാജ്ഞാനികളുൾപ്പെട്ട പതിനൊന്ന് പേരും ആണ്ടിലൊരിക്കൽ അച്ഛന്റെ ശ്രാദ്ധത്തിന് സംഗമിക്കുന്ന മുഹൂർത്തത്തിലെ രോമാഞ്ചദായകമായ കഥകൾ പറയുന്ന ഗ്രാമം. ശ്രാദ്ധമൂട്ടാൻ ഭീഷ്മാഷ്ടമി നാളിൽ അഗ്നിഹോത്രിയുടെ നേതൃത്വത്തിൽ ഒത്ത് കൂടിയ വാസ്തു വിദ്യയും തച്ചുശാസ്ത്രവും സമന്വയിച്ച ചേമഞ്ചേരി മനയ്ക്ക് 1400 വർഷത്തെ പഴക്കമുണ്ട്. കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന നാമമാത്ര ബ്രാഹ്മണ ഗൃഹങ്ങളിൽ ഒന്നാണിത്. കാർബൺ ഡേറ്റിങ്ങ് പരിശോധനയിലൂടെയാണ് മനയുടെ പഴക്കം നിർണ്ണയിക്കപ്പെട്ടത്.

അഗ്നിഹോത്രി നടത്തിയ 99 സോമ യാഗങ്ങളിലും ശാലാവൈദ്യന്മാരായി നിയോഗിക്കപ്പെട്ടത് വൈദ്യമഠം പൂർവ്വികരെയാണ്. അഷ്ടവൈദ്യന്മാർ ധന്വന്തരിയെ പരദേവതയായി ആരാധിക്കുമ്പോൾ വൈദ്യമഠത്തിന്റെ ഉപാസനാമൂർത്തി ശുകപുരം ദക്ഷിണാമൂർത്തിയാണ്. അഗ്നിഹോത്രി ഇല്ലായിരുന്നെങ്കിൽ വൈദ്യമഠവുമില്ല. യജ്ഞസംസ്കാരത്തെ പരിപോഷിപ്പിച്ച അഗ്നിഹോത്രിയാണ് വൈദ്യമഠം കുടുംബത്തെ മേഴത്തൂർ കുടിയിരുത്തിയത് എന്നാണ് ഐതിഹ്യം. ഈ ഗ്രാമം ഇപ്പോൾ മുഴുവനും വൈദ്യമഠം ഇല്ലപ്പേരിൽ പുകൾപ്പെറ്റാണ് വളരുന്നത്. ഇവിടം മുതൽ തിരുന്നാവായവരെ നിളാതീരം വേദഭൂമിയാണെന്നും വിശ്വസിക്കുന്നവരുണ്ട്.

എം.ടി. വാസുദേവൻനായർ അറിയപ്പെടുന്നത് നിളയുടെ കഥാകാരനായിട്ടാണ്. നിളാതീരത്തെ കൂടല്ലൂരിലിരുന്ന് നാലുകെട്ട്, അസുരവിത്ത്, ഇരുട്ടിന്റെ ആത്മാവ്, നഗരമേ നന്ദി തുടങ്ങിയ പല നോവലുകളിലൂടെ കഥകൾ പറഞ്ഞുയർന്ന് ജ്ഞാനപീഠം തുടങ്ങി പല പുരസ്കാരങ്ങളും നേടിയ മലയാളത്തിന്റെ സുകൃതം എം.ടി. വാസു

ദേവൻനായർ രാജ്യാന്തരങ്ങൾക്കപ്പുറം പ്രശസ്തനായപ്പോഴും ഇടവേളകളിൽ ഈ പുഴയോരത്തെത്തി നിളയെ താലോലിക്കുകയും നാശത്തിൽ സഹതപിക്കുകയും ചെയ്യാറുണ്ടായിരുന്നു.

ഐക്യകേരളം രൂപീകൃതമാവുന്നതുവരെ മലബാർ, തിരു-കൊച്ചി ഈ രണ്ട് രാജ്യങ്ങളുടെ സംസ്കാരങ്ങൾ കോർത്തിണക്കുന്നതിൽ ശ്ലാഘനീയമായ പങ്ക് വഹിച്ച കുറ്റിപ്പുറം പാലത്തിന്മേൽ ശക്തിയുടെ കവി ഇടശ്ശേരി നിളയെ തലോടി പതിറ്റാണ്ടുകൾക്കിപ്പുറം സംഭവിക്കാവുന്ന ഇന്നത്തെ പുഴയുടെ ദുരവസ്ഥ ഇങ്ങനെ കുറിച്ചിട്ടു.

"കളിയും ചിരിയും കരച്ചിലുമായ്
ക്കഴിയും നരനൊരു യന്ത്രമായാൽ-
അംബ പേരാറേ നീ മാറിപ്പോമോ
ആകുലമാമൊരഴുക്കുചാലായ്"

ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുന്ന രാജ്യത്തെ അഞ്ചാമത്തെ ഭാഷയാണ് മലയാളം. 2004 ൽ തമിഴിനും 2005 ൽ സംസ്കൃതത്തിനും 2008 ൽ കന്നടക്കും തെലുങ്കിനും ഈ പദവി ലഭിച്ചിരുന്നു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഉപസമിതി ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കാനായി ചുരുങ്ങിയത് രണ്ടായിരം വർഷത്തെ കാലപ്പഴക്കമെങ്കിലും മലയാളത്തിന് വേണമെന്ന കാരണം ചൂണ്ടിക്കാണിച്ച് കേരളത്തിന്റെ ആവശ്യം നിരസിച്ചു.

മൂലദ്രാവിഡ ഭാഷയിൽ നിന്നാണല്ലോ മലയാളം, തമിഴ്, തെലുങ്ക് തുടങ്ങിയവ രൂപപ്പെട്ടത്. ഇതിൽ കൂടുതൽ സംസ്കൃതി അവകാശപ്പെടാവുന്ന ഭാഷയാണ് തമിഴ്. ഈ ഭാഷയിൽ നിന്നും സംസ്കൃതത്തിൽ നിന്നുമാണ് കുലശേഖരൻമാരുടെ കാലത്ത് മലയാളം പിറവിയെടുത്തത്. 9-ാം നൂറ്റാണ്ട് മുതൽ തന്നെ മലയാളം ഘട്ടം ഘട്ടമായി സ്വതന്ത്രഭാഷയായി പരിണമിച്ചു വന്നു. പാട്ടും മണിപ്രവാളവുമാണ് ആദ്യത്തെ രണ്ട് സാഹിത്യ പ്രസ്ഥാനങ്ങൾ. പാട്ടുകൾ ദ്രാവിഡ അക്ഷരങ്ങളാൽ രൂപപ്പെട്ട കാവ്യങ്ങളാണ്.

മലയാളവും സംസ്കൃതവും ചേർന്നതാണ് മണിപ്രവാളം. സാഹിത്യ കൃതിയായ ആദ്യ കാവ്യം രാമചരിതവും അർത്ഥ ശാസ്ത്രത്തിന്റെ മലയാള വ്യാഖ്യാനമായ ഭാഷാ കൗടലീയവും 12-ാം നൂറ്റാണ്ടിലാണ് ജന്മമെടുത്തത്. തുടർന്ന് രചിച്ച ഉണ്ണിയച്ചിചരിതം, ഉണ്ണിയാടിചരിതം, ഉണ്ണിച്ചിരുതേവിചരിതം, ശിവവിലാസം തുടങ്ങിയവയിൽ കേരളത്തിന്റെ അക്കാലത്തെ സാമൂഹിക വ്യവസ്ഥിതി വിശദീകരിക്കുന്നു. മൂല ദ്രാവിഡ ഭാഷയിൽ നിന്ന് അവസാനം വേർപ്പിരിഞ്ഞ ഭാഷകളാണ് തമിഴും മലയാളവും.

എ.ഡി. എട്ടാം നൂറ്റാണ്ടുവരെ തമിഴ്-മലയാളം പൂർവ്വ ഘട്ടമെന്നും, 800 മുതൽ 1300 വരെ പ്രാചീന മലയാള ക്ലാസിക് ഘട്ടമെന്നും, 1300

മുതൽ 1600 വരെയുള്ള മദ്ധ്യകാല മലയാള ക്ലാസിക് ഘട്ടമെന്നും തിരിച്ചിട്ടുണ്ട്. അതിനു ശേഷമുള്ള കാലത്തെ ആധുനിക ഘട്ടമെന്ന് വിശേഷിപ്പിക്കുന്നു. തമിഴ്-മലയാള പൂർവ്വ ഘട്ടത്തിലുണ്ടായ ചിലപ്പതികാരത്തിൽ 307 വാക്കുകൾ മലയാളമായിരുന്നു. 2500 വർഷത്തെ പഴക്കം ഈ ഭാഷയ്ക്കുണ്ടെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു.

സഹ്യന്റെ പടിഞ്ഞാറ് കടൽ പിറകോട്ട് പോയാണ് കേരളം (ചേരളം) എന്ന പ്രദേശമുണ്ടായതെന്നാണ് ഒരു വിഭാഗം ചരിത്ര പണ്ഡിതന്മാരുടെ നിഗമനം. ആര്യന്മാർ ദക്ഷിണേന്ത്യയിൽ എത്തും മുമ്പേ കേരളമെന്ന പദമുണ്ടെന്നും, രാമായണത്തിലും മഹാഭാരതത്തിലും കേരളം പരാമർശിതമാണെന്നും, ചിലപ്പതികാരം ഉൾപ്പെടെയുള്ള പല സാഹിത്യ കൃതികളും മലയാളത്തിന്റെ ഉൽകൃഷ്ട സമ്പത്താണെന്നും, ഈ കാലഘട്ടത്തിലെ പല പദങ്ങളും മലയാളത്തിൽ മാത്രമാണ് പ്രചാരത്തിലുള്ളതെന്നും, സംഘസാഹിത്യം മലയാളത്തിനും തമിഴിനും മാത്രം അവകാശപ്പെട്ടതാണെന്നും, തൊൽകാപ്പിയത്തിലെ പല വ്യാകരണ പ്രമാണങ്ങളും മലയാളത്തിന് മാത്രമാണ് അനുയോജ്യമായതെന്നും, ഈ കൃതികളെല്ലാം മലയാളത്തിന്റെ നന്മയിലേക്ക് വെളിച്ചം വീശുന്നുണ്ടെന്നും തെളിയിക്കപ്പെട്ടു കഴിഞ്ഞു. ഭാഷാപരവും സാഹിത്യപരവുമായ ഈ തെളിവുകൾ രണ്ടായിരത്തിലധികം വർഷത്തെ പാരമ്പര്യം ഈ ഭാഷയ്ക്ക് ഉണ്ടെന്ന് വ്യക്തമാക്കുന്നു.

മലയാളത്തിന് ഇന്ന് ലോക ഭാഷകളിൽ 18 മുതൽ 34 വരെ സ്ഥാനം നിർണ്ണയിക്കുന്നവരുണ്ട്. അനുദിനം പ്രശസ്തിയിലേക്ക് കുതിക്കുന്നു. ലോകത്ത് മലയാളികളില്ലാത്ത ഇടമില്ല എന്നാണല്ലൊ വാമൊഴി.

**ഭാരതത്തിൽ ഇന്ന് നിലനിൽക്കുന്ന അഭിനയ കലകളിൽ ചുരുങ്ങിയത് രണ്ടായിരം വർഷമെങ്കിലും പാരമ്പര്യമുണ്ടെന്ന് കരുതപ്പെടുന്ന കൂടിയാട്ടം, മഹാവിഷ്ണു സങ്കൽപ്പവുമായി ബന്ധപ്പെട്ട മോഹിനിയാട്ടം, ശാസ്ത്രക്കളി, പാഠകം, കൂത്ത്, ഓട്ടൻതുള്ളൽ, ശീതങ്കം തുള്ളൽ, പറയൻതുള്ളൽ എന്നീ കലാപ്രകടനങ്ങളെല്ലാം ഈ ഈറ്റില്ലം പെറ്റിട്ടതാണ്.**

സൃഷ്ടി സ്ഥിതി സംഹാര മൂർത്തികളായ ബ്രഹ്മാവ്-വിഷ്ണു-ശിവൻ ത്രിമൂർത്തി സംഗമസ്ഥാനം തിരുനാവായ നാവാമുകുന്ദ ക്ഷേത്രം, ആലത്തിയൂർ ഹനുമാൻ കാവ്, നിളയിലാറാട്ടും ശാസ്താവെന്ന് പുകൾപ്പെറ്റ അയ്യപ്പൻ കുടികൊള്ളുന്ന ചമ്രവട്ടം ക്ഷേത്രം തുടങ്ങി പ്രശസ്തമായതും ചെറുതും വലുതുമായ ധാരാളം ക്ഷേത്രങ്ങൾ ഈ ഓരങ്ങളിലുണ്ട്. ലോകോത്തര കലകളായ ക്ഷേത്ര കലകളെല്ലാം ഇവിടെ നിന്ന് ഉത്ഭവിച്ച് ഉരുത്തിരിഞ്ഞവയാണ്.

ഭാരതത്തിൽ ഇന്ന് നിലനിൽക്കുന്ന അഭിനയകലകളിൽ ചുരുങ്ങിയത് രണ്ടായിരം വർഷമെങ്കിലും പാരമ്പര്യമുണ്ടെന്ന് കരുതപ്പെടുന്ന കൂടിയാട്ടം, മഹാവിഷ്ണു സങ്കൽപ്പവുമായി ബന്ധപ്പെട്ട മോഹിനിയാട്ടം, ശാസ്ത്രക്കളി, പാഠകം, കൂത്ത്, ഓട്ടൻതുള്ളൽ, ശീതങ്കം തുള്ളൽ, പറയൻതുള്ളൽ എന്നീ കലാപ്രകടനങ്ങളെല്ലാം ഈ ഈറ്റില്ലം പെറ്റിട്ടതാണ്. ജനകീയ കവി, ഫലിത സാമ്രാട്ട്, തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് തുടങ്ങിയ നിലകളിൽ പ്രശസ്തനായ കുഞ്ചൻനമ്പ്യാർ ജനിച്ചത് ഈ പുഴയോരത്തെ കിള്ളിക്കുറിശ്ശിമംഗലത്തെ കലക്കത്ത് ഭവനത്തിലാണ്. 300 വർഷങ്ങൾക്കുമുമ്പ് തുള്ളൽക്കഥകൾക്ക് ജന്മം സിദ്ധിച്ചതും ക്ഷേത്രകലകളുടെ മൊത്തം ആദിസ്മരണമായ കൂടിയാട്ടത്തെ പരിഷ്ക്കരിപ്പിച്ചതും ഇവിടെയാണ്. ക്ഷേത്രത്തിൽ കൂത്ത് നടക്കുമ്പോൾ ചാക്യാരോട് പിണങ്ങി ഒറ്റ രാത്രികൊണ്ട് നമ്പ്യാർ സംവിധാനം ചെയ്തതാണ് കല്യാണസൗഗന്ധികം ശീതങ്കം തുള്ളലെന്നാണ് ഐതീഹ്യം.

ജ്ഞാനംകൊണ്ട് വിധിയെയും കാലത്തെയും മറികടക്കാൻ ബ്രാഹ്മണനായ മഹാജ്ഞാനി വരരുചിയുടെയും അലംഘനീയമായ വിധിയെ സ്വയം വരിച്ച പറയിപെറ്റ പന്തീരുകുലം ഐതീഹ്യത്തിലെ പറയിപ്പെണ്ണായ പഞ്ചമിയുടെയും ആത്മ സംഘർഷങ്ങൾക്ക് വേദിയായത് ഇവിടെയാണെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ പറയുന്നു.

അഗ്നിഹോത്രിയുടെ മാതാവ് പഞ്ചമി വളർന്ന പട്ടാമ്പി കൊടുമുണ്ട നരിപ്പറ്റമനയും, സഹോദരങ്ങളായ നാറാണത്ത് ഭ്രാന്തന്റെ ലീലാ വിലാസങ്ങൾക്ക് വേദിയായ രായിരനെല്ലൂരും, കാരയ്ക്കലമ്മയുടെ കാരക്കാട്ടും, രജകൻ, ഉള്ളിയന്നൂർ തച്ചൻ, അകവൂർ ചാത്തൻ, തിരുവരങ്ങത്ത് പാണനാർ, വായില്ലാക്കുന്നിലപ്പൻ, വള്ളുവൻ, പാക്കനാർ, വടുതല നായർ, ഉപ്പുകുറ്റൻ എന്നിവർ മാതൃകാ ജീവിതം നയിച്ച പ്രദേശങ്ങളും ഈ നിളയോരത്താണ്. കേളപ്പുകുറ്റൻ അറബി മാപ്പിള സമൂഹത്തിന്റെ മഹത്തായ പ്രതീകമാണെന്നാണ് തിരുവിതാംകൂർ ചീഫ് സെക്രട്ടറിയായിരുന്ന മഹാകവി ഉള്ളൂർ പരമേശ്വരയ്യരുടെ നിഗമനം.

അഗ്നിഹോത്രിയുടെ മാതാവ് പഞ്ചമി വളർന്ന പട്ടാമ്പി കൊടുമുണ്ട നരിപ്പറ്റമനയും, സഹോദരങ്ങളായ നാറാണത്ത് ഭ്രാന്തന്റെ ലീലാ വിലാസങ്ങൾക്ക് വേദിയായ രായിരനെല്ലൂരും, കാരയ്ക്കലമ്മയുടെ കാരക്കാട്ടും, രജകൻ, ഉള്ളിയന്നൂർ തച്ചൻ, അകവൂർ ചാത്തൻ, തിരുവരങ്ങത്ത് പാണനാർ, വായില്ലാക്കുന്നിലപ്പൻ, വള്ളുവൻ, പാക്കനാർ, വടുതല നായർ, ഉപ്പുകുറ്റൻ എന്നിവർ മാതൃകാ ജീവിതം നയിച്ച പ്രദേശങ്ങളും ഈ നിളയോരത്താണ്.

സംഘകാല കവിയത്രി കാക്കച്ചിനൊള്ളയാർ പാടിയ തിരുവില്വാമല, തിരുമിറ്റക്കോട്, തിരുവേഗപ്പുറ, തിരുനാവായ ക്ഷേത്രങ്ങൾ അന്നും ഇന്നും പ്രസിദ്ധം. പഴയ പൊന്നാനി താലൂക്കിൽ ചരിത്രത്തിലും വിശ്വാസത്തിലും പ്രാമുഖ്യമുള്ള തിരുനാവായയിലാണ് യത്നസംസ്കാരത്തെ പുനഃജീവിപ്പിക്കാൻ അഗ്നിഹോത്രി സഭ കൂടിയത്. കേരളത്തിലെ ബ്രഹ്മാവിന്റെ എക ക്ഷേത്രവും ഇവിടെ തന്നെ.

പ്രാചീന കാലത്ത് തുലാം മാസത്തിലെ അമാവാസിക്ക് കർമ്മത്തിനെത്തുന്ന പരശ്ശതം ഭക്തർ പുഴകടന്ന് കാൽനടയായി പൊന്നാനിയിലെത്തി രാപ്പാർത്ത് രാവിലെ സംഗമിച്ച് പഴയ രീതിയിൽ പരസ്പര കൈമാറ്റ സമ്പ്രദായമനുസരിച്ച് കൊടുക്കൽ വാങ്ങൽ നടത്തിയിരുന്നു. ഇതിന്റെ സ്മരണയത്രെ കൊല്ലം തോറും നടക്കാറുള്ള പൊന്നാനി കുറ്റിക്കാട് പരിസരത്തെ വാവുവാണിഭം.

രാജഗുരുവായിരുന്ന പണ്ഡിത ശ്രേഷ്ഠർ ആഴ്വഞ്ചേരി തമ്പ്രാക്കൾ വാഴും ആതവനാട്ടിലെ ചെല്ലൂരിൽ നിന്ന് ഉത്ഭവിക്കുന്ന നിളയുടെ പോഷക നദിയായ തിരൂർ പുഴ പൊന്നാനി പുഴയോരത്താണ് ഐതീഹ്യമാലയിലെ ജ്യോതിശാസ്ത്ര ജ്ഞാനികളായ തലക്കുളത്ത് ഭട്ടതിരിയുടെയും, ഗോവിന്ദൻ ഭട്ടതിരിയുടെയും സന്തതി പരമ്പര പാഴൂർ പഠിപ്പുര. ഈ പുഴ ഒഴുകിയെത്തുന്ന പൊന്നാനി അഴിമുഖം ത്രിവേണി സംഗമസ്ഥാനമാണ്. ഇവിടെ പ്രമുഖ പക്ഷി സങ്കേത കേന്ദ്രം കൂടിയാണ്. പുഴയിലെ ഓരോ തുള്ളി ജലവും ഇതിലൂടെ ഒഴുകി കടലിൽ ലയിച്ച് കാലത്തിന്റെ അനന്തപ്രയാണത്തിൽ അനശ്വര വ്യക്തിമുദ്ര പതിപ്പിച്ചവരുടെ ത്യാഗോജ്ജ്വലകഥകളുമായി തിരമാലകൾ അശ്വമേധങ്ങൾക്കും, പടയോട്ടങ്ങൾക്കും മഹാ സമ്മേളനങ്ങൾക്കും സാക്ഷിയായ കടപ്പുറത്തെ പഞ്ചാര മണലിനെ മുത്തം വെക്കുന്നു.

'സതി നിന്നലതൊട്ടതെന്നലേറ്റാൽ
മതി, നൽ സ്വർഗ്ഗസുഖം നരർക്കു കിട്ടാൻ
അതിപാവനനിൻ ജലത്തിൽ മുങ്ങ-
ന്നതിനാലുള്ളൊരവസ്ഥയെന്തു പിന്നെ'

ഈ കവിതയിലൂടെ ഭാരതപ്പുഴയുടെ മഹത്തായ സംസ്കൃതിയെ സ്വർഗ്ഗത്തോളം വാഴ്ത്തിയ വള്ളത്തോളിന്റെ സ്വപ്നസാക്ഷാത്ക്കാരം കൂടിയാവാം അദ്ദേഹത്തിന്റെ ജന്മപ്രദേശത്തെ മലയാളം സർവ്വകലാശാല.

(അവസാനിച്ചു)

**അറിയിപ്പ്**

സ്ഥലപരിമിതിമൂലം ചില പംക്തികൾ ഈ ലക്കം ഉൾപ്പെടുത്താൻ സാധിച്ചില്ല.

-എഡിറ്റർ



# ഖാദി ഗ്രാമവ്യവസായവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

**എം.വി.ബാലകൃഷ്ണൻ മാസ്റ്റർ**

ഖാദി ഒരു സംസ്കാരമാണ്. ഗാന്ധിജി നേതൃത്വം കൊടുത്ത ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ഒരു ഉല്പന്നമാണത്. ദേശീയതയുടെ പ്രതീകവും സ്വദേശീ പ്രസ്ഥാനത്തിന്റെ അഭിമാനവും കൂടിയാണ്. ഇന്ത്യയ്ക്കകത്ത് പഞ്ഞി, സില്ക്ക് അല്ലെങ്കിൽ കമ്പിളി ഉപയോഗിച്ച് കൈകൊണ്ട് നൂൽ ഉണ്ടാക്കി അവയെ രണ്ടോ, എല്ലാം കൂടിയോ കൂട്ടി ചേർത്ത് കൈകൊണ്ട് തറിയിൽ നെയ്തുണ്ടാക്കുന്ന തുണിയാണ് ഖാദി. പരിസ്ഥിതി അനുയോജ്യമാണത്.

കേരളത്തിൽ ഖാദി ഗ്രാമവ്യവസായ രംഗം നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഏറെ സങ്കീർണ്ണവും വൈവിധ്യവും നിറഞ്ഞതാണ് ഈ വ്യവസായം. ഉല്പാദനം, ഉല്പാദനക്ഷമത, ആധുനികവല്ക്കരണം, വിപണന സാധ്യതകൾ തുടങ്ങിയവ പുനരാവിഷ്കരിക്കാനും, വിപുലീകരിക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും തൊഴിലാളികളു

കേരളത്തിൽ ഖാദി ഗ്രാമവ്യവസായ രംഗം നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഏറെ സങ്കീർണ്ണവും വൈവിധ്യവും നിറഞ്ഞതാണ് ഈ വ്യവസായം.

**കേരളത്തിൽ പതിമൂവായിരത്തിലധികം തൊഴിലാളികൾ ഖാദി മേഖലയിൽ തൊഴിൽ എടുക്കുന്നു. ഇതിൽ 99%വും സ്ത്രീ തൊഴിലാളികളാണ്. മാത്രമല്ല, ഖാദിക്കും ഗ്രാമീണ വ്യവസായങ്ങൾക്കും തുല്യ പ്രാധാന്യമാണുള്ളത്.**

ടെ അദ്ധ്വാനഭാരം കുറയ്ക്കാനും കഴിയണം. അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം. തൊഴിലുപകരണങ്ങളിൽ കാലോചിതമായ മാറ്റം അത്യന്താപേക്ഷിതമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കണം. ചുരുക്കത്തിൽ ഖാദി ഗ്രാമ വ്യവസായ രംഗത്തെ നാനാമുഖമായ വളർച്ചയ്ക്ക് നാനാരംഗത്തുമുള്ള സഹായ സഹകരണങ്ങൾ അത്യന്താപേക്ഷിതമാണ്.

ഖാദി ഗ്രാമ വ്യവസായ ബോർഡുകളും ഖാദി ഗ്രാമവ്യവസായ കമ്മീഷനും നിയമം മൂലം രൂപീകരിച്ച സ്ഥാപനങ്ങളാണ്. രാഷ്ട്രപിതാവിന്റെ ദർശനങ്ങൾ ഗ്രാമീണ ജനങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിക്കും പുരോഗതിക്കും ഈ മേഖലയിലൂടെ കരുത്തേകുന്നു. ഗ്രാമീണ മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വനിതകൾ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്കുതകുന്ന തരത്തിലുള്ള വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഖാദി ഗ്രാമ വ്യവസായ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ചുമതലപ്പെടുത്തിയി ട്ടുള്ള സ്ഥാപനമാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്. കേരളത്തിൽ പതിമൂവായിരത്തിലധികം തൊഴിലാളികൾ ഖാദി മേഖലയിൽ തൊഴിൽ എടുക്കുന്നു. ഇതിൽ 99%വും സ്ത്രീ തൊഴിലാളികളാണ്. മാത്രമല്ല, ഖാദിക്കും ഗ്രാമീണ വ്യവസായങ്ങൾക്കും തുല്യ പ്രാധാന്യമാണുള്ളത്. ഈ പശ്ചാത്തലത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഖാദി ബോർഡിന്റെയും സംയുക്ത ഇടപെടലിന്റെ പ്രസക്തി ഏറിവരുന്നത്. 13-ാം പഞ്ചവത്സര പദ്ധതി 'നവ കേരളത്തിന് ജനകീയാസൂത്രണം' എന്ന ആശയം മുന്നിൽ വെച്ചുകൊണ്ട് സംസ്ഥാന സർക്കാർ ആസൂത്രണപ്രക്രിയയ്ക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. സാമൂഹ്യനീതിയിലധിഷ്ഠിതമായ സുസ്ഥിര വികസനം എന്ന ലക്ഷ്യബോധത്തോടുകൂടിയാണ് ജനങ്ങളെ അണിനിരത്തുന്നത്. ഈ അർത്ഥത്തിൽ തന്നെയാണ് ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്ക് പ്രാധാന്യം നല്കിയിട്ടുള്ളത്.

ഗ്രാമീണ മേഖലയിലെ ഉണർവ്വ് , ദാരിദ്ര്യ ലഘൂകരണം, സ്ത്രീ ശാക്തീകരണം, പ്രാദേശിക സാമ്പത്തിക വികസനം, പരമ്പരാഗത വ്യവസായ പുനരുദ്ധാരണം, ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രോത്സാഹനം, പരിസ്ഥിതിക്ക് അനുയോജ്യവും ലളിതവുമായ സംരംഭങ്ങൾ വളർത്തിയെടുക്കൽ, ഗ്രാമീണ മേഖലയിലെ തൊഴിൽ സംരംഭങ്ങൾക്ക് മുൻതൂക്കം നല്കൽ, ഉല്പാദന യൂണിറ്റുകളും സൂക്ഷ്മ സംരംഭങ്ങളും വളർത്തിയെടുക്കൽ തുടങ്ങിയ ഒട്ടേറെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിലൂടെ സാധിക്കും എന്നത് നിസ്തർക്കമാണ്. പ്രാദേശിക സർക്കാരുകൾക്ക് ജനപങ്കാളിത്തത്തോടുകൂടി ഈ മേഖലയിൽ സ്ത്രീ ശാക്തീകരണവും സാമ്പത്തിക പുരോഗതിയും കൈവരിക്കാൻ കഴിയും. നമ്മുടെ സംസ്ഥാനത്തിലെ പ്രാദേശിക സർക്കാരുകൾക്ക് ഉല്പാദനമേഖലയിൽ നിലവിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനും ഈ മേഖലയിലെ സഹായത്തിലൂടെ സാധിക്കും. ഗ്രാമ-നഗര വ്യത്യാസമില്ലാതെ തൊഴിൽ നല്കുന്നതിനും ഈ മേഖല ഉപയോഗപ്പെടുത്താവുന്നതാണ്. ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഖാദി ഗ്രാമ വ്യവസായ മേഖലയിലൂടെ കഴിയും. പരമ്പരാഗത വ്യവസായങ്ങൾ നവീന ശാസ്ത്ര സാങ്കേതിക ഉപാധികൾ ഉപയോഗിച്ച് ആധുനികവല്ക്കരിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കണം.

**ഈ പശ്ചാത്തലത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ഖാദി ബോർഡിന്റെയും സംയുക്ത ഇടപെടലിന്റെ പ്രസക്തി ഏറിവരുന്നത്.**

*കിലയിൽ സംഘടിപ്പിച്ച തദ്ദേശഭരണസ്ഥാപനങ്ങളിലെ ഖാദി ഗ്രാമ വ്യവസായ പ്രോജക്ടുകളുടെ നിർവഹണ സഹായ ശില്പശാല ഖാദി ഗ്രാമവ്യവസായ ബോർഡ് വൈസ് ചെയർമാൻ എം.വി. ബാലകൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു*

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2017-18 വർഷത്തെ മാർഗ്ഗരേഖ സർക്കാർ ഇറക്കിയ മുറയ്ക്ക് അത് സംബന്ധിച്ച് പരാമർശിച്ചുകൊണ്ടും എല്ലാവിധ സഹായങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപന മേധാവികൾക്ക് കത്തയച്ചിരുന്നു. തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രതികരണം ആവേശകരമായിരുന്നു.മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇതിനകം തന്നെ 62 പ്രോജക്ടുകൾക്കായി 812 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും വിവിധ പ്രോജക്ടുകൾ പദ്ധതിരേഖയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. ആധുനികവല്ക്കരണം, വിപണന സൗകര്യം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവർദ്ധനവ്, സേവന ഗുണമേന്മ വർദ്ധനവ്, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിവയെല്ലാം മേല്പറഞ്ഞ പ്രോജക്ടുകളിൽ ഇടംപിടിച്ചിട്ടുണ്ട്. ഇവയെല്ലാം സമയബന്ധിതമായി പ്രാവർത്തികമാക്കാൻ നല്ല ശ്രമം ഉണ്ടാകേണ്ടതുണ്ട്. നിലവിലുള്ള മാർഗ്ഗരേഖ അനുസരിച്ച് ഖാദി ഗ്രാമ വ്യവസായ കമ്മീഷനും ഖാദി ഗ്രാമ വ്യവസായ ബോർഡും നടത്തുന്ന ഉല്പാദനയൂണിറ്റുകൾക്കും അവയുടെ സ്വന്തം സ്ഥലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉല്പന്നങ്ങളുടെയും ഖാദി ഉല്പന്നങ്ങളുടെയും വിപണനശാലകൾ നിർമ്മിക്കുന്നതിനും ഉല്പാദന യൂണിറ്റുകൾക്കാവശ്യമായ തറിയും ചർക്കകളും മറ്റ് നെയ്ത്ത്-നൂല്പ് ഉപകരണങ്ങളും വാങ്ങി നല്കുന്നതിനും തുക വകയിരുത്തി പ്രോജക്ടുകൾ വെയ്ക്കാവുന്നതാണ്. ഇപ്പോൾ പ്രോജക്ടുകൾ നിർദ്ദേശിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അല്ലാത്തവർക്കും ഒരു തവണ കൂടി പ്രോജക്ടുകൾ ഭേദഗതി ചെയ്യാൻ സർക്കാർ അനുവദിക്കുകയാണെങ്കിൽ അതൊരവസരമായി ഉപയോഗപ്പെടുത്തി ഖാദി ഗ്രാമ വ്യവസായ മേഖലയിൽ പുതിയ പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

2018-19 സാമ്പത്തിക വർഷത്തിൽ ഖാദി ഗ്രാമ വ്യവസായ മേഖലയിൽ, എന്തൊക്കെ പ്രോജക്ടുകൾ ഏതൊക്കെ മേഖലയിൽ, എങ്ങനെയൊക്കെ രൂപീകരിക്കാമെന്ന തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നതിനും മറ്റുമായി ഒരു 'പ്രോജക്ട് ക്ലിനിക്ക്' പ്രാരംഭ ദശയിൽതന്നെ സംഘടിപ്പിക്കാനുള്ള സൗകര്യം ഒരുക്കുന്നതാണ്. ഭാവിയിലും സംസ്ഥാനത്തെ ജനപ്രതിനിധികളിൽ നിന്നും ഖാദി ഗ്രാമ വ്യവസായ പുരോഗതിക്ക് ആവശ്യമായ നിർലോഭമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

*ലേഖകൻ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്വൈസ് ചെയർമാനാണ്*

# ...എന്ന് വായനക്കാർ

## കയറെന്ന പ്രകൃതിവിഭവം

കയറിന് ഇങ്ങനെയും ഉപയോഗങ്ങളുണ്ട് എന്നറിഞ്ഞത് പഞ്ചായത്ത്‌രാജ് മാസികയിലൂടെയാണ്. കയർഭ്രവസ്ത്രം ഏതെങ്കിലും ഒരു പ്രദേശത്തു മാത്രമായി ചുരുങ്ങേണ്ടതല്ല. സംസ്ഥാനത്തൊട്ടാകെ ഈ പ്രകൃതിവിഭവം ഫലപ്രദമായി ഉപയോഗപ്പെടുത്തണം. ലേഖകർക്കും പഞ്ചായത്ത് രാജ് മാസികയ്ക്കും അഭിനന്ദനങ്ങൾ.

വിനോദ് രാജ്
മുരിക്കാശ്ശേരി

## ബോധവൽക്കരണസഹായി

പഞ്ചായത്ത്‌രാജ് വ്യവസ്ഥയുടെ കേരളീയമാനങ്ങൾ മനസ്സിലാക്കാൻ സുഹൃത്കുമാറിന്റെ ലേഖനം സഹായിച്ചു. മീസിൽസ് റുബെല്ല. പ്രതിരോധകുത്തിവയ്പിന്റെ പ്രാധാന്യം മാസികയിൽക്കൂടിയും ജനങ്ങൾക്കിടയിലെത്തിച്ചത് നന്നായി. 'ഭ്രതക്കണ്ണാടി' ഇല്ലാത്തതിന്റെ കുറവ് അനുഭവപ്പെട്ടു. ഇനിയും വിജ്ഞാനപ്രദമായ ലേഖനങ്ങളും സൃഷ്ടികളും പ്രതീക്ഷിക്കുന്നു.

വി. രവികുമാർ,
വെമ്പായം

## വിഭവസമൃദ്ധം

ഭാഷാസംബന്ധിയായ ലേഖനങ്ങൾ, കാർട്ടൂൺ, പുസ്തകവിശകലനം, ചലച്ചിത്രപംക്തി - പഞ്ചായത്ത്‌രാജ് ഒക്ടോബർ ലക്കവും മുൻലക്കത്തെപ്പോലെ വിഭവസമൃദ്ധമായി. പേജുകൾ വർദ്ധിപ്പിക്കുകയാണെങ്കിൽ വായനക്കാരുടെ ഇഷ്ടത്തിനിണങ്ങുന്ന പുത്തൻ പംക്തികൾ കൊണ്ടുവരാനാകും. ഈ അഭിപ്രായം മുഖവിലയ്ക്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

കെ.ആർ. സരസ്വതി
പയ്യന്നൂർ

## മികച്ച നിലവാരം

പഞ്ചായത്ത്‌രാജ് മാസികയെന്നാൽ സാധാരണക്കാരന്റെ മാസികയാണ്. എത്ര ഗഹനമായ ഗൗരവമേറിയ വിഷയവും ഏറ്റവും സാധാരണവായനക്കാർക്കും മനസ്സിലാക്കാനും ഉൾക്കൊള്ളാനും പാകത്തിൽ എഴുതി ഫലിപ്പിക്കുന്ന എഴുത്തുകാരാണ് ഈ മാസികയ്ക്കുള്ളത്. തുടർന്നും നിലവാരം നിലനിർത്തണമെന്ന അഭ്യർത്ഥനയോടെ.

എസ്. ആൽബർട്ട്
കല്പറ്റ, വയനാട്

## കണ്ണും കാതും

വീ.സീ.അഭിലാഷ്

## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

**PANCHAYAT RAJ (Monthly)** November 2017
Annual Subscription ₹120, Published on 20November 2017
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17

# ഫോർ ദി പീപ്പിൾ

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

## പരാതിപ്പെടാം...
## ഓൺലൈനിലൂടെ

- പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ് LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Printed & Published by P.Marykutty IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P.Marykutty IAS